# ശീലം.

ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ള അവർകൾ,
ബി. ഏ., ബി. എൽ., എഫ്. എം. യൂ.

എഴുതിയ

## ഒരു പ്രബന്ധം

പ്രസാധകൻ
വി. എം. നാരായണപിള്ള

[illegible]

# ശീലം.

ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ള അവർകൾ,

ബി. ഏ., ബി. എൽ., എഫ്. എം. യൂ.

എഴുതിയ

## ഒരു പ്രബന്ധം

പ്രസാധകൻ
വി. എം. നാരായണപിള്ള

"രാമാനുജൻ" പ്രസ്സ് — ചേൎത്തല

൧-ാം പതിപ്പ് — കാപ്പി ൩൦൦

൧൦൯൦

പകൎപ്പവകാശം, ചേൎത്തല, "ദിവാൻ കൃഷ്ണൻനായർ ഗ്രന്ഥശാല"യ്ക്കുള്ളതാകുന്നു.

വില അണ ൩.

DIWAN KRISHNAN NAIR GRANTHASALA
SHERTALLAI.
*TRAVANCORE*

[stamp]

# അവതാരിക.

"ശീലവതാസ്ത്രീമതാസവ്വംജിതം" (മ. ഭാ.)

ലോകത്തിൽ ഉൽക്കർഷം പ്രാപിയ്ക്കുകയും, നേതൃത്വം വഹിയ്ക്കുകയും, ബഹുമതി ലഭിയ്ക്കുകയും ചെയ്തിട്ടുള്ളവരുടെ ജീവചരിത്രം സൂക്ഷ്മദൃഷ്ട്യാ പരിശോധിയ്ക്കുന്നതായാൽ അവരെല്ലാവരും സുസ്ഥിരമായും, സംസ്കൃതമായുമുള്ള ശീലം സമ്പാദിച്ചിട്ടുള്ളവരാണെന്ന് അറിയാവുന്നതാണ്. ജീവിതത്തിൽ വിജയ പ്രാപ്തിക്കുള്ള രഹസ്യം ഇതൊന്നു തന്നെയാണെന്നുള്ളതിനു സംശയമില്ല. മഹത്തായ കാര്യങ്ങൾ സാധിച്ചിട്ടുള്ളവരും ശീലവാന്മാർ തന്നെയാണ്. മനുഷ്യന് അമൂല്യമായ സ്വത്ത് വല്ലതും ഉണ്ടെങ്കിൽ അതും ഇതുതന്നെയാണ്. എന്നാൽ, ഇതിനെ സമ്പാദിയ്ക്കുന്നവിഷയത്തിലും, സംരക്ഷിയ്ക്കുന്ന വിഷയത്തിലും എത്രപേർ അശ്രദ്ധന്മാരായിരിക്കുന്നു. എന്നുതന്നെയുമല്ല, ധനസമ്പാദനത്തിലും മററും ദത്തചിത്തന്മാരായിരിയ്ക്കുന്ന എത്രയോ പേർ ഇതിനെ നിർദ്ദയം ഭേദിക്കുന്നു. ഇങ്ങിനെയുള്ളവരുടെ ജീവിതം കേവലം മൃഗജീവിതമായിട്ടേ വിചാരിയ്ക്കാൻ പാടുള്ളൂ. "സൌശീല്യം" എന്നുള്ളത് ലോകത്തിൽ പ്രതിഷ്ഠിതമായിരിയ്ക്കുന്ന സന്മാർഗ്ഗനിയമം മനുഷ്യനിൽക്കൂടി പ്രതിബിംബിച്ചുകാണുന്നതാണ്. അത് പ്രകൃതിയുടെ വിശിഷ്ടരൂപമാണെന്നും പറയപ്പെട്ടിരിയ്ക്കുന്നു. ലോകവ്യാപാരങ്ങൾ എല്ലാം സന്മാർഗ്ഗ നിയമമായ അടിസ്ഥാനത്തിന്മേലാണ് സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. അതുകൊണ്ട് നാം

ഠരംശപരോദ്ദേശ്യം അനുസരിച്ച് നടക്കണമെങ്കിൽ ഈ അടിസ്ഥാനത്തിന്മേൽ കാലൂന്നിതന്നെ നില്ക്കേണ്ടതാണ്. ഇങ്ങിനെ ശീലത്തിന്റെ സംസ്കരണവും സ്ഥിരീകരണവും ലോകത്തിൽ എല്ലാവൎക്കും അത്യാവശ്യമായിരിയ്ക്കുന്നു. വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യവും ഇതുതന്നെയാണെന്ന് സൎവ്വസമ്മതമാകുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഠരം വിഷയത്തിൽ വേണ്ടിടത്തോളം ദൂരംവരയ്ക്കും എത്തുന്നില്ലെന്നാണ് പൊതുജനാഭിപ്രായം. പല മഹാന്മാരും ഠരം ന്യൂനതയെ പരിഹരിയ്ക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ ആലോചിച്ചും വരുന്നുണ്ട്. ഇന്നത്തെ വിദ്യാൎത്ഥി നാളത്തെ പൌരനായിരിയ്ക്കുന്നതുകൊണ്ട് സൌശീല്യബീജങ്ങൾ ആദ്യമായി വിദ്യാൎത്ഥികളിൽ വിതയ്ക്കുകയും, അങ്കുരിപ്പിയ്ക്കുകയും, പോഷിപ്പിയ്ക്കുകയും ചെയ്താൽ മാത്രമേ അവർ ലോകത്തിൽ ഉത്തമന്മാരായിത്തീരുകയുള്ളു. സന്മാൎഗ്ഗവിദ്യാഭ്യാസം, അഥവാ, സൌശീല്യ സ്ഥിരീകരണം ഒരു ദുൎഘടനിബിഡമായ വിഷയമായിട്ടാണ് വിചാരിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. അനേകം "കലാകലാപാലോചന കഠോരമതി"കളായുള്ളവൎക്കും, മഹാന്മാൎക്കും ഒരു ആക്ഷേപരഹിതമായ മാൎഗ്ഗം കണ്ടുപിടിയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. എങ്കിലും, സന്മാർഗ്ഗതത്വങ്ങളും, സൌശീല്യത്തിന് ഉത്തമദൃഷ്ടാന്തങ്ങളും അടങ്ങിയിരിയ്ക്കുന്ന പുസ്തകങ്ങൾ ധാരാളം വൎദ്ധിപ്പിയ്ക്കുകയും, വിദ്യാൎത്ഥികളെ പരിശീലിപ്പിയ്ക്കുകയും ചെയ്യുന്നത് ഒരു ഉത്തമമാൎഗ്ഗമാണെന്ന് എല്ലാവരും സംവദിയ്ക്കുന്നുണ്ട്. അതുകൊണ്ട് ദിവാൻ ബഹദൂർ ഏ-ഗോവിന്ദപ്പിള്ള അവർകളുടെ 'ശീലം' എന്ന ഈ പുസ്തകത്തിന്റെ ആവിർഭാവം കാലോചിതവും അവസരോചിതവും ആണെന്നുള്ളതിന് തൎക്കമില്ല. വിദ്യകൊണ്ടും, ലോകപരി-

ജ്ഞാനംകൊണ്ടും പരിപക്വബുദ്ധിയും, സാഹിത്യവിഷയത്തിൽ നിരന്തരപരിശ്രമിയും, സൌശീല്യത്തിന് ഒരു സജീവ ദൃഷ്ടാന്തവും, വിദ്യാൎത്ഥികളുമായി അടുത്തിടപെട്ടിട്ടുള്ള ഒരാളും ആയ ഇദ്ദേഹത്തിൽനിന്നും പുറപ്പെടുന്ന ഉപദേശങ്ങൾ സൎവ്വഥാ അനുകരണീയങ്ങളല്ലാതെ വരാൻ തരമില്ലല്ലോ. വിശേഷിച്ചും, ഈ പുസ്തകം 'സ്മൈൽസ്" എന്ന് പ്രസിദ്ധനായ ആംഗ്ലേയ ഗ്രന്ഥകൎത്താവ് എഴുതീട്ടുള്ള "Character" എന്ന ആ ഗ്രന്ഥരത്നത്തിന്റെ രീതിയിലും അതിനെ അടിസ്ഥാനപ്പെടുത്തിയും എഴുതീട്ടുള്ളതാണെന്ന് കാണുന്നു. ഇതു് പുസ്തകത്തിന്റെ ഗുണത്തെ ദ്വിഗുണീഭവിപ്പിക്കുന്നു എന്നുമാത്രമേ പറവാനൊള്ളു. ഇങ്ങിനെയുള്ള പുസ്തകങ്ങൾ മലയാളഭാഷയിൽ വൎദ്ധിച്ചുകാണ്മാൻ ഞാൻ ഹൃദയപൂൎവ്വം ആഗ്രഹിയ്ക്കുന്നു.

പറവൂർ,
൨൦-൭൦-൯൦.

ആർ. ഈശ്വരപിള്ള.

# മുഖവുര.

ബാലന്മാരിൽ, സ്വഭാവമുദ്രയായ ശീലം എന്നതു്, ചെറുപ്പത്തിലേ അങ്കുരിപ്പിക്കേണ്ടതു്, ഭാവിജനസമുദായ പരിഷ്കരണത്തിന്റെ ഒരു സാരാംശമാകുന്നു. അതിലേയ്ക്കായ് പൂർവ്വപശ്ചിമ രാജ്യങ്ങളിലുള്ള പുരാതനാധുനികങ്ങളായ പ്രമാണങ്ങളും മഹദ്വൃത്തങ്ങളും മററും ശേഖരിച്ചു്, "സ്മയിൽസ്ക്യാറക്ടർ" എന്ന ഗ്രന്ഥത്തിന്റെ രീതി അനുസരിച്ചു് സംഗ്രഹമായി ഈ പ്രബന്ധം രചിച്ചിട്ടുള്ളതാകുന്നു. വായനക്കാർക്കു് അപരിചിതന്മാരായി വരാവുന്ന ആളുകളുടെ ചുരുക്കമായ വിവരണങ്ങൾ യഥാക്രമം ചുവട്ടിൽചേർത്തിട്ടുണ്ടു്.

൧൦൬൦ മകരം<br>
തിരുവനന്തപുരം

എ. ഗോവിന്ദപ്പിള്ള<br>
പ്രബന്ധ കർത്താവ്.

# ശീലം.

"വ്യക്ത പുരുഷസ്വഭാവത്തിൽ പ്രകാശിയ്ക്കുന്ന ധാൎമ്മികക്രമമാകുന്നു ശീലം. ശീലമുള്ളവർ തദീയ ജനസമുദായത്തിൻെറ മനഃസാക്ഷിയാകുന്നു." (൧) എമർസൺ.

"ഒരു രാജ്യത്തിൻെറ അഭിവൃദ്ധിയ്ക്കു് ആധാരമാകുന്നതു് അതിലെ മുതലെടുപ്പും, ദുൎഗ്ഗബലങ്ങളും, സുഭഗാലയങ്ങളും അല്ല; എന്നാൽ, അതിലുള്ള പരിഷ്കൃത പൌരന്മാരും, ജ്ഞാനശീല വിദ്യാഭ്യാസസമ്പന്നന്മാരും തന്നേയാകുന്നു. ഇവരിൽ തന്നേയാണു് അതിൻെറ സൂക്ഷ്മമായ സ്വാൎത്ഥവും, പ്രധാനമായ ബലവും, യഥാൎത്ഥമായ ശക്തിയും പ്രകാശിയ്ക്കുന്നതു്." (൨) മാൎട്ടിൻലൂതർ.

---

(൧) അമേരിക്കയിലെ ഒരു കവിയും, പ്രബന്ധകൎത്താവും, തത്വദൎശിയും; ആംഗ്ലേയ ധൎമ്മശാസ്ത്രജ്ഞനായ കാൎല്ലൈലിൻെറ സഹജീവിയും സമഭാവനും സുഹൃത്തും. വാഴ്ച ക്രിസ്തുശതാബ്ദം ൧൯-ൻെറ അന്ത്യഭാഗപൎയ്യന്ത്യം.

(൨) ജൎമ്മനിയിൽ പുത്തൻ ക്രൂരമതം ഉദ്ദീപിപ്പിച്ച അതിധീരനായ ഒരു ക്രിസ്തീയൻ ശ്രമണൻ. ജൎമ്മൻ ചക്രവൎത്തി ചാറത്സ് പഞ്ചമൻെറ കാലത്തു് റോമിലെ പോപ്പിൻെറ ബഹിഷ്കാരകല്പനയെ വിട്ടൻബൎഗ്ഗ് നഗരത്തിൽ പരസ്യമായി ചുട്ടെരിച്ച നാൾ മുതൽ ടി മതം ജൎമ്മനിയിൽ വ്യാപിച്ചു് പോപ്പിൻെറ മതാധിപത്യം നശിച്ചു. വാഴ്ച ക്രി. ശ. ൧൬-ൻെറ മദ്ധ്യം വരേ.

"കീൎത്തിപ്ലോനായ് സ്വകീയം ഗുണമപരഗുണ-
ഖ്യാപനേ, താഴ്ന്നുപൊങ്ങി,
സ്വാൎത്ഥം പോററുന്നതോടേ വിപുല ഹിതകരോ-
ദ്യോഗിയായിപ്പരാൎത്ഥ
മൃഷ്ടിച്ചാക്ഷേപമോതും കടുരവ ഖലരെ-
ക്ഷാന്തിയാൽ താൻപഴിച്ച-
ത്യാശ്ചൎയ്യം വാഴുവോനാം ഗുണി ജനമതനാ-
മാക്കവൻ പൂജ്യനാകാ?"

ഭൎത്തൃഹരി നീതിശതകം ശ്ലോകം ൬൦.

"സത്യം ചൊല്ലുക സാധുവൃത്തി ചരണം-
പാപേ നിരാസക്തതാ,
വിദ്വത്സേവ വിതൃഷ്ണനാക മദജിത്തായ്-
ക്ഷാന്തി സംസേവനം
ആൎത്ത പ്രാൎത്ഥ പൂജ്യപൂജ, നിജ സദ്-
ഭാവോക്തി വിച്ഛേദനം
കീൎത്തി ത്രാണമരാതി നേക്കു മരുളി—
കൃത്യാളി സല്ലക്ഷണം."

ടി. ശ്ലോകം ൭൭.

"തനുമനവചനങ്ങൾ പുണ്യ പൂൎണ്ണങ്ങളാക്കി-
ത്രിഭുവനമുദമാൎജ്ജിച്ചാത്മ കൃത്യങ്ങളാലേ
ലഘുക പരഗുണത്തെ ഭൂരിയായെണ്ണി നിത്യം
വികസിതമകമാളും സൽഗുണർ ദുല്ലഭന്മാർ."

ടി. ശ്ലോകം ൭൯

ഈ പ്രബന്ധത്തിനു വിഷയമായ "ശീലം" എന്നതു് സദ്വൃത്തി, അല്ലെങ്കിൽ, സന്മാൎഗ്ഗമാകുന്നു. സല്ലക്ഷണമായി ഭൎത്തൃഹരിയുടെ ൭൭-ാംശ്ലോകത്തിൽ പറയുന്ന പന്ത്രണ്ടു് അംഗങ്ങളും ശീലത്തിൻെറ സാരാംശങ്ങൾതന്നേ എങ്കിലും,

അതിന് അന്യാംഗമില്ലെന്ന് ഊഹിച്ചുകൂട. അങ്ങനെ ഊഹിയ്ക്കുന്നതായാൽ ലോകോപകാരാത്ഥം അനേകമഹാത്മാക്കൾ ചെയ്യുന്ന വിശിഷ്ടകൃത്യങ്ങൾ ശീലത്തിൽ ഉൾപ്പെടുന്നവയല്ലെന്നു വരും. പൂനാ ദേശത്ത് ഗോഖലെ അവർകളാൽ സ്വജനസേവനത്തിനായി സ്ഥാപിയ്ക്കപ്പെട്ടു നടത്തിവരുന്ന "സേവാസദനം" എന്ന സ്ഥാപനത്തിന്റെ പ്രവൃത്തികളും, തെക്കേ ആഫ്രിക്കയിൽ ഗന്ധി അവർകൾ ഇന്ത്യാസമുദായ ഗുണത്തിനായി ചെയ്തു കൊണ്ടിരിയ്ക്കുന്നതും, ഇപ്പോൾ ഫലോന്മുഖമായി ത്തീന്നിരിയ്ക്കുന്നതുമായ പ്രയത്നങ്ങളും, ആ സമുദായത്തിന്റെ ലൌകികാത്മീയാഭിവൃദ്ധിയ്ക്കായി ആനിബസൻറ് അമ്മ ചെയ്തുവരുന്ന അസാമാന്യ ശ്രമങ്ങളും, പൊതുവിൽ ലോകോപകാരാത്ഥം രക്ഷണസൈന്യക്കാർ ചെയ്യുന്ന യത്നങ്ങളും ശീലഗുണത്തിൽ ഉൾപ്പെടുന്നവയല്ലെന്നു വരും. സത്തുക്കളുടെ വൃത്തികളിൽ അഗ്രേസരങ്ങളായി ഗണിയ്ക്കേണ്ടവയും, ഒരം വിധം കത്തൃത്വ ലക്ഷണമുള്ളവയും ആയ പരോപകാര കൃത്യങ്ങൾ വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശ്യങ്ങളായിരിയ്ക്കേണ്ടതാകയാലും, കേവലം കമ്മത്വ ലക്ഷണം വഹിയ്ക്കുന്ന മേൽ പറഞ്ഞ പന്ത്രണ്ടു വൃത്തികളിൽ ഇവ ചേരുന്നതല്ലാത്തതിനാലും ഭർത്തൃഹരിയുടെ ൬൨-ാംശ്ലോകം ശീലം എന്നതിന്റെ പൂണ്ണവിവരണമായി ഗണിച്ചുകൂട. സ്വാത്ഥം പുലത്തുന്നതിനോടുകൂടി പരാത്ഥത്തിനായി വിപുലഹിത കരോദ്യോഗ പ്രവത്തകൻ സവ്വപൂജ്യനാകുമെന്ന് ൬൦-ാം ശ്ലോകത്തിലും, തന്മനവചനങ്ങൾ പുണ്യ പൂണ്ണങ്ങളാക്കി സ്വകൃത്യങ്ങളാൽ ഭുവനസന്തുഷ്ടി വരുത്തുന്നവൻ ദുല്ലഭസൽഗുണനാണെന്ന് ൬൯-ാംശ്ലോകത്തിലും ഭർത്തൃഹരിതന്നേ പറഞ്ഞിരിയ്ക്കുന്നതു കൊണ്ടു് ഇതു് സ്പഷ്ടമാകുന്നതാണ്. അതിനാൽ, ൬൨-ാംശ്ലോകത്തിൽ പറഞ്ഞിരിയ്ക്കുന്ന ഗുണങ്ങ-

ളോട്ട് പരോപകരിഷ്ണുതയും കൂടി ശീലം എന്ന വിഷയത്തിൽ അടങ്ങുന്നതും, എമർസൻേറയും ലൃതറിൻേറയും വാക്യങ്ങളും വ്യാഖ്യെയങ്ങളും അതിന്ന് ആധാരമായിരിയ്ക്കുന്നതും ആകുന്നു. സൂക്ഷ്മാന്വേഷണത്തോടും, ഉന്നതവൃത്തിയോടും കൂടി വർത്തിച്ച് ജീവിതത്തിൻെറ ഉത്തമഫലങ്ങളെ അന്യന്മാരുമായി പങ്കിട്ടനുഭവിയ്ക്കുന്ന മഹാത്മാക്കളാകുന്നു നമ്മുടെ ജനസമുദായത്തിൻെറ വൎദ്ധനയ്ക്കായി വേണ്ടിയിരിയ്ക്കുന്നത്. അതിലേയ്ക്കായി മേൽപറഞ്ഞ ലക്ഷണങ്ങളോടു കൂടിയ ശീലത്തെ ചമയ്ക്കുന്നതാകുന്നു വിദ്യാഭ്യാസത്തിൻെറ മുഖ്യ ഉദ്ദേശം. ഇങ്ങനെയുള്ള ശീലത്തിൻെറ അംഗങ്ങളെ ഉദാഹരണങ്ങളോടു കൂടി ഒരു പ്രബന്ധത്തിൽ വിവരിയ്ക്കാൻ തുടങ്ങുന്നു.

ശീലത്തിൻെറ ഉപാംഗങ്ങളായി മററുചില കാൎയ്യങ്ങളും ഉണ്ടെങ്കിലും താഴേ പറയുന്ന ഏഴു മുഖ്യാംഗങ്ങളെ മാത്രം ഭാഗശഃ ഒരു പ്രബന്ധത്തിൽ വിവരിയ്ക്കുന്നു.

൧. ശീലബലം. ൪. പ്രവൃത്തി.
൨. ഗൃഹ്യാഭ്യസനം. ൫. ധൈൎയ്യം.
൩. സംസൎഗ്ഗവും, അനുകരണവും. ൬. ആത്മഭരണം.
൭. കൃത്യധൎമ്മവും സത്യവും.

## ൧. ശീലബലം.

ലോകത്തിൽ, ശീലമെന്നത് വളരെ ബലമേറിയ ഒരു ശക്തിയാകുന്നു. അതിൻെറ ഉന്നതാവസ്ഥയിൽ അത് മാനുഷ്യത്തിൻെറ ഉത്തമലക്ഷണത്തേ കാണിയ്ക്കുന്നു. ഉദ്യമം, സത്യം, മഹാശയത്വം, ഋജുത്വം എന്നീ ഗുണങ്ങളുള്ളവരെ ലോകർ സ്വയമേ ബഹുമാനിയ്ക്കുന്നു. ഇപ്രകാരമുള്ളവരെ വിശ്വസിച്ച് കണ്ടു പഠിയ്ക്കുന്നത് സ്വസാ-

ധാരണവുമാണ്. ലോകത്തിലുള്ള നല്ല കാര്യങ്ങൾക്കെല്ലാം അവർ ആധാരവും, അവർ ഇല്ലാഞ്ഞാൽ ലോകനിവാസം സ്പൃഹണീയമല്ലാത്തതും ആകുന്നു. ഒരു മഹാമേധാവി വിസ്മയനീയനാകാം; എന്നാൽ, പൂജ്യനാകുന്നത്, ശീലവാൻ തന്നേ ആകുന്നു. മേധാവി തലച്ചോറിന്റെ ശക്തിയേയും, ശീലവാൻ ഹൃദയത്തിന്റെ ശക്തിയേയും പ്രദർശിപ്പിയ്ക്കുന്നു. കാലക്രമേണ, ജീവിതത്തിൽ ശക്തികൂടുന്നത് ഹൃദയത്തിനുതന്നേയാണ്. ഒരു മേധാവി ജനസമുദായത്തിന്റെ ബുദ്ധിയും, ഒരു ശീലവാൻ അതിന്റെ മനഃസാക്ഷിയും ആകുന്നു. ജനങ്ങൾ മഹാബുദ്ധിമാനേ കണ്ട് ആശ്ചര്യപ്പെട്ടേക്കും എങ്കിലും, അവർ അനുസരിയ്ക്കുന്നത് ശീലവാനേ തന്നേയാകുന്നു. മഹാമേധാവിത്വം അപൂർവ്വവും, സർവ്വസാധ്യമല്ലാത്തതും ആണ്. എന്നാൽ, ശീലത്തിന്റെ പൂർണ്ണസിദ്ധിയായ സ്വകൃത്യാനുഷ്ഠാനം സർവ്വസാധ്യവും, അതില്ലാത്ത മേധാവിത്വം തീരെ വിലമതിയ്ക്കപ്പെടാത്തതും ആയിരിയ്ക്കും.

ശീലോന്നതി, ധനത്തിനെ ആശ്രയിയ്ക്കുന്നതല്ല; പക്ഷേ, ധനം പലപ്പോഴും അതിന് വിരോധിയായും വരാം. ഉൽകൃഷ്ട ശീലം നിർദ്ധനന്മാരിലും കാണാമെന്നുള്ളതിന് ലൂഥർ തന്നേ ദൃഷ്ടാന്തമായിരിയ്ക്കുന്നു. തന്റെ ശീല ദാർഢ്യത്താൽ, യൂറോപ്പിൽ മത പരിഷ്കരണ കേസരിയായി, സ്വരാജ്യ സ്വഭാവത്തിന്റെ നേതാവായി വിലസുന്ന ഇദ്ദേഹം കടച്ചിൽപ്പണിയും മററും കൊണ്ട് അരിഷ്ടിച്ച് ഉപജീവനം കഴിച്ചു വന്നിരുന്നു. ജർമ്മനിയിലെ രാജാക്കന്മാർപോലും ഇദ്ദേഹത്തോളം പൂജ്യന്മാരായി തീർന്നില്ല. (ന)എപിക്ക്റററീട്ടസ്സിന്റെ ദർശനം സ്വല്പം ഗ്രഹിയ്ക്കുന്നതിനു ചെന്ന

(ന) ഒരു യാവന തത്വജ്ഞാനി; ഇദ്ദേഹം നീറോ ചക്രവ-

ഒരു മഹാൻ അദ്ദേഹത്തിൻെറ തത്വങ്ങളെ അനുഷ്ഠിച്ചാൽ താൻ ഇരപ്പാളി ആയിപ്പോകുമെന്നു് പറഞ്ഞു് ആക്ഷേപിച്ചതിനു്, "നിങ്ങൾക്കു് വെള്ളിപ്പാത്രങ്ങൾക്കും മററും അപേക്ഷയുണ്ടു്. ചക്രവർത്തിയുടെ സേവയ്ക്കും നിങ്ങൾക്കു് ആവശ്യമുണ്ടു്. എനിയ്ക്കു് ഒരം രണ്ടും ഇല്ലാത്തതിനാൽ ഞാൻ നിങ്ങളേക്കാൾ ധനികൻ തന്നേ. നിങ്ങളുടെ പാത്രങ്ങൾ രജതമയങ്ങളാണെങ്കിലും യുക്തികളും പ്രമാണങ്ങളും കാംക്ഷകളും എല്ലാം മൺമയങ്ങളായിരിയ്ക്കുന്നു. നിങ്ങൾക്കു് വളരേ ഒക്കെ ഉണ്ടെങ്കിലും അവയൊന്നും മതിയാകാതെ നിങ്ങൾ അതൃപ്തനായിരിയ്ക്കുന്നു. എനിയ്ക്കുള്ളതെല്ലാം ഞാൻ വലുതായി മതിച്ചു് തൃപ്തനായിരിയ്ക്കുന്നു." എന്നിങ്ങനെ എപിക്ക്ററീട്ടസ്സ് ഉത്തരം പറഞ്ഞിട്ടുള്ളതും ശീലസമ്പന്നൻെറ ലക്ഷണം കാണിയ്ക്കുന്നു. ഉൽകൃഷ്ട പുരുഷത്വത്തിൻെറ ആധാരമായ സത്യവും, വിവേകത്തോടു ചേൎന്ന അടക്കവും, ക്ഷമയും, അഭ്യാസവും കൊണ്ടു് അതിബുദ്ധിയാൽ ലഭിയ്ക്കാവുന്നതിനേക്കാൾ അധികം ജീവിതക്ഷേമം സിദ്ധിയ്ക്കുന്നതാണു്. മനുഷ്യൻ സത്യത്തിൽ അവസ്ഥാകൎത്താവാണു്; അവസ്ഥാകൃതനല്ല. അതിനാൽ, നിത്യം ജാഗരൂകനായിരുന്നു്

ൎത്തിയുടെ സേവകൻേറ ഒരു അടിമയായ മോണ്ടിയായിരുന്നു; ഇദ്ദേഹം "സ്റ്റോയിക്കു്" എന്ന ദൎശനം (മനുഷ്യൻ സുഖദുഃഖങ്ങളിൽ നിശ്ചലമനസ്കനായി പ്രാകൃതവൃത്തിയേ തൃപ്തനായനുഷ്ഠിക്കണം എന്ന മതാനുസരണത്തോടു കൂടി സീനോവിനാൽ സ്ഥാപിക്കപ്പെട്ട ദൎശനം) ആചരിച്ചിരുന്നു. മനുഷ്യൻേറ സാരാംശം ഇച്ഛയാണെന്നും, അതു് സ്വതന്ത്രമാണെന്നും അതിനെ നയിക്കുന്ന മനഃസാക്ഷി ഈശ്വരാംശമാണെന്നും ആയിരുന്നു ഇദ്ദേഹത്തിൻേറ മതം. വാഴ്ച ക്രി. ശ ൧-ൻേറ മദ്ധ്യകാലം.

വിശുദ്ധ ഹൃദയത്തോടു കൂടി ഊൎജ്ജിതമായി ആത്മഭരണം ശീലിച്ചാൽ, അനേകം വിഘ്നങ്ങളും പ്രേരണകളും തട്ടേണ്ടി വന്നാലും അഭ്യാസത്താൽ മേൽ പറഞ്ഞ ഗുണങ്ങൾ സിദ്ധിയ്ക്കാവുന്നതാണ്. വിക്റേറാറിയാ മഹാരാജ്ഞിയുടെ വല്ലഭനായിരുന്ന (൪) പ്രിൻസ് ആൽബർട്ട് ഒരു വിദ്യാശാലയിലേയ്ക്കു് ഒരു സമ്മാനം നിശ്ചയിച്ചതിൽ അതു് കൊടുക്കേണ്ടതു് അതി ബുദ്ധിമാനോ, അതി പ്രയത്ന ശീലനോ, അതി സൂക്ഷ്മഗ്രാഹിയ്ക്കോ അല്ലെന്നും, വിശാല മനസ്കതയുടേയും മഹാശയത്വത്തിന്റേയും ലക്ഷണങ്ങൾ ഉള്ളവനു തന്നേ ആയിരിയ്ക്കണമെന്നും കല്പിച്ചതു് ഒരം അഭിപ്രായത്തിന് സാക്ഷിയാകുന്നു. ഒരം ലക്ഷണങ്ങളുള്ളവർ സ്വന്തമായി ശ്രമിയ്ക്കുന്നതായാൽ ഒട്ടന്ന വെള്ളത്തിന് നില വെള്ളത്തേക്കാൾ തെളിവുണ്ടാകുന്നതുപോലെ അവൎക്ക് ഉത്തമ പുരുഷത്വം തെളിഞ്ഞു വരുന്നതാണ്. ഇങ്ങനെ തേറുന്നവരുടെ കൃത്യങ്ങളും വചനങ്ങളും അന്യന്മാരിൽ വ്യാപിച്ച് ലൂതർക്ക് എന്ന പോലേ അവൎക്ക് ഒരുവിധം ചിരംജീവിതത്വം സിദ്ധിയ്ക്കുന്നു. എന്നാൽ, മേൽ പറഞ്ഞ ഊൎജ്ജിതം മഹാശയത്തോട് ചേൎന്നവനേ ഒരം ഫലം സിദ്ധിയ്ക്കൂ. അതില്ലാത്ത കൃത്യോൎജ്ജിതം, പക്ഷേ ഒരു ദോഷാവതാരമായി അവസാനിയ്ക്കുന്നതാണ്.

എന്നാൽ, ധൎമ്മബുദ്ധിയോടു ചേൎന്ന ഊൎജ്ജിതം വ-

(൪) കലാവിദഗ്ദ്ധൻ; വിശിഷ്ട ശീലൻ; ഗ്രഹ്യാഭ്യസനത്തിൽ സമൎത്ഥൻ; എഡ്വർഡ് ചക്രവൎത്തിയുടെ പിതാവും അദ്ധ്യാപകനും; ൧൮൫൧-ലെ മഹാപ്രദൎശനത്തിന്റെ നേതാവ്; ൪൨-ാം വയസ്സിൽ ൧൮൬൧-ാ മാണ്ടു് പരലോക പ്രാപ്തനായി.

ഹിയ്ക്കുന്നവൻ മഹാമനസ്കനായി പ്പരിണമിയ്ക്കും.(ള)ഫ്ാ-ക്ക്സ് എന്ന വാഗീശ്വരൻ ഇതിലേയ്ക്ക് ഒരു ദൃഷ്ടാന്ത മാണ്. ഒരിയ്ക്കൽ അദ്ദേഹം കുറേ പവൻ എണ്ണി തിട്ട-പ്പെടുത്തിക്കൊണ്ടിരിക്കുന്നതു കണ്ടു, പത്ര പ്രകാരം പണം ചെല്ലേണ്ടവനായ ഒരു വ്യാപാരി പണത്തിന് ആവശ്യ പ്പെട്ടു. അതിന് അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരം ആയിരുന്നു:—"നിങ്ങളുടെ കടത്തിന് പ്രമാണമുണ്ടല്ലൊ. (ന്ന)ഷെരിഡൻ പിൻ കടക്കാരനാണെങ്കിലും അയാൾക്ക് പ്രമാണമില്ലാത്തതിനാൽ ഠരം പണം അയാൾക്കു തന്നേ കൊടുക്കണം." അപ്പോൾ വ്യാപാരി തന്റെ പത്രത്തേ കീറിക്കളകയാൽ, "ഇപ്പോൾ നിങ്ങളും പ്രമാണമില്ലാത്ത-വനായതോടു കൂടി മുൻ കടക്കാരനായതുകൊണ്ടു, ഠരം പ-ണം മര്യാദയ്ക്കു നിങ്ങൾക്കു തന്നേ തരേണ്ടതായിരിക്കുന്നു" എന്നു പറഞ്ഞു് ആ കടക്കാരനു തന്നേ പണം കൊടുക്ക-യും ചെയ്തു.

സുശീലന്, മേൽ പ്രസ്താവിച്ച ഊൎജ്ജിതത്തോടു കൂടി ബലമായ മനഃസാക്ഷിയും, ഭൎത്തൃഹരിയുടെ വ്വ ഠം ശ്ലോ-

(ള) ഇംഗ്ലണ്ടിൽ പലപ്പോഴും മന്ത്രിസഭയിൽ ഒരു അംഗമാ-യിരുന്ന മഹാമനസ്കനും ദീൎഘദൎശിയും ആയ ഒരു വാ-ഗീശ്വരൻ; അടിമ വ്യാപാരം നിറുത്തൽ ചെയ്യുന്നതി-നും മററനേകം ലോകോപകാര കൃത്യങ്ങൾക്കും ഉദ്യു-ക്തൻ; ഗവൎണ്ണർ ജനറലായിരുന്ന വ്വാറൻ ഹേസ്റ്റിങ്സി-ന്റെ അപരാധാരോപകന്മാരിൽ ഒരുവൻ. വാഴ്ച ക്രി. ശ ൧വ്വ-ന്റെ അന്ത്യം.

(ന്ന)ആംഗ്ലേയനാടകകൎത്താവും വാഗീശ്വരനും; ഫ്ാക്ക്സി-ന്റെ സഹജീവി; ഹേസ്റ്റിങ്സിന്റെ അപരാധാരോ-പകന്മാരിൽ ഒരാൾ.

കത്തിൽ പറഞ്ഞിട്ടുള്ള "പൂജ്യപൂജ"യും ഉണ്ടായിരിക്കും. ആദ്യം പറഞ്ഞ ലക്ഷണത്തോടു കൂടിയാണ് (൧) ക്രാംവെൽ ഒരു ഭടയോഗം തിരിഞ്ഞെടുത്തു് മഹാവിപ്ലവങ്ങളെ ജയിച്ച് രാജ്യാധികാരം കൈ ഏററതു്. രണ്ടാമതു പറഞ്ഞ ലക്ഷണമുള്ളവൻ പൂർവന്മാരും സഹജീവികളും ആയ മഹത്തുക്കളെ യഥായോഗ്യം സ്മരിക്കയും ബഹുമാനിക്കയും ചെയ്യും. ഈ ഗുണമില്ലാത്തവർ ഈശ്വര മാഹാത്മ്യവിശ്വാസം ഇല്ലാത്തവരായ് പരിണമിക്കും. പൂജിത പൂജയിൽ നിന്നാകുന്നു മനുഷ്യർക്ക് തങ്ങളിലും ഈശ്വരനോടും ബന്ധമുണ്ടാകുന്നതു്. അതുതന്നേ ആകുന്നു പരമാർത്ഥത്തിൽ മതവിശ്വാസമെന്നു പറയുന്നതു്.

"ഊർജ്ജിതനും, അരിവിയും തന്നത്താനേ പാതയുണ്ടാക്കിക്കൊള്ളും" എന്നൊരു ചൊല്ലുണ്ടു്. അതുപോലെ

(൧) ഇംഗ്ലണ്ടിൽ, ചാരത്സ് പ്രഥമന്റെ കാലത്തുണ്ടായ തെരക്കങ്ങളാൽ, ജനങ്ങൾ രാജാവിനെ മറത്തതിൽ ജനസമുദായ സൈന്യം നിർമ്മിച്ച്, അനേകം യുദ്ധങ്ങളിൽ രാജകക്ഷിയേ തോല്പിച്ച്, ജനദ്രോഹിയായ രാജാവിൽ മരണശിക്ഷ നടത്തി, "ജനയോഗരക്ഷകൻ" എന്ന സ്ഥാനം വഹിച്ച്, അത്യൂർജ്ജിതമായി നാലു വർഷം രാജ്യഭാരം നടത്തിയ ഒരു അസാമാന്യധീര പുരുഷൻ. ഇദ്ദേഹം മഹാശയനും, മഹാമനസ്കനും, ഭക്തനും ആയിരുന്നു. യൂറോപ്പിൽ ആധുനികന്മാരുടെ ഇടയിൽ ഏകദേശം നെപ്പോളിയനോട് സദൃശനായി ഗണിക്കാൻ തക്ക ഊർജ്ജിതവും ശക്തിയും ഇദ്ദേഹത്തിനുണ്ടായിരുന്നു. അസാദ്ധ്യമായി യാതൊന്നും ഇല്ലെന്നായിരുന്നു രണ്ടുപേരുടേയും അഭിപ്രായം. (൧൬൫൮ സെ. ൩) വാഴ്ച. ക്രി. ശ. ൧൭-ന്റെ പൂർവാർദ്ധം.

ഉൗജ്ജിതൻ തുറക്കുന്ന വഴിയേ ബദ്ധക്കൾ തുടൎന്നിട്ടു് അവ-
രുടേ വിശിഷ്ടപൌരുഷം ജനവ്യാപകമായിത്തീരും. ഇതി-
ലേയ്ക്കു് ഉദാഹരണങ്ങളായി, ലൂതറിനേയും, ക്രാംവെല്ലി-
നേയും കൂടാതേ, (വ്യ)വാഷിങ്ങ്ടനേയും, (ൻ)വെല്ലിങ്ങ്ടനേയും
പറയാവുന്നതാണു്.

(വ്യ.)വടക്കേ അമ്മേരിക്കയിലേ ഐക്യസംസ്ഥാനം (യുണൈററഡ് സ്റ്റേററ്സ്) ഇംഗ്ലണ്ടിൻെറ ഒരു അംഗമായിരുന്നകാലം, ൧൭൭൬-ൽ സ്വാതന്ത്ര്യത്തിനു് യുദ്ധം ആരംഭിച്ചതുമുതൽ ൨൦ വൎഷത്തിനിടയിൽ സേനാനായകനായും, മൂന്നു പ്രാവശ്യം രാജ്യയോഗനായകനായും(പ്രസിഡണ്ടു്) സ്വജനസമുദായത്തേ സൎവ്വസമ്മതപൂൎവ്വം നയിച്ചു ഒരു വിശിഷ്ടധീരപുരുഷൻ; ഇക്കാലത്തു് തൻേറ ജോലികൾക്കു് യാതൊരു പ്രതിഫലവും വാങ്ങാതേ, രാജസ്ഥാനം പ്രദാനം ചെയ്യപ്പെട്ടതുപോലും സ്വീകരിക്കാതേ, ഈ മഹാത്മാവു് കൃഷിവൃത്തിയാൽ ജീവിതം കഴിച്ചു. വാഴ്ച. ക്രി. ശ. ൧൭൯൯-ൻേറ അന്ത്യം.

(ൻ.) ഇംഗ്ലണ്ടിലെ അതിപ്രസിദ്ധനായ സേനാനായകൻ; ൨൭-ാംവയസ്സിൽ (൧൭൯൭-ൽ) ഇന്ത്യയിൽ ഉദ്യോഗസ്ഥനായി (പട്ടാളത്തിൽ)വന്നു; ൧൭൯൯-ൽ ടിപ്പുവിനേ അടക്കാനുണ്ടായ ശ്രീരംഗ പട്ടണത്തിൻേറ രോധത്തിൽ ഉപസേനാധിപനായി. ൧൮൦൩-ൽ മ്രാട്ട്യന്മാരേ അസ്സെയിൽ വച്ചു തോല്പിച്ചു; ൧൮൦൮-ൽ സ്പെയിനിൽ, നെപ്പോളിയൻേറ പടയുടെ ആക്രമണം തടുത്തു; ൧൮൧൫-ൽ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയനേ തോല്പിച്ചു് അയാളുടെ അധഃപതനം വരുത്തി; പിന്നീടു്, ഇംഗ്ലണ്ടിൽ മന്ത്രിസ്ഥാനവും വഹിച്ചു. ഇദ്ദേഹം വിശിഷ്ടവിധാനകനായ ധീരപുരുഷനും, അഭേദ്യകൃത്യനിഷ്ഠനായ ഒരു മഹാത്മാവും ആയിരുന്നു. ൧൮൫൨-ൽ മരിച്ചു.

ചിലപ്പോഠം വിശിഷ്ടപുരുഷന്മാരാൽ മന്ത്രശക്തിയാലെന്നപോലേ അന്യർ ആകൎഷിക്കപ്പെടുന്നു. "എന്റെ പാദസ്പൎശമാത്രത്താൽ ഇററലിയിൽ സൈന്യം വന്നു കൂടുന്നതാണെ"ന്നു് (൧൦) പാമ്പി പറഞ്ഞു. (൧൧)പീററർ സന്ന്യാസിയുടെ ശബ്ദമാത്രത്താൽ യൂറോപ്പു് ഇളകി ഏഷ്യയുടെനേൎക്കു് പ്രേരിപ്പിക്കപ്പെട്ടു. (൧൨) കാലീഫു് ഓമറിന്റെ സവാരിക്കമ്പു്, അന്യന്മാരുടെ വാളുകളേക്കാഠം, ദുഷ്ടാക്കഠംക്കു് ഭീതിജനകമായിരുന്നു.

---

(൧൦) പുരാതന റോമിലേ ഒരു വരിഷ്ഠ സേനാനായകൻ; ആഫ്റിക്കാ, ഏഷ്യ, സ്പെയിൻ ഈ ദേശങ്ങളിൽ അനേകം യുദ്ധങ്ങളിൽ ജയിച്ചു്, ആ ദിക്കുകളേ അടക്കി ഭരിച്ചു. വളരേ ജനസ്നേഹവും സമ്പാദിച്ചു. ഇദ്ദേഹം ജൂലിയസ്സ്സീസറിന്റെ മകളുടെ ഭൎത്താവായിരുന്നു. ആ സ്ത്രീ മരിച്ചതോടുകൂടി സീസറുമായ് പിണങ്ങി; രണ്ടുപേരും തമ്മിലുണ്ടായ യുദ്ധത്തിൽ തോററു് ഒളിച്ചോടി; ഈജിപ്റ്റിൽ വച്ചു മരിച്ചു. വാഴ്ച ക്രിസ്തുവിനു മുൻപു് ൧-ാംശതാബ്ദം.

(൧൧) ഒരു പരന്തിരിസ് യോദ്ധാവു്; പാലസ്ററയിനിൽ (ക്രിസ്തുവിന്റെ ജന്മഭൂമി) തീൎത്ഥയാത്ര പോയപ്പോഠം സ്വമതസ്ഥരേ തുൎക്കികഠം കഷ്ടപ്പെടുത്തിയതുകണ്ടു് സന്ന്യാസം സ്വീകരിച്ചു് യൂറോപ്പിൽ പലസ്ഥലങ്ങളിലും സഞ്ചരിച്ചു് ജനങ്ങളേയും രാജാക്കന്മാരേയും തീക്ഷ്ണവചനങ്ങളാൽ ഇളക്കി കുരിശുരക്ഷയ്ക്കുണ്ടായ ദീൎഘയുദ്ധങ്ങഠംക്കു് കാരണഭൂതനായി. വാഴ്ച. ക്രി. ശ. ൧൧-ന്റെ ആരംഭം.

(൧൨) ഇദ്ദേഹം മഹമ്മതിന്റെ പ്രതിനിധിസ്ഥാനം (കാലിപ്പു്) മദീനയിൽ പത്തു വൎഷകാലം വഹിച്ചു്, അനേകം രാജ്യങ്ങളേ കീഴടക്കി; ബലവാനും നീതിമാനും ആയിരുന്നു. വാഴ്ച. ക്രി. ശ. ൭-ന്റെ മദ്ധ്യം.

മഹാശയകൃത്യസമ്പന്നന്മാരായ ശീലവാന്മാർ ചിരംജീവികളായി വരാമെന്നു് മുൻപു പറഞ്ഞുവല്ലൊ. ഒരു മഹാശയന്റെ ശ്രേഷ്ഠചിന്ത ആദ്യം ഏകാന്തമായിരുന്നാലും, ചിരകാലം അതു് ലോകരുടേ ബുദ്ധിയിൽ കുടികൊണ്ടിട്ടു്, അവസാനത്തിൽ അവൎക്കു് നിത്യാനുഷ്ഠാനത്തിനു് ഒരു ധൎമ്മമായ് പരിണമിക്കുന്നു. (൫൩)മോസസ്സു്, (൫൪)സാക്രട്ടീസ്,

(൫൩) ഈജിപ്റ്റിലേ രാജാവായ ഫേരോവിനാൽ എടുത്തു വളൎത്തപ്പെട്ട ഒരു ജൂതയുവാവു്; സൈനായി മലയുടെ അടിവാരത്തിൽ സ്വജന വിമോചനത്തിനു് ദൈവാജ്ഞ സിദ്ധിക്കയാൽ ഫേരോവിനോടു് അനുവാദത്തിനു് അപേക്ഷിച്ചു. ഫേരോ അനുവദിക്കാത്തതിനാൽ, ഈജിപ്റ്റിൽ ദിവ്യസഹായത്താൽ വ്യാധി ജനിപ്പിച്ചു് അനുവാദം വാങ്ങിച്ചു. ചെങ്കടൽ കടക്കാൻ ചെന്ന ജനസംഘത്തെ, ഫേരോ തടുക്കയാൽ ദിവ്യസഹായം കൊണ്ടു് ഫേരോവിനെ തോല്പിച്ചു. ഇതുകളാൽ ജനസമ്മതനായി. പിന്നീടു് നാല്പതു് ദിവസം പ്രത്യക്ഷ സംഭാഷണത്തിൽ ദൈവത്താൽ പ്രേരിതനായി ജൂത ധൎമ്മ ഗ്രന്ഥത്തിലേ നിബന്ധനകൾ നിൎമ്മിച്ചതായിപ്പറയപ്പെടുന്നു.

(൫൪) പ്രസിദ്ധ തമ യാവന ധൎമ്മ വിദ്യാ വിശാരദൻ; പ്ലേറേറാവിന്റെ ഗുരു; മഹാമേധാവി; മഹാമനസ്കൻ; ജനസ്നേഹി; ദേഹ ബാഹ്യലതാനിഷേധകനായ ഈശ്വര ഭക്തൻ; ഒരു ധൎമ്മദേവത തന്റെ സഹചാരി എന്ന വിശ്വാസത്തോടും, താൻ ദൈവ പ്രേരിതനെന്ന ബോധത്തോടും കൂടി "ജ്ഞാനം തന്നേ ധർമ്മം" എന്ന മതം പരത്തി; അതിനാൽ, അപരിഷ്കൃതരായ സ്വജനങ്ങളുടെ ദ്വേഷം സമ്പാദിച്ചു, ഉൽകൃഷ്ട ബുദ്ധിമാനെന്നു സമ്മതിക്കപ്പെട്ട ഈ "ലോകസാമാന്യ പൌരനി"ൽ രാജദ്രോഹക്കുററം ചുമത്തി,

(൧൫) പ്ലേറോ, ലൂഥർ ഇവരെല്ലാം ഇതിലേയ്ക്കു ഉദാഹരണങ്ങളാണു്.

ജന ചരിത്രം എന്നു പറയുന്നതു് സത്യത്തിൽ അതിന്റെ ആധാര ഭൂതന്മാരായ മഹാത്മാക്കളുടേ കഥ തന്നേ ആകുന്നു. അപ്രകാരം, മതമെന്നീ സ്വരൂപത്തിൽ ജനങ്ങളുടേ ഇടയിൽ ദീർഘകാലം നിലനിന്നു വരുന്നതു്, യഥാർത്ഥത്തിൽ ഓരോ മഹാത്മാവിന്റെ നിഴൽ നീണ്ടുനീണ്ടു വരുന്നതത്രേ.

---

മരണശിക്ഷ വിധിച്ചു. സാധ്യമായ ശിക്ഷാലഘൂകരണത്തിനു് അപേക്ഷിക്കാതെ, മരണം ഗുണകരമായ ബന്ധമോചനം ആണെന്നു് വിശ്വാസത്തോടെ ആത്മാവിന്റെ നിത്യതയേപ്പററി ദീർഘപ്രസംഗം ചെയ്തിട്ടു് അദ്ദേഹം വിഷം കുടിച്ചു് മരണശിക്ഷ അനുഭവിച്ചു. വാഴ്ച ക്രി. മു. ൫-ാംശതാബ്ദത്തിന്റെ ആദ്യം.

(൧൫) സാക്രട്ടീസിന്റെ പ്രധാന ശിഷ്യൻ; സാക്രട്ടീസ്മത പ്രചാരകൻ; വിദ്യാമാത്ര മതത്തിന്റെ പ്രാരംഭകൻ; നശ്വര വസ്തുക്കളുടേ സത്തുകളായി, അനശ്വരങ്ങളായി (ഗ്രഹണാകൃതികൾ എന്നു പറയപ്പെട്ട) ചില രൂപങ്ങൾ ഉണ്ടെന്നു വാദിച്ചു് ഗ്രഹണാകൃതി(ഐഡീയസ്) വാദം സ്ഥാപിച്ചു. "സങ്കല്പിത രാജ്യയോഗം" (റിപ്പബ്ളിക്ക്) എന്ന ഗ്രന്ഥത്തിൽ ജനസമുദായത്തിന്റെ നീതി എന്നു സാധിച്ചു്, രാജ്യാംഗങ്ങളേ വിവേചനം ചെയ്തു. സത്യ സ്ഥാപനത്തിനും, ജനസമുദായാഭിവൃദ്ധിയ്ക്കും ആയി അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ച പ്രസിദ്ധ തമയാചനതത്വജ്ഞാനി. വാഴ്ച ക്രി. മു. ൫-ാം ശതവർഷത്തിന്റെ ഒടുക്കം.

ബുദ്ധൻ, ശങ്കരാചാൎയ്യർ, (൧൩) രാമാനുജൻ, (൧൪) മഹമെഡ്, മോസസ്സ് ഇവർ ഇതിലേയ്ക്കു് നിത്യസാക്ഷികളായിരിക്കുന്നു. സഹജീവി ജനസമുദായാവസ്ഥയാൽ ഇവർ നിബദ്ധന്മാരായിരുന്നു എങ്കിലും, ഇവരുടെ പിൻഗാമികൾ അതിനേക്കാൾ, ഇവർ പതിച്ച മുദ്രകളാൽ നിബദ്ധന്മാരായിത്തീൎന്നു. വിദ്യാവിഷയത്തിൽ ഈ വിധം മുദ്ര പതിച്ചവരിൽ കാളിദാസൻ, (൧൫) ഷേക്‌സ്പീയർ,

---

(൧൩) വിശിഷ്ടാദ്വൈത മതസ്ഥാപകൻ. വാഴ്ച ക്രി. ശ. ൧൧.

(൧൪) ഇസ്ലാംമത സ്ഥാപകൻ; ബാല്യത്തിൽ സ്വജനത്തിന്റെ ബഹു ദൈവത്വമതത്തിൽ അവിശ്വാസം ജനിച്ചു്, ഹനീഫ് വൎഗ്ഗക്കാരുടെ ദൈവൈകത്വ മതത്തിൽ വിശ്വസിച്ചു പോന്നു. മെക്കായിൽ ഹൈറാ പൎവ്വതത്തിൽ ഏകാകി പ്രാൎത്ഥന ചെയ്യുമ്പോൾ, ദൈവദൂതൻ (ഗബ്രിയൽ) ഒരു ദിവ്യഗ്രന്ഥം കാണിച്ചതായും, അന്നുമുതൽ മതാചാൎയ്യത്വബോധം ഉദിച്ചതായും അറിയുന്നു. അദ്ദേഹത്തിനു് മെക്കായിൽ ശത്രുക്കളുണ്ടാകയാൽ, ക്രിസ്ത്വാബ്ദം ൬൨൨-ൽ അവിടെനിന്നു് മെദീനയ്ക്കു് ഒളിച്ചോടി. ഇദ്ദേഹം ധൎമ്മവ്യവസ്ഥകൾ കുറാൻ എന്ന നാമധേയത്തോടുകൂടി ഉണ്ടാക്കി. അതു തന്നേ ഇസ്ലാമിനു് വേദ ഗ്രന്ഥമായിത്തീൎന്നു. ജൂത, ക്രിസ്തീയമതങ്ങളിൽനിന്നു് പല സാരാംശങ്ങളേയും അദ്ദേഹം സ്വീകരിച്ചിട്ടുണ്ടു്. പിന്നീടു്, പത്തു വൎഷം ഓരോ യുദ്ധങ്ങൾ ചെയ്തു് അനേകം സാമന്ത രാജ്യങ്ങൾ അടക്കി. ക്രിസ്ത്വാബ്ദം ൬൩൨-ൽ മരിച്ചു.

(൧൫) ഇംഗ്ലണ്ടിലേ വരിഷ്ഠ കവി: നാടക കൎത്താ. വാഴ്ച ക്രി. ശ ൧൬-ന്റെ ഒടുക്കം.

(൧൯) മിൽട്ടൺ (൨൦) ഗത്തേ ഇവർ പ്രമുഖ്യന്മാരായിരുന്നു.

മുൻപിൽ പ്രസ്താവിച്ച വാഷിങ്ങ്ടൺ, ഒരു മഹാമേധാവി അല്ലായിരുന്നു എങ്കിലും, അദ്ദേഹത്തിന്റെ നിർദ്ദോഷമായ ജീവിതവും, പരിശുദ്ധമായ സ്വഭാവവും, സ്വാതന്ത്ര്യാർഹമായ മഹാമനസ്കതയും അദ്ദേഹത്തിന്റെ നാട്ടുകാൎക്കു ഒരു അഴിയാസ്സ്വത്തായിത്തീൎന്നിരിക്കുന്നു. ഇങ്ങനെ ഉള്ളവർ ജനസമുദായത്തിന്റെ ജീവശോണിതമാകുന്നു. അവരുടെ വാഴ്ച്ചയാൽ ദൃഷ്ടാന്തങ്ങളായിത്തീൎന്നിട്ടു അവർ അതിനെ ശുദ്ധീകരിച്ചു ഉയൎത്തുന്നു. ഭാവിജനസന്തതിയ്ക്കു അവരുടെ പേരുകൾപോലും ഉജ്ജീവികളായിത്തീരും.

ഒരുജനസമുദായത്തിനും അതിന്റെ അംഗങ്ങൾക്കെന്നപോലെ, ശീലഗുണത്തിനാൽ മാത്രമേ വൎദ്ധനയുണ്ടാകയുള്ളു. അംഗങ്ങളുടെഗുണമനുസരിച്ചിരിക്കും സമുദായത്തിന്റെ നില. അതിനാൽ സത്യം, മഹാമനസ്കത, ആജ്ഞാനുസരണം, ആത്മബഹുമാനം, വൃത്തിശുദ്ധി, രാജഭക്തി, ഋജുത്വം എന്നീ ഗുണങ്ങൾ ബഹുക്കളിൽ വ്യാപിച്ചെങ്കിലത്രേ, അവരുടെജനസമുദായത്തിന്നു ഗൌരവവും മാന്യതയും സിദ്ധിയ്ക്കൂ. അംഗങ്ങൾക്കു വൃത്തിദോഷമുണ്ടായാൽ അംഗസംഘാതമായ സമുദായത്തിന്നു പുരുഷത്വവും സ്വാതന്ത്ര്യത്തിന്നു അവകാശവും എങ്ങനേ ലഭിക്കും.

(൧൯) ഇംഗ്ലണ്ടിലേ മഹാകവി; സ്വൎഗ്ഗഭ്രംശം എന്ന ഗാഥികകൃതിയുടെ കൎത്താ. വാഴ്ച്ച ക്രി. ശ. ൧൭-ന്റെ ആദ്യവും മദ്ധ്യവും.

(൨൦) ജൎമ്മനിയിലെ ഒരു മഹാകവി; ഇദ്ദേഹത്തെ ജൎമ്മനിയിലെ ഷേക്സ്പിയർ എന്നു പറയാറുണ്ടു്. മന്ത്രി ആയിരുന്നു. "ഫാസ്റ്റ്" എന്ന കൃതിയുടെ കൎത്താവു്. വാഴ്ച്ച ക്രി. ശ. ൧൮-ന്റെ അന്ത്യവും ൧൯-ന്റെ ആദ്യവും.

രാജ്യവിസ്താരംകൊണ്ടല്ല ഒരു ജനസമുദായം ശ്രേഷ്ഠമാകുന്നതു്. പുരാതന (*) യാവനരാജ്യവും, ആധുനികരഷ്യാ രാജ്യവും, ചീനയും, ജപ്പാനും നോക്കുക.

പൂർവ്വമഹാന്മാരുടെ കഥ ഒരു രാജ്യത്തിൻേറ സ്വത്താകുന്നു. പുരുഷ ജീവിതംപോലെ ജന ജീവിതവും ഒരു അനുഭവ നിധിയാകുന്നു. ആ നിധിയുടെ സൽപ്രയോഗത്താൽ സമുദായത്തിനു് പരിഷ്കാരവും അഭിവൃദ്ധിയും ഉണ്ടാകും. ദുഷ്പ്രയോഗത്താൽ അധഃപതനവും സിദ്ധമാകും. പുരുഷന്മാർക്കെന്നപോലെ ജനസമുദായത്തിനും, ആപത്തുകൾ പരിശോധകങ്ങളും ബലപ്രദങ്ങളും ആകുന്നു. അതിൻേറ ചരിത്രം പരിശോധിച്ചാൽ ശീലവിശിഷ്ടന്മാരുടെ പ്രയത്നങ്ങളും കഷ്ടതകളും വിലസിക്കാണാവുന്നതാണു്.

(*) വിസ്താരം ൧/൨ ലക്ഷം ചതുരശ്ര മൈൽ—യാവനരാജ്യം

| | | | |
|---|---|---|---|
| ടി | ൮൩ | ,, | രഷ്യാ. |
| ടി | ൧൪ | ,, | ചീന. |
| ടി | ൧ ൧/൪ | ,, | ജപ്പാൻ. |

കലാവിദ്യ, പ്രകൃതിവിദ്യ, തത്വവിദ്യ ഇതുകളിൽ ലോകവിശ്രുതന്മാരായ വിദ്വാന്മാരും, ലോകജിത്തായ അലക്ക്സാണ്ഡറും യാവനന്മാരായിരുന്നു. രഷ്യ ഇപ്പോൾ യൂറോപ്പിൽ കണ്ടതിൽ അപരിഷ്കൃതമായ ഒരു രാജ്യമാണു്. ഇതിനേയും ചീനരാജ്യത്തേയും ജപ്പാൻകാർ യുദ്ധത്തിൽ തോല്പിച്ചിട്ടുള്ളതും ആകുന്നു.

# ൨. ഗൃഹ്യാഭ്യസനം.

ഏതോ പ്രേമസ്വരൂപം മനുജയുടെ തനൌ-
    ചേർത്തുയർത്തുന്നു നമ്മെ
മാത്രാകാരങ്ങളാണ്ടിബ്ഭുവി വിവിധ മഹാ-
    ത്മാക്കളെപ്പെററതേതോ
ഏതോ സീതാദിയായ്തീർന്നുല ഗുണയുതം-
    ഭർത്തൃശുശ്രൂഷണം ചെ-
യ്താ തേജസ്സ്വജ്വലിച്ചൂർത്തളിരുകളിലിവ-
    ൾക്കേകണം നിത്യസൌഖ്യം.

മാധവീനാടകത്തിലേ നാന്ദി.

"ഗൃഹ്യാഭ്യസനം" എന്നതിന് ഇവിടെ ഉദ്ദേശിച്ചിട്ടുള്ള അർത്ഥം ഗൃഹസംബന്ധമായി, അതായത്, ഗൃഹണീമാർഗ്ഗമായി ഉണ്ടാകാവുന്ന സന്മാർഗ്ഗ പരിശീലനം ആകുന്നു.

"പ്രേമം എന്ന ധർമ്മദേവത, തന്റെ ദിവ്യ മാനുഷ്യഭാവദ്വയത്തോട് സ്ത്രീസ്വരൂപത്തിൽ ആവിർഭവിച്ച്, മനുഷ്യരേ ഉയർത്തുന്നു" എന്ന് ഗത്തേ മഹാകവി പറഞ്ഞിട്ടുള്ള (ഫ്ാസ്റ്റ് എന്ന കൃതിയുടേ അന്ത്യശ്ലോകത്തിൽ) അഭിപ്രായമാകുന്നു പ്രസ്താവന ശ്ലോകത്തിന്റേ ആദ്യത്തേ വരിയിൽ പ്രദർശിപ്പിച്ചിരിയ്ക്കുന്നത്.

മാതൃസ്നേഹം, മനുഷ്യാനുഗ്രഹണത്തിനായി അവതീർണ്ണമായിരിയ്ക്കുന്ന സർവ്വനിയന്താവിന്റെ സ്വരൂപം തന്നേയാകുന്നു. ഈ തത്വത്തിന് മേൽ പറഞ്ഞ ഗത്തേ കവിയുടെ വചനം കൂടാതെ, പരന്തിരീസ്കാരനായ (൧) ഡിമൈസ്റ്റർ

(൧) റഷ്യയിലേയ്ക്ക് അയയ്ക്കപ്പെട്ട പരിന്തിരീസ് രാജ്യദൂതൻ.

ന..

എന്ന മഹാത്മാവു് അദ്ദേഹത്തിന്റെ അമ്മയെക്കുറിച്ചു പറഞ്ഞിരിക്കുന്ന, താഴെപ്പറയുന്ന വചനവും സാക്ഷിയാകുന്നു:—"എന്റെ അലൌകികയായ മാതാവു്, സ്വല്പകാലം മനുഷ്യരൂപത്തിൽ ആവിർഭവിച്ചിരുന്ന ഒരു ദൈവദൂതിയായിരുന്നു."

മനുഷ്യർക്കു് ബാല്യത്തിൽ മനസ്സിൽ പതിയുന്ന ഭാവങ്ങൾ, ഒരിക്കലും മായുകയില്ല. അപ്പോൾ ഇടുന്ന ആശയ ബീജങ്ങൾ, സ്വല്പകാലം മുളയായി വളൎന്നുവന്നു്, കാലാന്തരത്തിൽ ചിന്തകളായും, കൃത്യങ്ങളായും, അനുഷ്ഠാനങ്ങളായും പരിണമിയ്ക്കുന്നു. ലോകരുടേ സുഖവും അസുഖവും, ഇരുളും വെളിവും, പരിഷ്കൃതിയും അപരിഷ്കൃതിയും അത്യന്തം സ്ത്രീയുടേ ഗൃഹ്യാധികാരത്തേ ആശ്രയിച്ചിരിക്കുന്നു. അവളുടേ ഗൃഹാധികാരബലം നോക്കുന്നതായാൽ, ഇപ്പോൾ ചിലെടത്തു് സ്ത്രീകൾ അവകാശപ്പെടുന്ന രാജ്യാധികാരം ഏററവും തുച്ഛമാകുന്നു. മഹാ മേധാവിയായ നെപ്പോളിയൻ ഫ്രെഞ്ചുകാരെക്കുറിച്ചു പറഞ്ഞതുപോലെ, നമ്മുടെ സമുദായത്തിന്റെ അഭിവൃദ്ധിക്കു് അവശ്യം വേണ്ടിയിരിക്കുന്നതു് യോഗ്യകളായ അമ്മമാരേത്തന്നേ ആകുന്നു.

നമ്മുടേ കായികക്ഷേമത്തിനു് പ്രകൃതിയിലേ ശുദ്ധവായു ആവശ്യമായിരിക്കുന്നതു പോലേ ആത്മീയക്ഷേമത്തിനു് ആവശ്യകമായ ധാൎമ്മികവായുവിനേ ചമയ്ക്കുന്നതും നയിക്കുന്നതും അമ്മയാണു്. ജനസമുദായത്തിന്റെ വിവേകത്തിനു് ആധാരമായ തലച്ചോറിനേ ഭരിക്കുന്നതു് പുരുഷനും, വികാരങ്ങൾക്കു് ആധാരമായ ഹൃദയത്തേ ഭരിക്കുന്നതു് സ്ത്രീയുമാകുന്നു. വികാരമാകുന്നു ശീലഗുണമുണ്ടാക്കുന്നതു്. പുരുഷനാൽ വിശ്വസിപ്പിക്കാൻ മാത്രം കഴിയുന്നതിനേ, സ്നേഹിപ്പിക്കാൻ സ്ത്രീക്കുകഴിയും. അതി-

നാൽ സന്മാൎഗ്ഗത്തിനാധാരം സ്ത്രീ തന്നേ. ബാല്യത്തിൽ വളരേ ദുൎന്നടത്തക്കാരനായിരുന്ന (൨൨) സെൻറഗസ്ത്യൻ തന്റേ അമ്മയുടേ ശീല നിഷ്ഠയാൽ വഴി തിരിഞ്ഞു് ക്രിസ്തുലോകപ്രസിദ്ധനായ ഒരു മാതൃക പുരുഷനായിത്തീൎന്നു.

ഗുണവതിയും, അൎത്ഥരക്ഷിണിയും, പ്രസന്നയും ശുചിയുമായ ഒരു സ്ത്രീ ഭരിക്കുന്നഗൃഹം ഏററവും ദരിദ്രമായാലും, ഒരു സുഖാലയമായിരിക്കും. പരസേവനവും, കൃത്യധൎമ്മവും പഠിക്കുന്നതിനു് അതു് ഒരു പാഠശാലയായിത്തീരും. എന്നാൽ, കുട്ടികൾ, തന്റേ സഹവാസം സദാ ആഗ്രഹിക്കുമാറു്, അമ്മ അവളുടേ അധികാരം മാധുരിയോടും, ബാലക്രീഡാദികളിൽ ആനുകൂല്യത്തോടും നടത്തേണ്ടതാണു്. ഈ വിധമുള്ള പരിചരണം കൂടാതേ വളരുന്നവർ ശീല വിഷയത്തിൽ, നക്കി വളൎത്തപ്പെടാത്ത നായ്ക്കുട്ടികളെപ്പോലേ ആയിരിക്കും. മേൽപ്രകാരമുള്ള ഗൃഹത്തേ സ്നേഹിച്ചു വളരുന്ന കുട്ടികളാകുന്നു കാലക്രമത്തിൽ, സ്വരാജ്യത്തിന്റേ സ്നേഹികളും രക്ഷകന്മാരും ആയിത്തീരുന്നതു്. നേരേ മറിച്ചു്, (൨൩) ബൎക്ക് പറയു-

(൨൨) ക്രിസ്തീയ വൎഗ്ഗത്തിലേ പൂൎവ്വാചാരവൎഗ്ഗത്തിൽ ചേൎന്ന ഒരു ശ്രമണൻ; ൩൩-ാം വയസ്സിൽ ക്രിസ്തുമതത്തിൽ ചേൎന്നു്, മതവിദഗ്ദ്ധതയിൽ വളരേ പ്രസിദ്ധനായി അനേകം ഗ്രന്ഥങ്ങൾ നിൎമ്മിച്ചു. ബാല്യത്തിൽ ദുൎന്നടത്തക്കാരനായിരുന്നു. ക്രിസ്തീയയായ അമ്മയുടേ പ്രേരണയാൽ സന്മാൎഗ്ഗിയായി. വാഴ്ച ക്രി. ശ. ൪-ന്റേ മദ്ധ്യം.

(൨൩) പ്രസിദ്ധനായ ഒരു ആംഗ്ലേയ രാജ്യ നീതിജ്ഞൻ; ഫ്ാക്ക്സിന്റേയും ഷെരിഡന്റേയും സഹജീവിയായ വാഗീശ്വരൻ; അമ്മേരിക്കയിലേ ഐക്യ സംസ്ഥാനത്തിന്റേ

ന്നതുപോലേ, "ആദ്യത്തേ ശ്വാസം മുതൽ ഒടുക്കലത്തേതു വരേ, അചതുരകളായ മാതാക്കളാലും ഉപ മാതാക്കളാലും മനുഷ്യർ അനുഭവിക്കേണ്ടി വന്നിട്ടുള്ള ധർമ്മക്ലേശരോഗ-ങ്ങൾക്ക് കണക്കില്ലാത്തതാകുന്നു."

വാഷിങ്ടന്റേ അമ്മയ്ക്കു് വിശിഷ്ടമായ ഭരണസാമർത്ഥ്യം ഉണ്ടായിരുന്നു. ക്രാംവെലിന്റേ അമ്മ ശാന്തി-ക്ഷമകളോടു കൂടി ഊർജ്ജിതവും സ്വാശ്രയവും നിശ്ചിത ബുദ്ധിയും വിശിഷ്ട തരമായി വഹിച്ചിരുന്നു. മകന് രാജ്യാ-ധികാരം സിദ്ധിയ്ക്കുന്നതിനു മുൻപ് സ്വഗൃഹത്തിൽ സ്വ-പ്രയത്നത്താൽ വാററു ജോലിയിൽ സമ്പാദിച്ച ധനം കൊണ്ടു് ഈ മഹതി അഞ്ചു പെൺമക്കളേ സ്ത്രീ-ധനം കൊടുത്തു് കെട്ടിച്ചയയ്ക്കുയും, പിന്നീടു് രാജ പദവി സിദ്ധിച്ചു്, രാജധാനിയിൽ പാപ്പായതിന്റേ ശേഷവും തന്റേ മുൻപിലത്തേ ലഘുവൃത്തി ആചരിച്ചു വരികയും ചെയ്തു. (൨൪) ലാർഡ് ബ്രൂഹമ്മിനുണ്ടായിരുന്ന ഉദ്യമ ശീ-ലം അദ്ദേഹത്തിന്റേ അമ്മൂമ്മയിൽ നിന്നും സിദ്ധിച്ച-

---

ടിന്നിപ്പിനേയും ഫ്രാൻസിലേ രാജ്യഭരണ ഭേദനത്തേയും ബലമായി ആക്ഷേപിച്ചു. രാജ്യനീതി സംബന്ധമായി അ-നേകം ഗ്രന്ഥങ്ങൾ ഉണ്ടാക്കി. മേൽ പ്രസ്താവിച്ച വാഗീ-ശ്വരന്മാരോടു ചേർന്ന് ഹേസ്റ്റിങ്സിന്റേ അപരാധാരോ-പണം നടത്തി. ഇദ്ദേഹം ധീരപുരുഷനും വിശിഷ്ട ധർമ്മ-ബുദ്ധിയും, മഹാ മേധാവിയും ആയിരുന്നു. വാഴ്ച ക്രി. ശ. ൧൭൨൯-ന്റേ ആദ്യം മുതൽ അന്ത്യംവരേ.

(൨൪) ഒരു ആംഗ്ലേയ വിദ്വാൻ; ഇദ്ദേഹം ശാസ്ത്രജ്ഞനും, വ്യവഹാരിയും, വാഗീശ്വരനും, രാജ്യതന്ത്രജ്ഞനും ആയി-രുന്നു. ഇംഗ്ലണ്ടിലേ പ്രധാന ന്യായാധിപതി എന്ന സ്ഥാ-നവും ഇദ്ദേഹത്തിന് ലഭിച്ചിരുന്നു. മഹാ മേധാവിയായും,

താണ്. (൨൫) ഗ്രേ എന്ന കവിയുടെ ദയയും വത്സലതാവും അദ്ദേഹത്തിൻേറ അമ്മ കൊടുത്തതാണ്. ഗത്തേ കവിയുടേ അമ്മ വളരേ വിശിഷ്ട ഗുണമുള്ളവളായിരുന്നു. ആ സ്ത്രീയാണ് അദ്ദേഹത്തിൻേറ ബുദ്ധിശീലങ്ങളെ ബലമായി തിരിച്ചിട്ടുള്ളതു്. പുരാതന ചരിത്ര കൎത്താവായ (൨൬) മിശേലെററിസ് പുരാതനന്മാരുടേ നേൎക്കുണ്ടായിരുന്ന സ്ഥായി അദ്ദേഹത്തിൻേറ അമ്മയിൽനിന്നും ലഭിച്ചതായിരുന്നു. പ്രസിഡണ്ട് ആഡംസ് അദ്ദേഹത്തിൻേറ മാതാവിനേ താഴേ കാണുന്ന പ്രകാരം പരസ്യമായി വൎണ്ണിച്ചിരിക്കുന്നു:—"മനുഷ്യൎക്കു സിദ്ധിക്കാവുന്ന ഉത്തമാനുഗ്രഹം, എനിക്കു് ബാല്യത്തിൽ സിദ്ധിച്ചിരുന്നു— അതായതു്, തൻേറ കുട്ടികളുടെ ശീലം ചമയ്ക്കുന്നതിനു് ജാഗ്രതയും ശക്തിയും ഉള്ള ഒരു മാതാവു്—എനിക്കു് ആത്മീയമായും, ധാൎമ്മികമായും സിദ്ധിച്ചിട്ടുള്ള അറിവെല്ലാം എൻേറ മാതാവിൽ നിന്നും കിട്ടിയതാണ്. അതിനേ പൂൎണ്ണമായി അനുകരിയ്ക്കുവാൻ എന്നാൽ കഴിഞ്ഞിട്ടില്ല. ൦രം അപൂൎണ്ണത നിമിത്തം വന്നിട്ടുള്ള തെററുകൾക്കെല്ലാം ഉത്തരവാദി ഞാനാണ്; അമ്മയല്ല."

---

ധീരപുരുഷനായും, ധൎമ്മിഷ്ഠനായും, ജനകാരുണ്യവാനായും, ബഹുവിദ്യാവിശാരദനായും ഇദ്ദേഹം പ്രശോഭിച്ചു. വാഴ്ച ക്രി. ശ ൧൮-ൻേറ അന്ത്യം മുതൽ ൧൯ൻ_ൻേറ മദ്ധ്യം വരെ.

(൨൫) ആംഗ്ലേയ കവി; നവരത്നമാലികാ ഗ്രന്ഥത്തിൽ ഭാഷാന്തരം ചെയ്തിരിയ്ക്കുന്ന ഒരു വിലാപം എന്ന കവിതയുടേ മൂലകൎത്താവു്. വാഴ്ച ക്രി. ശ ൧൮-ൻേറ ആദ്യം മുതൽ അന്ത്യഭാഗം വരേ.

(൨൬) പരന്തിരീസ് ചരിത്രകൎത്താവു്; വാഴ്ച ക്രി. ശ. ൧൯ൻ ൻേറ ആദ്യം മുതൽ അന്ത്യഭാഗം വരേ.

എന്നാൽ, ഠരം വിധം ശീല നിൎമ്മാണം ചെയ്യുന്നതിന്ന്, ഗൃഹണിക്ക് കേവലം പ്രാണിസാധാരണമായും സ്വഭാവസിദ്ധമായും ഉള്ള സ്നേഹം മാത്രം ഉണ്ടായിരുന്നാൽ പോരാ. അതിനോട്ട് ഉചിതജ്ഞതയും ക്രമനിഷ്ഠയും ചേൎന്നിരിക്കണം. പ്രകൃതിധൎമ്മങ്ങളേ സാമാന്യമായെങ്കിലും ഗ്രഹിച്ചിരിക്കയുംവേണം. ഗൃഹ്യങ്ങളായ സകലവിഷയങ്ങളിലും വിവേകം പ്രയോഗിക്കുന്ന ഗൃഹണിയ്ക്കു് ഭരണത്തിൽ പ്രാപ്തി കൂട്ടുന്നതും അതിനാൽ ഒരോ കാൎയ്യത്തിലും മുൻകരുതലോട്ട് വേണ്ടും വിധാനങ്ങൾ ചെയ്യുന്നതിനും, ബുദ്ധിപൂൎവ്വം പ്രവൃത്തിക്കുന്നതിനും, ആവശ്യം പോലേ ഓരോ പരിഷ്കാരം നടത്തുന്നതിനും അവൾ ശക്തയായിത്തീരുന്നതും ആകുന്നു. ഇതിലേയ്ക്കു് മുഖ്യാംഗങ്ങളായ ഗണനം, ക്രമാനുസരണം, കാലകാരിത്വം ഈ മൂന്നും മിയ്ക്കവൎക്കും അഭ്യാസത്താൽ ഉണ്ടാകുന്നവയാണ്. ഇങ്ങനേയുള്ള ഒരുക്കത്താൽ ബലാ സിദ്ധിക്കുന്നവൾ സാധുക്കളായ അജ്ഞകളെപ്പോലെ ഇരിക്കാതെ സ്വശക്തികളായി ലൌകികവൃത്തിയിൽ വരാവുന്ന കള്ളങ്ങളും വഞ്ചകങ്ങളും മറ്റും എതിൎക്കാൻ ബലമുള്ളവളായിത്തീരും.

കാൎയ്യഗ്രഹണശക്തി, ചിന്താശക്തി, പ്രേമശക്തി ഇവയോട്ട് സൃഷ്ടിക്കപ്പെട്ട സ്ത്രീയേ പുരുഷൻേറ കായികസുഖത്തിനുള്ള കേവലം അഴകാൎന്ന ഒരു ജഡസ്വരൂപമായ് ഗണിയ്ക്കുന്നതു് അബദ്ധമാകുന്നു. സത്യത്തിൽ അവൾ ജനാഭിവൃദ്ധിയ്ക്കു് സാരങ്ങളായ കൃത്യധൎമ്മങ്ങൾ വഹിച്ചുകൊണ്ടിരിയ്ക്കുന്നു. താഴേ പറയുന്ന പദ്യത്തോട്ട കൂടി ഈ രണ്ടാം ഭാഗം ഇവിടെ അവസാനിപ്പിച്ചു കൊള്ളുന്നു.

"ഗാൎഹസ്ഥ്യത്തിനു ശേഷിയും ബഹുവിധ-
ജ്ഞാനാൎജ്ജനേ ശക്തിയും
കാൎയ്യഗ്രാഹിതയും പരക്കു വിവിധം-
സാഹായകം ചെയ്യുവാൻ
ക്രൂരേതം ഹൃദയത്തൊടാളു മവളെ-
ക്കാമാൎത്ഥ ഭോഗത്തിനും
പേറിനും കൃതയന്ത്രമാത്ര മറിവു-
ള്ളോരെണ്ണുകില്ലാ ദൃഢം."

മാധവീ നാടകം.

## ൩. സംസൎഗ്ഗവും, അനുകരണവും.

"തപ്തായസ്സിലൊഴിക്കിലപ്പതിനെഴും
പേർ പോലു മജ്ഞാതമാം;
മുക്താകാര മണിഞ്ഞു പുഷ്കര ദളേ
ശോഭിപ്പതാ മജ്ജലം
മുത്താം ചോതിയിലംബുധൌ കിഴിയുകിൽ
ചിപ്പിക്കകം പ്രായശോ
മൎത്ത്യക്കുത്തമ മദ്ധ്യമാധമ ഗുണാ-
വേശം സ്വ സംസൎഗ്ഗജം."

ഭൎത്തൃഹരി നീതി ശതകം ശ്ലോ. ൬൭.

"അറിവിനാപ്പിനെന്നോണം
സഗ്ഗത്താൽ പകരും ഗുണം
ഉണ്ടാം മനസ്സിനാൽ ബോധം
സഗ്ഗത്താൽ സജ്ജി നിൎണ്ണയം."

(തിരുക്കുറൾ ൪൬-൨-൦-൩-൦)

"നല്ല പടമെഴുത്തിൽ അഭ്യാസിയായവൻ ഉത്തമ മാതൃകയെ നോക്കി തന്റെ കരത്തേ നയിക്കുന്നതുപോലേ, തന്റെ ജീവിത പടം ഭംഗിയായിത്തീരണമെന്ന് ആഗ്രഹിക്കുന്നവൻ ഉത്തമമായ അസലിനേ അനുകരിക്കാൻ ഉദ്ദേശിച്ച്, അതിനേ അതിശയിക്കാൻ ശ്രമിക്കണം."

(൧) ഓവൻ ഫെ്ൽടൺ.

നാം അശിക്കുന്ന ആഹാരത്തിന്റേ സ്വഭാവത്തിന് അനുരൂപമായ പോഷണം നമ്മുടേ ദേഹത്തിന് സിദ്ധിയ്ക്കുന്നതുപോലേ, നമ്മുടേ സഹചാരികളുടെ വൃത്തി സംഭാഷണങ്ങൾ മൂലമുണ്ടാകുന്ന ഗുണദോഷങ്ങളിൽ നിന്നു നമ്മുടേ ആത്മാവ് ധർമ്മത്തേയോ, അധർമ്മത്തേയോ അബുദ്ധം പ്രാപിയ്ക്കുന്നു. അനുകരണം മനുഷ്യന് സ്വഭാവ ജന്യമാകുന്നു. അതിനാൽ, "സ്മരിക്ക, അനുചരിക്ക, ശ്രമിക്ക" എന്നിങ്ങനേ ഉപദേശത്രയം ബക്ക് പറഞ്ഞിരിയ്ക്കുന്നു. എന്നാൽ, അനുകരണം അബുദ്ധമായിരുന്നാലും അതിന്റേ ഫലം ശാശ്വതമാകുന്നു. അനുകരണം നിരന്തര ധർമ്മമാകയാൽ വൃദ്ധന്മാർക്ക് പോലും സഹവാസത്താൽ ഒരുവിധം ഐക്യം സിദ്ധിക്കുന്നതായി എമർസൺ പറഞ്ഞിരിക്കുന്നത് ശരിയാണെങ്കിൽ യുവാക്കന്മാരുടെ കഥ വിശേഷിച്ച് പറയുവാനില്ല. പ്ലേറോ പറഞ്ഞിരിക്കുന്നതു പോലേ "അഭ്യാസം ചെറിയ കാര്യമല്ലേ"ങ്കിൽ, അവഹിതാഭ്യാസം ഒരു കൊട്ട മന്നവനേപ്പോലേയാകുന്നു. അതിനാൽ അഭ്യാസ ദോഷത്തേ നിവർത്തിപ്പിക്കാൻ ബുദ്ധ്യൂർജ്ജിതം ഉണ്ടാകുന്നതാണ് സന്മാർഗ്ഗശീലത്തിന്റേ മുഖ്യോദ്ദേശമെന്ന്

(൧) ഒരു ആംഗ്ലേയ ധർമ്മ വിദ്യാ ഗ്രന്ഥകർത്താ. വാഴ്ച ക്രി. ശ. ൧൬-ൽ.

(൨൯) ലാക്ക് പറഞ്ഞിരിയ്ക്കുന്നു. "ദുൎജ്ജന സംഭാഷണം തല്ക്കാലം ദോഷം ചെയ്തില്ലെങ്കിലും ഒരു വ്യാധിപോലെ നമ്മേ തുടൎന്ന് പുനൎജ്ജീവിയ്ക്കുന്നതാണെ"ന്ന്(൩൦) സെനക്കാ പറഞ്ഞിരിക്കുന്നു. "ഊളന്റെ കൂടേ നടക്കുന്നവൻ ഊളയിട്ടു തുടങ്ങും." സാധാരണന്മാരായ സ്വാൎത്ഥപരന്മാരോടുള്ള സംസൎഗ്ഗത്താൽ സ്വഭാവത്തിൽ ഒളിപ്പും കുടുസ്സും വ്യാപിച്ച്, പുരുഷത്വവും ശീലവിശാലതയും സിദ്ധിക്കാതാകും. എന്നാൽ, ഊൎജ്ജിത ബുദ്ധിമാന്മാരോടുള്ള സഹവാസത്താൽ നമുക്ക് ബലം കൂടുകയും, നമ്മുടെ നിശ്ചയങ്ങൾക്ക് ഉറപ്പുണ്ടാകുകയും, ഉദ്ദേശങ്ങൾക്ക് ഉന്നതി ഏറുകയും ചെയ്യുന്നു. ഇതു നിമിത്തം നമ്മുടെ സ്വന്ത കാൎയ്യങ്ങളിൽ നമുക്ക് സാമൎത്ഥ്യം വൎദ്ധിക്കുന്നതു കൂടാതെ, അന്യന്മാരേ സഫലം സഹായിക്കുന്നതിന് ശക്തി ഏറുന്നതും ആകുന്നു. അന്യന്മാരോടുള്ള സഹവാസത്താൽ നാം അനുഭവസമ്പന്നന്മാരായിത്തീരുന്നു. അതിനാലുണ്ടാകുന്ന സഹവേദിത്വം ബാഹ്യാൎജ്ജിതമായിരുന്നാലും സ്വാൎജ്ജിതത്തേ വൎദ്ധിപ്പിക്കുന്നതുമാകുന്നു. അതിനാൽ, ശീലത്തിന്നുറപ്പു-

(൨൯) വ്യാവഹാരികബുദ്ധിയിൽ മാതൃകാ പുരുഷനായ ഒരു ആംഗ്ലേയ തത്വജ്ഞാനി; ലോകപ്രസിദ്ധ സൂക്ഷ്മബുദ്ധി; "ചിത്തവിവേചനം" മുതലായ അനേക ഗ്രന്ഥങ്ങളുടെ കൎത്താ; രാജ്യനീതിജ്ഞൻ. വാഴ്ച ക്രി. ശ. ൧൭-ന്റെ ആദ്യ ഭാഗം മുതൽ അന്ത്യം വരെ.

(൩൦) റോമൻ വാഗീശനും, വിദ്യാവിശാരദനും, കവിയും; ഇദ്ദേഹം വലിയ ഉദ്യോഗങ്ങൾ വഹിച്ചിരുന്നു; ആദ്യം നീറോ ചക്രവൎത്തിയുടെ സേവകനായിരുന്നു; ഒടുവിൽ പിണങ്ങി അദ്ദേഹത്തിന്റെ നിൎബ്ബന്ധത്താൽ ആത്മഹത്യ ചെയ്തു. വാഴ്ച ക്രി. ശ. ൧-ന്റെ അന്ത്യഭാഗം വരെ.

ണ്ടാകുന്നു. ഒരു പ്രസിദ്ധാധ്യാപകനായിരുന്ന (൩൦) ഡാക്ടർ-ആർണ്ണാൾഡ് തന്റെ ശിഷ്യന്മാരിൽ ഉത്തമന്മാരായ ചിലരേ തിരഞ്ഞെടുത്തു്, അവരിൽ കാണപ്പെട്ട ഗുണങ്ങളേയും, മഹാമനസ്കതയേയും, തന്റേ ആകർഷണ ശക്തിയാൽ ആനയിക്കയും, അവർ മുഖേന സ്വഗുണ മഹത്വങ്ങളെ ലോകത്തിൽ ബഹു വ്യാപകമാക്കുകയും ചെയ്തു. ഠരം വിധമുള്ള മാതൃകാ പുരുഷന്മാർ, കുളത്തിൽ എറിയുന്ന കല്ലു പോലെ, അവർ സ്പർശിക്കുന്ന ആളുകളിൽ ചലനം ഉല്പാദിപ്പിച്ചു്, ആ ചലനത്തിന്റേ ശക്തിയെ വിശാലത ഏറുന്ന ഓരോ ജനവലയങ്ങളിൽ വ്യാപിപ്പിച്ചു്, ഒടുക്കം ദിഗന്തത്തിൽ ചെന്നു തട്ടിയ്ക്കുന്നു. ഒരു ഗുണവാന്റെ ജീവിതം അതി ഫലപ്രദമായ ഒരു സദ്വൃത്തി പ്രസംഗംപോലെയാണു്.

ഠരം വിധമുള്ള ശീലശക്തി കേവലാവസ്ഥയിലുള്ളവരിലും ചിലപ്പോൾ കാണാം. (൩൧) ഫ്രാൻക്ലിൻ ഒരു സാധാരണ കൈത്തൊഴിൽക്കാരനായി ലണ്ടനിൽ ജോലി ചെയ്ത കാലം, ആ തൊഴിൽശാലയിലെ സകല പണിക്കാരേയും ദുസ്സ്വഭാവമറ്റ്മായി, നന്നാക്കി. ഇതുപോലെ ലോകത്തുണ്ടായിട്ടുള്ള നന്മകളെല്ലാം പുരാതനന്മാരായ എത്രയൊ അജ്ഞാത സാധുക്കളിൽ നിന്നും ആകുന്നു ഉത്ഭവിച്ചിട്ടുള്ളതു്.

---

(൩൦) ഒരു് ആംഗ്ലേയ മതോപദേശി; റഗ്ബി പാഠശാലയിലേ കീർത്തികേട്ട പ്രധാനാധ്യാപകൻ; ചരിത്ര ഗ്രന്ഥകർത്താ; ധർമ്മാചരണാഭ്യാസനത്തിൽ പ്രസിദ്ധൻ. വാഴ്ച ക്രി. ശ. ൧൮-ന്റേ ആദ്യംമുതൽ മദ്ധ്യം വരെ.

(൩൧) അമേരിക്കായിലേ അതിപ്രസിദ്ധനായ ഒരു രാജ്യനീതിജ്ഞൻ; ഒരു പ്രകൃതിശാസ്ത്രജ്ഞന്റേയും ഒരു പത്രാധിപരുടേയും നിലയിൽ ഇദ്ദേഹം വളരേശോഭിച്ചു. ബാല്യ-

ആത്മാവിന്, മഹാത്മാക്കളോടുള്ള സഹവാസവും സംഭാഷണവും, ദേഹത്തിന് സമുദ്രതീരത്തും മലംപ്രദേശത്തും ഉള്ള ശുദ്ധവായു എങ്ങിനേയോ അതുപോലെ സുഖകരങ്ങളും ശക്തിപ്രദങ്ങളും ആണ്. ബക്കിനെക്കുറിച്ച് ഫാക്സ് ഇപ്രകാരംപറഞ്ഞിരിക്കുന്നു:—"ശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നും ലോകാനുഭവത്തിൽ നിന്നും എനിക്കു കിട്ടീട്ടുള്ള അറിവെല്ലാം ഒരു ത്രാസിലും ബക്കിന്റെ സഹവാസത്തിൽ നിന്നും കിട്ടീട്ടുള്ള അറിവ് മറേറതിലും ആയി തൂക്കി നോക്കിയാൽ ഒടുവിൽ പറഞ്ഞതു് അധികം തൂക്കമുള്ളതായിരിക്കും." (൩൨) വേഡ്സ്വൊത്ത് കവിയുടെ സ്വഭാവത്തിന്റെ മാധുരിയും ആൎദ്രതയും അദ്ദേഹത്തിന്റെ സഹോദരി (ഡൊറോതി)യിൽ നിന്നും ലഭിച്ചതാണ്. എന്നാൽ, ഠരം ഭാഗത്തേയ്ക്കുത്തമ ദൃഷ്ടാന്തം മുൻ പ്രസ്താവിച്ച ഡാക്ടർ ആൎന്നാൾഡ് തന്നെആകുന്നു.

മഹാത്മാക്കളേ ബഹുമാനിക്കുന്നവറ് ധൎമ്മപരിഷ്കരണത്തിൽ മഹാ വിരോധിയായിരിക്കുന്ന സ്വാത്മബന്ധത്തിൽ നിന്നും മോചനം ഉണ്ടാകും. ഗുണമഹത്വങ്ങളേ ബഹുമാനിക്കുന്നവൻ, ഹീനത്വ മൌഢ്യങ്ങളിൽ നിന്നും മുക്തനാകുന്നതാണ്. ഒരു മഹത്തായകാൎയ്യം പറയുന്നവനോ

---

ത്തിൽ നിൎദ്ധനനായ് ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു പോയി; മഹാമേധാവിത്വത്തോടു കൂടി ദേഹപ്രയത്നം അനുഷ്ഠിച്ച് വമ്പനായി സ്വരാജ്യാഭിവൃദ്ധിക്കായ് വലിയ ഉദ്യോഗങ്ങൾ വഹിച്ചു പോന്നു; പ്രവൃത്തിദേവിയുടെ നിത്യോപാസകനായിരുന്നു; മിന്നലിന്റേ തത്വം കണ്ടു പിടിച്ചു. വാഴ്ച ക്രി. ശ. ൧൭൦൬-ന്റേ ആരംഭം മുതൽ അന്ത്യംവരേ.

(൩൨) ഒരു് ആംഗ്ലേയ കവിശ്രേഷ്ഠൻ; പ്രകൃതി വൎണ്ണകൻ; ടെനിസന്റേ പൂൎവ്വഗാമിയായ രാജ കവി. വാഴ്ച ക്രി. ശ ൧൭൭൦-ന്റേ അന്ത്യഭാഗം മുതൽ ൧൮൫൦-ന്റേ മദ്ധ്യംവരേ.

ചെയ്യുന്നവനോ, ഒരു ശിശുവായിരുന്നാലും മന്ത്രിയായിരുന്നാലും, പ്രിൻസ് ആൽബെർട്ടിന്ന് ഒരുപോലെ പ്രിയനായിരുന്നു.

"സ്നേഹിതാഭിവൃദ്ധിയ്ക്കു്, ഹൃദയപൂർവ്വമായ പരഗുണ ബഹുമാനംപോലെ ഫലപ്രദമായ് വേറെ ഒരുപായവും ഇല്ല; അതു് ഗുണ വിവേചനത്തിനും, ആർജ്ജവത്തിനും സൌജന്യത്തിനും സാക്ഷിയാകുന്നു." എന്നു് (൩൩) ഡാക്ടർ ജാൺസൺ പറഞ്ഞിരിക്കുന്നു. ഈ വിധമുള്ള ഒരു ബഹുമാനത്താലാകുന്നു, അദ്ദേഹത്തിന്റെ സർവ്വോത്തമമായ ഒരു ജീവചരിത്രം (൩൪)ബാസ്‌വെല്ലിനാൽ എഴുതപ്പെടാൻ ഇടയായതു്. എന്നാൽ, അനുദാര മനസ്കന്മാരായ അല്പ ബുദ്ധികൾക്കു്, ഈ വിധം ഹൃദയപൂർവ്വ ബഹുമാനം ഉദിയ്ക്കയില്ല. ഹീനസ്വഭാവമുള്ളവരുടെ ബഹുമാനം ഹീനമായ്തന്നെ ഇരിക്കും. ബുദ്ധിയുടേ അവിശാലത്വം നിമിത്തം, ഇങ്ങനേയുള്ളവർ, അന്യന്മാരുടെ ഒരു കാര്യജയം തങ്ങളുടെ നേർക്കൊരപരാധംപോലേ ഗണിയ്ക്കും. അന്യന്റെ ന്യൂനതകളെ അവർ സഹിക്കും. എന്നാൽ, തങ്ങളെക്കാൾ നല്ലതായ് അന്യൻ ഒരു കാര്യം ചെയ്യുന്നതു് സഹിക്കയില്ല.

---

(൩൩) ഒരു ആംഗ്ലേയ വിദ്യാവിശാരദ വരിഷ്ഠൻ; ഇംഗ്ലീഷ് ഭാഷയുടെ പ്രഥമ നിഘണ്ഡു കർത്താ; ബാല്യത്തിൽ നിസ്സ്വനും രോഗിയും ആയിരുന്നു; ഒരു ധർമ്മനിഷ്ഠാ വിശിഷ്ടൻ; ബർക്ക്, ഗിബ്ബൺ, ഗോൾഡ്‌സ്മിത്ത്, ഗാരിക്ക് മുതലായവരുടെ സഹജീവിയും സഹചരനും. വാഴ്ച ക്രി. ശ. ൧൮ൻ-ന്റെ അന്ത്യം വരെ.

(൩൪) സ്കാട്ട്ലണ്ട്ദേശിയൻ; ജാൺസന്റെ ജീവചരിത്രകർത്താ. വാഴ്ച ക്രി. ശ. ൧൮ൻ-ന്റെ മദ്ധ്യം മുതൽ അന്ത്യം വരെ.

ചിലപ്പോഠം മഹൽ ചരിതം കണ്ടും കേട്ടും സദ് ബു-
ദ്ധികഠംക്ക് ഉൽഗതിക്കുത്സാഹമുണ്ടാകുന്നു. (൩൭) മിൽ-
ററിയേഡീസ് മാരത്തൻ യുദ്ധം ജയിച്ച കഥ കേട്ടു
(൩൮) തെമിസ്റേറാക്ലീസ് എന്ന ഒരു യുവാവിനെ ശൂര-
നാക്കി സാലിമിസ് യുദ്ധം ജയിപ്പിച്ചു. കാലിസ്ട്രാട്ടസ്സിൻേറ
വാഗ്വൈഭവം കൊണ്ടു് ഒരു കൊഞ്ഞക്കാരനായ (൩൯)
ഡിമാസ്തനീസ് ലോകപ്രസിദ്ധനായവാഗീശ്വരനായിത്തീ-
ൎന്നു. മഹാഗായകനായ(൩൪)മോസാട്ട്,ഹേഡനേയും പ്രകൃ-

(൩൭) മാരത്തൺ യുദ്ധത്തിൽ പാരസികരെ തോല്പിച്ച
യാവനൻ. വാഴ്ച ക്രി. മു. ൫-ാംശതാബ്ദം.

(൩൮) സാലമിസ് യുദ്ധത്തിൽ പാരസികരേതോല്പിച്ച
യാവനൻ. വാഴ്ച ക്രി. മു. ൫-ാം ശതാബ്ദം.

(൩൯) ലോകപ്രസിദ്ധനായ യാവന വാഗീശ്വരൻ;
സ്വാൎത്ഥം വിട്ടു് പൌരമാഹാത്മ്യരക്ഷണത്തിനു് അഥീനി-
യന്മാരെ ബലമായ് പ്രേരണം ചെയ്യുവൻ; രാജ്യനീതി
രക്ഷകൻ; രാജ്യഭരണ സമുദായ പ്രേരകൻ; ഫ് ലിപ്പിക്കെന്നും
മററും പറയപ്പെട്ടമഹാ പ്രസംഗങ്ങളുടെ കൎത്താ; ഒടുക്കം
ആണ്ടിപെററർ എന്ന രാജ്യാധികാരിയുടെ വിരോധിയായി
ഒളിച്ചോടി; കൊല്ലാൻ വന്നവരുടെ മുമ്പിൽവച്ചു് വിഷംകുടി-
ച്ചു് മരിച്ചു.വാഴ്ച ക്രി. മു. ൪-ാംശതാബ്ദത്തിൻേറ ആദ്യഭാഗം
മുതൽ അന്ത്യഭാഗം വരെ.

(൩൪) ലോക പ്രസിദ്ധനായ സംഗീത വിശാരദൻ; ജ-
നിച്ചതു് ആസ്ത്രീയയിൽ സാഠംസ്ബൎഗ്ഗ് നഗരത്തിൽ. വാഴ്ച
ക്രി. ശ. ൧൮-ൻേറ മദ്ധ്യംമുതൽ അന്ത്യം വരെ.

തിശാസ്ത്രവിദഗ്ദ്ധനായ (൩൯) ബഫ്ഫൺ, (൪൦) ന്യൂട്ട-നേയും, ജൎമ്മൻ മഹാകവി (൪൧) ഷില്ലർ, (൪൨) ഷേക്സ്പിയ-റേയും, ഗത്തേ കാളിദാസനേയും അഗ്രഗണ്യതാപൂൎവ്വം പൂജി-ച്ചിരുന്നു.

മാനുഷ്യത്തിന്റെ ഉത്തമ ലക്ഷണത്തേ കാണിയ്ക്കുന്നതാകുന്നു ജീവ ചരിത്രത്തിന്റെ മുഖ്യ പ്രയോജനം. അതു വായിക്കുന്നവൎക്ക് നവീനശക്തിയും വിശ്വാസവും ജനിക്കുന്നു.

---

(൩൯) പരന്ത്രീസ് പ്രകൃതി ശാസ്ത്രജ്ഞൻ; "സാമാന്യ പ്രകൃതിശാസ്ത്ര"ഗ്രന്ഥത്തിന്റെ കൎത്താ. വാഴ്ച ക്രി. ശ. ൧൭-ന്റെ ആദ്യംമുതൽ അന്ത്യഭാഗം വരെ.

(൪൦) പ്രകൃതി ശാസ്ത്രവരിഷ്ഠൻ; ആംഗ്ലേയൻ; തുലക്കണ്ണാടിയുടെ പരിഷ്കരണത്താൽ അനേകം പ്രകൃതി തത്വങ്ങൾ കണ്ടുപിടിച്ചവൻ; ഗുരുത്വധൎമ്മത്തിന്റെ പ്രഥമ പ്രദൎശകൻ. വാഴ്ച ക്രി. ശ. ൧൬-ന്റെ മദ്ധ്യം മുതൻ ൧൭-ന്റെ ആദ്യം വരെ.

(൪൧) ജൎമ്മൻ കവിശ്രേഷ്ഠൻ; നാടക കൎത്താ; ഗത്തേയുടെ സഹജീവിയും സഹചരനും; ഷേക്സ്പിയരുടെ കൃതികൾ ജൎമ്മൻഭാഷയിൽ ഭാഷാന്തരം ചെയ്തവൻ. വാഴ്ച ക്രി. ശ. ൧൭-ന്റെ മദ്ധ്യം മുതൽ ൧൮-ന്റെ ആദ്യം വരെ.

(൪൨) ആംഗ്ലേയ കവിവരിഷ്ഠൻ, ലീയർ, മക്ബത്ത്, ഹാംലററ്, ഒത്തെല്ലൊ മുതലായ നാടകങ്ങളുടെ കൎത്താ. വാഴ്ച ക്രി. ശ. ൧൫-ന്റെ മദ്ധ്യം മുതൽ ൧൬-ന്റെ ആദ്യം-വരെ.

"വമ്പർ നടന്ന വഴി പാൎക്കിലിഹത്രവാഴ്ച
ഗംഭീരമാക്കി വയമി പൃഥുവീ തലത്തിൽ
കാലാംബുധി ക്കരകളിൽ ചുവടിൻ തടങ്ങൾ
ചാലപ്പതിച്ചു നടകൊൾവതു സാദ്ധ്യമത്രേ"
(൪൩) ലാങ്ങ്ഫെ്ല്ലൊ- ജീവിത ധൎമ്മം.

ജീവചരിത്രങ്ങൾക്ക് വിഷയീ ഭവിച്ചിട്ടുള്ള ഓരോ മഹാത്മാവിന്റേയും ജീവിതം, സത്യത്തിൽ ലോകസാമാന്യ സമ്പത്താകുന്നു. ഒരു മഹാത്മാവ്, തന്റേ ദേഹം നശിച്ചു പോയെങ്കിലും, ശ്മശാനത്തിൽ നിന്ന് നാം നടക്കാനുള്ള വഴിയേ ചൂണ്ടിക്കാണിക്കുന്നു. മഹാത്മാക്കളുടേ വാക്യരത്നങ്ങളും ജീവനോദാഹരണങ്ങളും എന്നെന്നേയ്ക്കും നില നില്ക്കുന്നവയാണ്. അവ പിൻഗാമികളുടേ ഹൃദയങ്ങളിൽ പ്രവേശിച്ച്, ജീവിത യാത്രയിൽ സഹായികളായി നിന്ന്, മരണകാലത്ത് സമാശ്വാസകരങ്ങളായിത്തീരുന്നു. ആസന്നമരണന്, തന്റേ വിശുദ്ധജീവിതസ്മരണയാൽ ഉണ്ടാകാവുന്ന ആശ്വാസം നോക്കിയാൽ ഏററവും കഠിനമായ പ്രാണവേദനയും നിസ്സാരമായിക്കാണപ്പെടും.

(൪൩) അമേരിക്കയിലെ പ്രസിദ്ധ തമ കവി. വാഴ്ച ക്രി. ശ. ൧൯-ന്റെ ആദ്യം മുതൽ അന്ത്യഭാഗം വരെ.

# ൪. പ്രവൃത്തി.

"ധീരൻ, സ്നേഹി, വിഷത്തിനെസ്സുധ, ജഡാ-
ത്മാവെബ്ബുധൻ, ദുഷ്ടനേ
ശിഷ്ടാത്മാവു, പരോക്ഷമാകുവതിനെ
പ്രത്യക്ഷമാരാക്കുമോ
അക്കത്ത്യേശ്വരിയെബ്ഭജിയ്ക്കുക! നിജേ-
ഷ്ടാപ്തിക്കു സാധോ! മുദാ
വയ്യേല്ലാ വെറുതേ ഭവദ്ഗുണചയേ
മാത്രം സ്വവിശ്രംഭണം."

ഭർത്തൃഹരി നീ. ശ്ലോ. ൯൯.

"ബലാൽ സിദ്ധി വരാഞ്ഞാലും വേലക്കൂലി തരും ശ്രമം"

കുറൾ ൬൨. ൯.

"ഉഴെയ്ക്കു നീയെന്നുമിരിപ്പവൻപോൽ
ഭുജിക്ക നീയിന്നു മരിപ്പവൻപോൽ."

ഒരു് ഇററാലിയൻ പഴഞ്ചൊല്ലു്.

"ഓരോരുത്തനും തന്റെ സ്വഭാവത്തിനു സാദ്ധ്യമായ ഉൽകൃഷ്ടതമ വൃത്തിയിൽ അതിനെ പ്രയോഗിച്ചു് തനിക്കു സാദ്ധ്യോത്തമമായതു് താൻ ചെയ്തിരിയ്ക്കുന്നു എന്ന വിശ്വാസത്തോടെ മരിയ്ക്കട്ടെ." (൪൪) സിഡ്നി സ്മിത്തു്.

"സത്യം നിനയ്ക്കിലിഹ ദുഃഖസുഖങ്ങളെല്ലാ
മർത്ത്യർക്കുവെച്ച വഴിയും വിധിയും ധരിക്ക!
അന്നന്നവർക്കു പദമൊന്നുയരും പ്രകാര-
മെന്നും പ്രവൃത്തി തുടരുന്നതുതന്നൊരണ്ടും

ലാങ്ങ് ഫെല്ലോ-ജീവിതധർമ്മം.

---

(൪൪) ഒരു ആംഗ്ലേയ വിദ്യാവിശാരദൻ; സരസ വാഗ്മി; നീതി നിപുണൻ; എഡിൻബറോ റിവ്യൂ എന്ന പ്രസിദ്ധമാസികയുടെ സ്ഥാപകൻ. വാഴ്ച ക്രി. ശ. ൧൭൭൧-ന്റെ അന്ത്യ ഭാഗം മുതൽ ൧൮൪൫-ന്റെ ആദ്യം വരെ.

"പ്രവൃത്തി" എന്നതു് ശീലാചരണത്തിൽ ഒരു വിശിഷ്ടാദ്ധ്യാപകനേപ്പോലേ ആണു്. നിയമനം, ആജ്ഞാനുസരണം, ആത്മഭരണം, അവധാനത്വം, നിവേശിത്വം, ഉദ്യമം ഠരം ഗുണങ്ങളേ അതുജ്ജീവിപ്പിക്കയും ഒരോരുത്തനും അവനവൻെറ തൊഴിലിൽ കൌശലവും ജീവിത വൃത്തിയിൽ സാമർത്ഥ്യവും ഉണ്ടാക്കുകയും ചെയ്യും. പ്രവൃത്തി, മനുഷ്യജീവിത ധർമ്മവും, ഓരോ മനുഷ്യനേയും മനുഷ്യ സമുദായത്തേയും ഉയർത്തുന്ന തത്വവും ആകുന്നു. യഥായോഗ്യം ജീവിതം അനുഭവിക്കുനതിനു് എല്ലാവരും പ്രവൃത്തി ചെയ്യേണ്ടതാകുന്നു. പരിശ്രമം സദാ ബഹുമാനകരവും, അതുകൂടാതെ യാതൊന്നും സാദ്ധ്യമല്ലാത്തതും ആകുന്നു. മഹത്തായ കാര്യം ഏതും അതിനാൽതന്നെ നടത്തപ്പെട്ടിട്ടുള്ളതും, ജനപരിഷ്കാരങ്ങൾ എല്ലാം അതിൻെറ ഫലങ്ങളും ആകുന്നു. മടിഎന്നതു് വലുതായ ഒരു ശാപമാകുന്നു. "ജ്യേഷ്ഠയാമിരുളാലന്യെവാഴും, ശ്രീവാഴമുദ്യമേ" (കുറൾ ൬൨.൭.) ദേഹപ്രയത്നം അപമാനകരമെന്നു വിചാരിക്കുന്ന കൊറിയാ ദേശക്കാർ ചീനയ്ക്കും റഷ്യയ്ക്കും പണിപ്പെട്ടിരുന്നു്, ഇപ്പോൾ ജപ്പാനിനു് അധീനന്മാരായ് തീന്നിരിക്കുന്നു. ഭോഗാസക്തന്മാരായിരുന്ന പുരാതന പാരസികന്മാർ പ്രവൃത്തിജീവിതത്തിൻെറ മഹത്വം ഗ്രഹിച്ചവരല്ലെന്നു് അവരെ ജയിച്ച(൪൫)അലക്ക്സാണ്ഡർ പറഞ്ഞിരിക്കുന്നു. "പ്രവൃത്തി-

(൪൫) ലോകജിത്തെന്ന ഖ്യാതി സമ്പാദിച്ച യാവന രാജാവു്; ബാല്യത്തിലേ രാജ്യാധികാരം നോക്കി. ൨൦-ാം മത്തേ വയസ്സിൽ ദിഗ്ജയയാത്ര ആരംഭിച്ചു് പാരസികം, അറേബ്യ,ഇന്ത്യ ഈ രാജ്യങ്ങളേ ആക്രമിച്ചു. നെപ്പോളിയനെപ്പോലെ വരിഷ്ഠ വിധാനകനും മേധാവിയും ആയിരുന്ന ക്രൂരൻ. വാഴ്ച ക്രി. മു. ൪-ാം ശതാബ്ദത്തിൻേറ മദ്ധ്യംമുതൽ അന്ത്യം വരേ.

തന്നെ നമ്മുടെധൎമ്മം" എന്നു് ചരമവചനം പറഞ്ഞു് മരിച്ചു(൪൫) സെവറസ് ചക്രവൎത്തി ഭരിച്ച റോമാ സാമ്രാജ്യം പ്രവൃത്തി ശക്തിയാലാണു് നിലനിൎത്തപ്പെട്ടിരുന്നതു്. ആലസ്യവും അതിഭോഗവും വൎദ്ധിച്ചതിനോടുകൂടിയാണു്, അതിനു് ക്ഷയം തുടങ്ങിയതു്.

"ആലസ്യം മനുഷ്യൎക്കു് സ്വാതന്ത്ര്യലാഭമാണെ"ന്നു് ഒരു ലോകസഞ്ചാരി പറഞ്ഞിരിക്കുന്നു. എന്നാൽ, ആലസ്യം കുന്നുകയറാത്തതും, കഴിയുമെങ്കിൽ വിഘ്നങ്ങൾ നീക്കാൻ തുനിയാത്തതും ആകുന്നു. അതു് എപ്പോഴും മനുഷ്യൎക്കു് ഉപയോഗമില്ലാത്ത ഒരു ഭാരവും, സദാ ക്ലേശമിയററി അതൃപ്തിയേ വളൎത്തുന്ന ഒരു ശക്തിയും ആകുന്നു. "ദൈന്യവിവേചനം" എന്ന ഗ്രന്ഥത്തിന്റെ കൎത്താവായ (൪൬) ബട്ടൺ ഈ കാൎയ്യം സംബന്ധിച്ചു് പറയുന്നതാവിതു്:— "ആലസ്യം മനസ്സിന്നും ദേഹത്തിന്നും ദോഷകരമാകുന്നു; സകല ദൌഷ്ട്യങ്ങൾക്കും അതു് വിത്താകുന്നു; ഉഴെയ്ക്കാപ്പട്ടിക്കു് പുഴപ്പുണ്ടാകും; ഇതുപോലേ യാണു് മനുഷ്യരുടേ അനുഭവവും; ദേഹത്തിനേക്കാൾ മനസ്സിനാകുന്ന ആലസ്യത്തിനാൽ ദോഷമുണ്ടാകുന്നതു്; ഉപയോഗിക്കപ്പെടാത്ത ബുദ്ധി, സത്യത്തിൽ ഒരു രോഗമാകുന്നു. അതു് ആത്മാവിനു പററിയ തുരുമ്പുപോലെയാണു്; നിലവെള്ളത്തിൽ കൃമികൾ വൎദ്ധിക്കുന്നതുപോലേ അലസനിൽ ദുശ്ചിന്തകൾ വ്യാപിച്ചു് അവന്റെ ആത്മാവിനേദ്ദൂഷണം ചെയ്യുന്നു......

(൪൫) റോമിലേ ചക്രവൎത്തി. വാഴ്ച ൧൯൩- മുതൽ ൨൧൧-വരേ. ഇംഗ്ലണ്ടിൽ വച്ചു മരിച്ചു.

(൪൬) ഒരു് ആംഗ്ലേയവിദ്വാൻ. വാഴ്ച ക്രി. ശ. ൧൬-ന്റെ അന്ത്യഭാഗം മുതൽ ൧൭-ന്റെ ആദ്യഭാഗം വരേ.

ദേഹമനങ്ങളുടേ ക്ഷേമാഭിവൃദ്ധിക്കായി കഴിയുന്നെടത്തോളം ആലസ്യവും, ഏകാകിതവും ത്യജിക്കണം.” അലസന്മാരുടേ മനോഭൂമി, നിർവ്യാപാരമായിരിക്കയില്ല. അതിൽ നെല്ലുപിടിക്കാഞ്ഞാൽ കളപിടിക്കും. മനുഷ്യഹൃദയത്തിന് വൃത്തി സാധനം കൊടുക്കാഞ്ഞാൽ അത് വെറുതേ തിരുകുന്ന തിരുവക്കല്ലുപോലേ തന്നത്താനേ തിരുകി ക്ഷയിപ്പിക്കും. യാതൊന്നിലും അസാദ്ധ്യത്വം കല്പിക്കാതേ ഉദ്യമിക്കണം. “അസാദ്ധ്യമെന്നൊന്നുമില്ലെന്നോർത്തുത്സാഹിപ്പോരുയരുന്നിടും.” (കുറം നൂവ. ൭.)

വിശ്രമം അനുഭവിക്കുന്നതിന് അതിൻേറ മുൻപും പിൻപും ശ്രമം ഉണ്ടായിരിക്കണം. വളരേ സൌജന്യവും പൂജ്യതയും ഉള്ളവനും ശ്രമംകൂടാതെ വാസ്തവമായ സുഖാനുഭവം ഉണ്ടാകയില്ല. പ്രവൃത്തിതല്പരത, ഹീനവൃത്തികളേയും, ദുഷ്ടവാസനകളേയും, വൈരസ്യത്തേയും നിരോധിക്കുന്നതാണ്. സ്വാത്ഥാചരണത്തിൽ ഉണ്ടാകുന്ന ലഘുവായ ക്ലേശങ്ങളേയും വ്യഥകളേയും ചികിത്സിക്കുന്നതിന് അത് ഉത്തമ ഔഷധമാകുന്നു. ഒരുവൻേറ ജീവിതത്തിൻേറ ദൈൎഘ്യം നോക്കേണ്ടത് അവൻ അതിൽ നടത്തുന്ന കൃത്യങ്ങളേ എണ്ണീട്ടുതന്നേ ആകുന്നു; അല്ലാതേ, വയസ്സിൻേറ സംഖ്യയാലല്ല. അലസൻ, ദീൎഘായുസ്സായിരുന്നാലും കേവലം വൃക്ഷപ്രായമത്രേ.

ക്രിസ്തുമതത്തേ ബ്രിട്ടനിലും ജൎമ്മനിയിലും പ്രചാരം ചെയ്ത (൪വ) സെൻറ്ബോണിഫേസ് ഒരു കൈയിൽ വേദ-

(൪വ) ഒരു ആംഗ്ലേയ മതോപദേശി; ജൎമ്മനിയിൽ ക്രിസ്തുമതം പ്രചരിപ്പിച്ച ആൾ. വാഴ്ച ക്രി. ശ. ൭-ൻേറ മദ്ധ്യം മുതൽ ൮-ൻേറ ആദ്യഭാഗം വരേ.

പുസ്തകവും മറു കൈയിൽ ആശാരിമുഴക്കോലും കൊണ്ടാണ് വേല ചെയ്തത്. ലൂതർ, മററനേകം ജോലികളുടേ ഇടയിൽ, ഉദ്യാനനിർമ്മാണവും, തച്ചുവേലയും, കടച്ചിൽ വേലയും, ഘടികാര രചനയും കൂടി നടത്തിവന്നു. "തൻേറ രാജ്യത്തിൽ വേല ചെയ്യാതിരിക്കുന്ന ഓരോരുത്തൻേറയും മടി നിമിത്തം വേറേ ആക്കോ വിശപ്പും തണുപ്പും തട്ടുന്നതാണ്" എന്ന് ഒരു ചീനാ ചക്രവർത്തി പറയുകഉണ്ടായി.

മൊററുവേലപോലും അലസതയേക്കാൾ നല്ലതാകുന്നു. എന്തെന്നാൽ, അതിനാൽ നിവേശിതമെങ്കിലും ശീലിക്കുന്നതാണ്. സുഖക്കേട് അനുഭവിക്കുന്നതിൽ പോലും അലസതയേക്കാൾ ഉതകുന്നത് പ്രവൃത്തിയാകുന്നു. അതി പ്രവൃത്തിത്വം പ്രവൃത്തി ഹീനതയോളം ദോഷകരമല്ല. ഇതിനു കാരണം, ഒടുവിലത്തേതിൽ ഏകാകിത്വ ബോധം നിമിത്തം മനസ്സു തന്നാത്താനേ ക്ഷയിപ്പിക്കുമെന്നുള്ളതാണ്.

ധാന്യം വിതയ്ക്കാതെ ഭൂമിയിൽ ധാന്യം ഉണ്ടാകുകയില്ല; അതുപോലേ മനുഷ്യബുദ്ധിയിൽ ശ്രമംകൂടാതേ ജ്ഞാനം ഉണ്ടാകുകയില്ല. വിത്തുവിതയ്ക്കുന്ന കാര്യത്തിൽ, ഒരുവൻ വിതയ്ക്കുന്നതിൻെറ വിളവ് മറെറാരുവൻ എടുത്തതായ് വരാം. എന്നാൽ, ജ്ഞാനവിഷയത്തിൽ ഒരുത്തൻേറ വിദ്യാഫലം അന്ന്യന് അപഹരിക്കാൻ കഴിയുന്നതല്ല. ജീവിതത്തിൻേറ വസന്തകാലത്തിൽ വേല ചെയ്യാഞ്ഞാൽ ഗ്രീഷ്മം വ്യത്ഥവും നിന്ദ്യവും ആയി കഴിഞ്ഞു, ഒടുക്കം കൊയിത്തിൽ കിട്ടുന്നതെല്ലാം ചാവിയായിത്തീരും. ഒരിക്കലും ഒന്നും ചെയ്യാതിരിക്കരുതെന്ന പ്രമാണത്തെ(൪൯)സർവാൾട്ടർ സ്കാട്ട് ഒരു അനുഷ്ഠേയവ്രതം പോലെ ആച-

(൪൯) സ്കാട്ട്ലണ്ടിൽ ജനിച്ച ആംഗ്ലേയ കവിയും പൂർവകഥാകർത്താവും; ജനാചാരവർണ്ണനത്തിലും പൂർവ്വാചാര

രിച്ചു. അതുപോലേ തന്നേ, "വിദ്യയില്ലാത്ത ജീവിതം മരണം തന്നേ." എന്നതു് ചരിത്രകൎത്താവായ (൰) റാബൎട്ട്സണും, "എപ്പോഴും ജോലി ചെയ്ക." എന്നതു് (൰൧) വാൾട്ടയറും, "വീക്ഷണംതന്നേ ജീവിതം." എന്നതു് (൰൨) നെപ്ളിനിയും വ്രതങ്ങളായി അനുഷ്ഠിച്ചിരുന്നു.

"അലസൻ സമയത്തേ കൊല്ലുന്നു എന്നും, ക്രമപ്രവൎത്തകൻ, നശ്വരങ്ങളായ മണിക്കൂറുകളേ വിധാനം ചെയ്തു് അവയ്ക്കു് ചിരം ജീവിതത്വവും താത്വികലക്ഷണവും നല്കുന്നു എന്നും" (൰൩) കാളരിഡ്ജ് പറഞ്ഞിരിക്കുന്നു.

---

വിവരണത്തിലും സമൎത്ഥൻ. വാഴ്ച ക്രി. ശ. ൧൮-ന്റെ അന്ത്യഭാഗം മുതൽ ൧൯-ന്റെ ആദ്യഭാഗം വരേ.

(൰) സ്കോട്ട്ലണ്ടിൽ ജനിച്ച വരിഷ്ഠനായ ആംഗ്ലേയ ചരിത്രകൎത്താ; ചരിത്രതത്വവിശാരദൻ; ഹ്യൂമിന്റെയും, ഗിബ്ബണിന്റെയും സഹജീവിയും സുഹൃത്തും. വാഴ്ച ക്രി. ശ. ൧൮-ന്റെ ആദ്യഭാഗം മുതൽ അവസാനം വരേ.

(൰൧) പരന്തിരീസ് വിദ്യാവിശാരദൻ; നാടകകൎത്താ; മഹാമേധാവി; രാജ്യനീതിജ്ഞൻ; അന്ധവിശ്വാസദ്വേഷി; സാമാന്യ ജനക്ഷേമാനുകൂലി; വാഴ്ച ക്രി. ശ. ൧൮-ന്റെ ആരംഭം മുതൽ അന്ത്യംവരേ.

(൰൨) റോമൻ പ്രകൃതിശാസ്ത്രവിശാരദൻ; അദ്വൈതമതസ്ഥൻ; "പ്രകൃതിചരിത്രം" എന്ന ഗ്രന്ഥത്തിന്റെ കൎത്താ. വാഴ്ച ക്രി. ശ. ൧-ന്റെ ആദ്യഭാഗം മുതൽഅന്ത്യഭാഗംവരേ.

(൰൩) വിശിഷ്ടനായ ആംഗ്ലേയ കവിയും വിചിന്തകനും; മഹാ സംഭാഷണവിദഗ്ദ്ധൻ; തത്വവിഷയത്തിൽ കാണ്ട്-മതാനുസാരി. വാഴ്ച ക്രി. ശ. ൧൮-ന്റെ അന്ത്യഭാഗം മുതൽ ൧൯-ന്റെ ആരംഭം വരേ.

വൃത്തിശീലനം, ക്രമാനുസരണത്തേ അഭ്യസിപ്പിക്കുന്ന-താകയാലാണു്, ശീലപരിഷ്കരണത്തിനു് അതു് സഹായി-യായിരിക്കുന്നതു്. ലഘുവൃത്തി, ഗൃഹഭരണമാകട്ടേ, രാജ്യഭ-രണമാകട്ടേ, നിത്യജീവിതവൃത്തിയിൽ അന്യന്മാരോടുള്ള സ-ഹചരണോദ്യമങ്ങളാൽ ഉൽകൃഷ്ടമായ പ്രവൎത്തക ശീലം സിദ്ധിക്കുന്നതാണു്. പ്രവൃത്തിലഭ്യങ്ങളായി ഈ പ്രകരണ-ത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ള ഗുണങ്ങളെല്ലാം, ഒരു ശരിയായ ഗൃഹിണിയുടെ ഗൃഹഭരണത്തിൽ നിന്നും സിദ്ധിക്കുന്നവയാണു്. ഓരോ പ്രവൃത്തിയുടേയും അപ്രധാ-നങ്ങളായ അംഗങ്ങളിൽപോലും ദൃഷ്ടിവയ്ക്കുന്നതു് കാൎയ്യ സിദ്ധിക്കു് വളരേ ആവശ്യകമാകുന്നു. സ്പെയിനിൽ യുദ്ധത്തിൽ പ്രവേശിച്ചിരുന്ന കാലത്തു് വെല്ലിങ്ടൻ, ഓരോ ഭടന്റെ ആഹാരം ചമയ്ക്കേണ്ട ക്രമംപോലും താൻതന്നേ ഏൎപ്പാടു ചെയ്തു. അദ്ദേഹം ഇന്ത്യയിൽ ചെയ്ത യുദ്ധങ്ങളിൽ സാ-മാനങ്ങൾ കയററിയ ചക്കടാവണ്ടികളുടേ വേഗതപോലും താൻതന്നേ നിയമനം ചെയ്തു.

മഹാത്മാക്കളുടേ ഉദ്യമം സദാ അക്ഷീണമായിരിക്കും. വെല്ലിങ്ടൺ സ്പെയിനിൽ യുദ്ധത്തിൽ ശത്രുവേ എതിൎക്കു-ന്നതിനുള്ള ശ്രമത്തിന്റെ ഇടയ്ക്കു് അയർലണ്ടിലേയ്ക്കു് ഒരു പോലീസ് റെഗുലേഷന്റെ നക്കൽ തയ്യാറാക്കി അയച്ചു. (൭) ജൂലിയസ് സീസർ സൈന്യത്തോടു

(൭) റോമൻ പുരാതന വരിഷ്ഠരിൽ അഗ്രഗണ്യൻ; പൌരനായും, രാജ്യഭരണകൎത്താവായും വാഗീശ്വരനായും, സേനാനായകനായും, വിദ്യാവിശാരദനായും, വിധാനക നീ-തിജ്ഞനായും ശോഭിച്ച ഒരു മാതൃകാപുരുഷൻ; ഒടുവിൽ റോമൻ ചക്രവൎത്തിയായിത്തീൎന്നു. വാഴ്ച ക്രി. മു. ൧-ാം ശ-താബ്ദം.

കൂടി ആല്പ്സ് പർവ്വതപങ്ക്തി കടന്നതിനിടയിൽ,ലാററിൻ ഭാഷയിലേ അലങ്കാര ശാസ്ത്രത്തേപ്പററി ഒരു പ്രബന്ധം എഴുതി. വാഷിങ്ങ്ടൺ ൧൬-ാം വയസ്സിലേ പ്രമാണങ്ങളും കൈമാററപ്പത്രങ്ങളും മററും വളരേ സൂക്ഷിച്ച് വൃത്തിയായി എഴുതി അഭ്യസിച്ചതിന്റേ ഫലം പിന്നീട്, രാജ്യയോഗനായകനായപ്പോൾ പ്രകാശമായി. രാജ്യഭരണശ്രമങ്ങളുടേ ഇടയിലാകുന്നു (൭൭) ഗ്ലാഡ്സ്റ്റൻ, (൭൮) ഹോമറിന്റേ കവിതകളേക്കുറിച്ച് ഒരു പുസ്തകം എഴുതിയതു്. ഷേക്സ്പിയർ ഒരു നാടകശാലയുടേ നായകനായിരുന്നു. ഗത്തേ ജർമ്മനിയിൽ ഒരു പ്രധാന മന്ത്രി ആയിരുന്നു. മിൽടൺ; ക്രാംവെലിന്റേ ഭരണകാലത്തു് രാജ്യകാര്യദർശി സ്ഥാനം വഹിച്ചിരുന്നു. (൭൯) ഡാന്റി ഒരു മരുന്നു കച്ചവടക്കാരനും, പിന്നീട് രാജ്യദൂതനും ആയിരുന്നു.(൮൦) ഗലിലിയോ ആദ്യം

(൭൭) ആധുനിക ആംഗ്ലേയ രാജ്യനീതിജ്ഞന്മാരിലും, വാഗീശ്വരന്മാരിലും അഗ്രഗണ്യൻ; മഹാ ധർമ്മനിഷ്ഠൻ; ജനസ്നേഹി. വാഴ്ച ക്രി. ശ. ൧൯-ന്റേ ആദ്യംമുതൽ അന്ത്യം വരേ.

(൭൮) വരിഷ്ഠ യാവന കവി; ഗാഥികാ കൃതി കർത്താ; ആദികവി. വാഴ്ച ക്രി. മു. ൯-ാം ശതാബ്ദം വരേ.

(൭൯) ഇററാലിയൻ മഹാകവി; "ദിവ്യനാടകം" എന്നു് പ്രസിദ്ധമായ ഗാഥികയുടേ കർത്താ; ഇററാലിയൻഭാഷയേ പരിഷ്കരിച്ച മഹാൻ. വാഴ്ച ക്രി. ശ. ൧൩-ന്റേ അന്ത്യം മുതൽ ൧൪-ന്റേ ആദ്യഭാഗം വരേ.

(൮൦) ഇററലിയിലേ വരിഷ്ഠ പ്രകൃതിശാസ്ത്രജ്ഞൻ; തുലാക്കണ്ണാടി മാർഗ്ഗമായി ഭൂപരിവർത്തനം വെളിപ്പെടുത്തി; അതു് ക്രിസ്തുമതവിരോധമെന്നു് കല്പിച്ച് റോമിലേ പോപ്പ് അദ്ദേ-

ഒരു വൈദ്യനായിരുന്നു. ഫ്രാംക്ലിൻ പ്രകൃതിതത്വജ്ഞാനിയായും, രാജ്യതന്ത്രജ്ഞനായും പ്രസിദ്ധി സമ്പാദിച്ചതിനു മുൻപിൽ അച്ചടിക്കാരനും പുസ്തകവ്യാപാരിയും ആയിരുന്നു. ഇന്ത്യയിലേ ശിക്ഷാ നിയമത്തിന്റെനിർമ്മാതാവായ പ്രസിദ്ധവിദേശ്ധനും വാഗീശനും ആയ (൭ൻ) മെക്കാളി "പുരാതന റോമികാഗീതങ്ങൾ" എന്ന കവിത എഴുതിയതു്, ഇംഗ്ലണ്ടിലേ ഒരു മന്ത്രിസ്ഥാനത്തിലുണ്ടായിരുന്ന ജോലികളുടേ ഇടയിലായിരുന്നു. പ്രകൃതിതത്വജ്ഞന്മാരിൽ അഗ്രേസരനായിരുന്ന സർ ഐസക്ക് ന്യൂട്ടൻ വളരേ സമർത്ഥനായ ഒരു കമ്മട്ടം സൂപ്രേണ്ടായിരുന്നു.

ആശംസാ പ്രേരിതമായ പ്രവൃത്തി ദേഹസുഖത്തിനു് അവശ്യകമാകുന്നു. മനോവ്യായാമം ദേഹവ്യായാമം പോലേ ക്രമമായി നടത്തിയാൽ സദാക്ഷേമാഭിവൎദ്ധനമാകുന്നു.

---

ഹത്തിനേ അന്ത്യപൎയ്യന്തം തടവിലാക്കി, വിചാരണയിൽ വളരേ കഷ്ടപ്പെടുത്തി. വാഴ്ച ക്രി. ശ. ൧൬-ന്റേ അന്ത്യഭാഗം മുതൽ ൧൭-ന്റേ മദ്ധ്യം വരേ.

(൭ൻ) ആംഗ്ലേയ വിശിഷ്ട വിദ്യാവിശാരദൻ; കവി; വാഗീശ്വരൻ; രാജ്യനീതിജ്ഞൻ; ഇന്ത്യൻ ശിക്ഷാനിയമത്തിന്റേ നിർമ്മാതാ. വാഴ്ച ക്രി. ശ. ൧൯-ന്റേ ആരംഭം മുതൽ മദ്ധ്യം വരേ.

## ൭. ധൈര്യം.

"ബലപതിയുടെശൌര്യം പോക്കിളംതാൻ കഥിക്കം
തരിചരകുശലത്വം ദൃശ്യമാ മൂർഗ്ഗവാതേ;
സ്വഭവിതഗുണമോരോ മാനുഷങ്കൽ, മഹത്താം
വിപദി വിശദമായ് നാം കണ്ടുകൊള്ളാമനന്യം."
(൬൦) സാമുവെൽ ഡാനിയൽ.

"മഹൽകൃതം കുപിതമാക്കി, മാനസം
പൊഴിക്കിലും ചോര, തദർത്ഥസംഗരേ,
കരുത്തിയററീടുകിലന്ത മോളവും;
തടസ്ഥമോരോന്നു ബലത്തു നില്ക്കിലും
നിനക്കന്തനം ജയകാലമുത്തമാ-
മിളയ്ക്കൊലാ സത്യമനസ്ക! നിൻശ്രമം;
നിനക്കു സമ്മാന മശങ്കമാപ്തമാ-
മൊടുക്കമെട്ടിഷ്ടഫലം കരസ്ഥമാം."
(൬൧)സീ. മക്കേ.

"ഓരോ മാനുഷ്യയുഗത്തിൽ കാണപ്പെടുന്ന ശൌര്യ-ത്തിന്, മിക്കവാറും പൂർവ്വയുഗങ്ങളിൽ അന്യന്മാരാൽ ചെയ്യപ്പെട്ട ശൂരകൃത്യങ്ങൾ പ്രേരകോദാഹരണങ്ങളാകുന്നു;

---

(൬൦) ഒരു് ആംഗ്ലേയകവി; ഷേക്ക്സ്പിയറിന്റെ സഹ-ജീവി. വാഴ്ച ക്രി. ശ. ൧൬-ന്റെ അന്ത്യവും ൧൭-ന്റെ ആദിയും.

(൬൧) സ്കോട്ട്ലണ്ടു് ദേശീയ ആംഗ്ലകവി; മാസികാലേ-ഖകൻ; വാഴ്ച ക്രി. ശ. ൧൯-ന്റെ ആദ്യംമുതൽ അന്ത്യഭാഗം വരേ.

മുൻപിരുന്ന ശൂരന്മാരുടെ പ്രേതങ്ങളുടെ കൈപ്പൂണ്ടലിനാലെന്നു തോന്നുമാറു്, മനം കലങ്ങാതെ, ആധുനികന്മാർ ഏററവും അപായകരങ്ങളായ മഹാരംഭങ്ങളിൽ പ്രവേശിയ്ക്കുന്നു.” (൩൨) ഹെൽപ്സ്.

“മയക്കമെന്ന്യേവരരത്നജാലേ,കലക്കമെന്ന്യേകടുഹാലഹാലേ,
ഉഴെച്ചവിണ്ണോരമൃതുറവോളംപിടിച്ചകാര്യംവിടുകില്ലധീരർ.”

ഭർതൃഹരി നീതി. ശ്ലോ. വ്യ.

ധൈര്യവിശിഷ്ടത്വം ഉണ്ടായിരുന്ന സ്ത്രീപുരുഷന്മാരിൽ നിന്നും ലോകത്തിനു് വളരേ ഗുണം സിദ്ധിച്ചിട്ടുണ്ടു്. ഇവിടെ, ധൈര്യം എന്നു പറഞ്ഞതു്, നായ്ക്കൾക്കു പോലുള്ള കേവലം മൃഗധൈര്യമല്ല; ധർമ്മ്യധൈര്യമാകുന്നു. അതായതു്, സത്യം പറയുന്നതിനും സ്വാർത്ഥപ്രേരണകളേ തടുത്തു് നീതി നെറികൾകൊത്തു് കൃത്യധർമ്മം നടത്തുന്നതിനും ഉള്ള ധൈര്യം. മാനുഷ്യചരിത്രത്തിൽ വർണ്ണിയ്ക്കപ്പെടുന്ന ഓരോ അഭിവൃദ്ധി പദവും സിദ്ധിച്ചിട്ടുള്ളതു്, ഓരോ മഹാവിഘ്നങ്ങളേയും വിരോധങ്ങളേയും ജയിച്ച പൂർവ്വധീരന്മാരുടെ ഉള്ളൂക്കിനാലും ശൌര്യത്താലും ആകുന്നു. അവർ, ഓരോവിധം ചിന്താകൃന്നായകന്മാരും, മഹാദേശകന്മാരും, സ്വരാജ്യസ്നേഹികളും മററും ആയിരുന്നു.

---

(൩൨) ആംഗ്ലേയ രാജ്യനീതിജ്ഞനോം ഗ്രന്ഥകർത്താവും; സാമുദായിക പരിഷ്കാരം, രാജ്യനീതി, എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പററി “സ്നേഹിതയോഗം” എന്നുംമററും അനേക ഗ്രന്ഥങ്ങളുടെ കർത്താ; ബഹുസൂക്ഷ്മബുദ്ധി; വിക്ടോറിയാ ചക്രവർത്തിനിയുടെ ആജ്ഞയനുസരിച്ചു് പ്രിൻസ്-ആൽബർട്ടിൻേറ ജീവചരിത്രം എഴുതി. വാഴ്ച ക്രി. ശ, ൧൯-ൻേറ ആദി മുതൽ അന്ത്യഭാഗം വരേ.

"നൊന്തെത്രകാമുകരുഴന്നയിരെണ്ണയേറെ
ഗ്രന്ഥങ്ങളിൽ ചെലവഴിച്ചുള്ളതോത്തമയ്ക്കായ്
തന്മോചിതം വസനമാത്ര മതിശ്രമത്തിൻ
സമ്മാനമായഥ ലഭിച്ചു സുതൃപ്തരായാർ!
സശ്രദ്ധമാത്തമവളെച്ചിലർ നാടി, ദീർഘ-
നിശ്വാസബദ്ധകര മന്യരുപാസചെയ്താർ.
എന്നാലൊട്ടുക്ക മുദിതം വരമാനുഷൌഘം
തന്നേ, തദത്ഥമരുചെയ്തതിനോട്ടുകൂടി
നാനായപായകരമാം പണിചെയ്തവർക്കായ്,
പിന്നേ, തദീയ മഹദൈശ്വര പൂർണ്ണരൂപം
മിന്നീട്ടു മാഞ്ഞൊരതിമോദമൊടാസ്പദിച്ചി-
ജ്ജന്മംത്യജിച്ചതനുരാഗവിവൃദ്ധിയാലേ"

(൩൨) ജേ. പി. ലവ്വൽ.

തന്റേ സഹജീവികൾ വിശ്വസിച്ചു വന്നിരുന്ന കല്പിത ദേവന്മാരേ നിഷേധിച്ച്, ധമ്മതത്വൈക സ്വരൂപിയെ മാത്രം വിശ്വസിയ്ക്കാനുപദേശിച്ച സാക്രെട്ടീസ്, അസാധാരണ ദക്ഷത്വത്താലും കക്ഷിപ്പിണക്കത്താലും, ദേവദ്വേഷി എന്നും, ബാലദൂഷിയെന്നും കുററം ആരോപിയ്ക്കപ്പെട്ട് ൭൦-ാം വയസ്സിൽ വിഷംകുടിച്ചു മരിയ്ക്കാൻ നിർബ്ബന്ധിതനായ് തീൎന്നു. നായകസദസ്സിന്റേ വിധിപ്രകാരം ചാകുന്നതിനുള്ള സമയം അടുത്തപ്പോൾ, "ഇപ്പോൾ നാം പിരിഞ്ഞു പോകാനുള്ള കാലമായി; ഞാൻ, മരണത്തിലേയ്ക്കും, നിങ്ങൾ ജീവിതത്തിലേയ്ക്കും; എന്നാൽ, നമ്മളിൽ

(൩൨) അമ്മേരിക്കൻ കവി; ഗദ്യകാരൻ; രാജ്യനീതിജ്ഞൻ; സമുദായ സ്നേഹിയായ വിശാലബുദ്ധി; ഇംഗ്ലണ്ടിലേയ്ക്കു അയച്ച അമ്മേരിയ്ക്കയിലെ ദൂതൻ. വാഴ്ച ക്രി. ശ-൧൯-ന്റേ ആദ്യഭാഗം മുതൽ അന്ത്യം വരേ.

ആക്കാണ് ശ്രേഷ്ഠഗതിഎന്നതു് ഠരംശപരന്തന്നേ അറിയാം.”
എന്ന പറഞ്ഞു്, ആത്മനിത്യതയേപ്പററി ദീഘപ്രസംഗം
ചെയ്താണദ്ദേഹം വിഷം കുടിച്ചതു്. ഇതുപോലെതന്നേയാ-
ണ് ഏശുക്രിസ്തുവിൻെറ മരണവും. സ്വമതോപദേശിക-
ളുടെ നടപടികളെ വെളിപ്പെടുത്തി, അദ്വൈതത്തെ
പ്രവദിച്ചതിന്, സദ്വൃത്തനും തത്വജ്ഞാനിയും ആയ
(ന്നർ) ബ്രൂണോ, അഗ്നിപ്രവേശംചെയ്യിക്കപ്പെട്ടു. ഇപ്പോൾ
വ്യവസ്ഥിതമായിരിക്കുന്ന ഭൂപരിവത്തനമതത്തെ പ്രവദിച്ച
ഗാലിലിയോ, ൭൦-ാം വയസ്സിൽ മതദ്വേഷിയെന്ന അപരാ-
ധത്തിന് ബന്ധനത്തിൽ കഷ്ടപ്പെട്ടു. മരണാനന്തരം അ-
ദ്ദേഹത്തിനായ് പ്രേതസ്തംഭസ്ഥാപനം പോലും (ന്നാ) പാ-
പ്പാവിനാൽ നിരോധിയ്ക്കപ്പെട്ടു. അനന്തരം സ്ഥാപിയ്ക്കപ്പെട്ടു

(ന്നർ) ഇററാലിയൻ അദ്വൈത തത്വജ്ഞാനി; ധീരബുദ്ധി; പുരുഷേശ്വരവാദദ്വേഷി; ക്രിസ്തുമത പൂവ്വാചാരാക്ഷേപകൻ; ക്രിസ്തുദിവ്യകമ്മാവിശ്വാസി; പൂവ്വജ്യൂതമതാക്ഷേപകൻ; വിമതത്വം നിമിത്തം പാപ്പാവിൻേറ (പോപ്പ്) സഭയാൽ അഗ്നിപ്രവിഷ്ടനായി. വാഴ്ച ക്രി. ശ. ൧൬൦൦-ൻേറ മദ്ധ്യം.

(ന്നാ) ദൈവനിയോഗത്താൽ സവ് ക്രിസ്തീയസമുദായങ്ങളിന്മേൽ ആത്മീയലൌകിക നായകത്വത്തിനവകാശം പറഞ്ഞു് റോമാ നഗരത്തിൽ പരമ്പര ക്രമത്തിൽ തിരഞ്ഞെടുത്തുവന്ന ക്രിസ്തുമതാചാര്യൻ; പഴേ ക്രൂററിൻേറ നായകൻ; പ്രസ്തുത പാപ്പാ, പാൾ പഞ്ചമൻ. വാഴ്ച ൧൬൦൫ മുതൽ ൧൬൨൧ വരേ.

ചില രസവാദതത്ത്വങ്ങളേ കണ്ടുപിടിച്ച (൩൩) റജർ-ബേക്കൺ ക്ഷുദ്രക്കാരൻ എന്ന അപരാധസ്ഥാപനത്തിനു പാത്രീഭവിച്ചു. ശാരീരശാസ്ത്രത്തിലെ ചില തത്ത്വങ്ങൾ കണ്ടുപിടിച്ച (൩൪)വിസേലിയസ്, പള്ളിക്കാർ മതവിരോധമെന്നു കല്പിച്ച ശരീരച്ഛേദനം ശീലിക്കയാൽ, മതദ്വേഷി എന്നു കുററപ്പെടുത്തപ്പെട്ടു. ഗാലിലിയോവിന്റെ മതത്തേ ശാസ്ത്രീയന്യായങ്ങളാൽസ്ഥാപിച്ച (൩൫) കപ്പർണിക്കസ്, (൩൬) കെപ്ലർ എന്ന മഹാത്മാക്കളുടേ മേലും ഈ കുററം ആരോപിക്കപ്പെട്ടു. ഗുരുത്വധൎമ്മത്തെ വെളിപ്പെടുത്തിയ പ്രകൃതിശാസ്ത്രജ്ഞാഗ്രേസരനും മഹാ ഭക്തനും ആയ

(൩൩) ആംഗ്ലേയ ശാസ്ത്രവിശാരദൻ; രസവാദജ്ഞൻ; ക്ഷുദ്രക്കാരൻ എന്നു മതാധികാരികളാൽ കുററം ചുമത്തപ്പെട്ടു ൧൪ വൎഷം തടവിൽ കിടന്നു. വാഴ്ച ക്രി. ശ. ൧൩-.

(൩൪) ബെൽജിയംദേശീയ ശാരീരശാസ്ത്ര വിശാരദൻ; പൂൎവ്വയൗവന ശാരീരശാസ്ത്രദ്വേഷി; ശാരീരശാസ്ത്ര വിഷയത്തിൽഅനേകനവതത്ത്വപ്രദൎശകൻ;പാപ്പാവിന്റെ ക്രിസ്തുമത പരിശോധകസഭയാൽ കല്പിതാപരാധൻ; നാടുകടത്തപ്പെട്ടു. വാഴ്ച ക്രി. ശ. ൧൬-ന്റെആദ്യംമുതൽ മദ്ധ്യംവരേ.

(൩൫) പ്രഷ്യാദേശീയ ജ്യൌതിഷികൻ; ഭൂപരിവൎത്തന മതസ്ഥാപകൻ. വാഴ്ച ക്രി. ശ. ൧൫-ന്റെഅന്ത്യഭാഗം മുതൽ ൧൬-ന്റെ മദ്ധ്യം വരേ.

(൩൬) ജൎമ്മനി ദേശീയ ജ്യൌതിഷികൻ; ഗ്രഹപരിവൎത്തന മണ്ഡലത്തിന്റെ ധൎമ്മത്രയത്തിൻ സ്ഥാപകൻ. വാഴ്ച ക്രി. ശ. ൧൬-ന്റെ അന്ത്യഭാഗം മുതൽ ൧൭-ന്റെ ആദ്യഭാഗം വരേ.

ന്യൂട്ടനപോലും "ഈശ്വരസ്ഥാനഭ്രംശനൻ" എന്ന അപരാധം പററാതിരുന്നില്ല. സത്യത്തിൽ, പ്രകൃതിശാസ്ത്രത്തിലും പ്രകൃതിചരിത്രത്തിലും സാരമായ യാതൊരു മഹാദർശനത്തിനും ഒരം മതദ്വേഷമെന്ന ആക്ഷേപം അജ്ഞന്മാരിലും അന്ധവിശ്വാസികളിലും നിന്ന് വരാതിരുന്നില്ലെന്നുതന്നെ പറയാം. എന്നാൽ,ഇങ്ങനെ ആക്ഷിപ്തന്മാരായ മഹാത്മാക്കളെ ഇപ്പോൾ ലോകർ നന്ദിപൂർവ്വം പൂജിയ്ക്കുന്നു. വിമതിസഹനത്തിന് ഇതൊരു പാഠമാകുന്നു. ലോകം ഈശ്വരലേഖനമാകുന്നു. ആ ലേഖനത്തിന്റെ സൂക്ഷ്മാർത്ഥം ഗ്രഹിക്കുന്നതിന് ചെയ്യപ്പെടുന്ന ശ്രമം ഏതും ദൈവദൂഷണം അല്ല, ദൈവഭൂഷണമത്രേ; എന്തെന്നാൽ, ഇതിനാൽ, ഈശ്വരന്റെ യഥാർത്ഥമായ ശക്തിയുംഗുണവും അധികം പ്രകാശിയ്ക്കാനാണിടയുള്ളത്.

പ്രകൃതിവിദ്യാവിഷയത്തിൽ എന്നപോലേ ആത്മവിദ്യാവിഷയത്തിലും മനഃസാക്ഷിയെഅനുകരിയ്ക്കുന്ന കാര്യത്തിൽ ധീരത്വം കാണിച്ചിട്ടുള്ളവരുടെ ശൌര്യം യുദ്ധശൌര്യത്തെക്കാൾ ബഹു മാന്യമാകുന്നു. * ക്രിസ്തുസായൂജ്യകർമ്മത്തിൽക്രിസ്തുവിന്റെ ശ്രപ്രവേശനമുണ്ടെന്ന മതത്തെ നിഷേധിച്ച അന്ന എന്ന ഒരു ആംഗ്ലേയസ്ത്രീ സ്വമതനിരാകരണം ചെയ്യായ്കയാൽ, അതികഠിനദേഹദണ്ഡനം സഹിച്ചു. പഴേ ക്രൂരമതത്തെ മറുത്ത (൧)ലാററിമരും,(൨)റിഡ്‌ലിയും, അഗ്നിസ്തം-

* ക്രിസ്തുവിന്റെ ശരീരത്തോട് ഐക്യം പ്രാപിയ്ക്കുന്നതിനുള്ള "കുർബാന" എന്ന കർമ്മം.

(൧) ആംഗ്ലേയമതോപദേശി; പുത്തൻ ക്രൂര മതത്തിന്റെ പ്രമുഖ്യപ്രചാരകൻ; സത്യസന്ധൻ; ജ്ഞമാഗ്ഗി; വിദേശഗമനത്താൽ സ്വരക്ഷ തേടാത്ത ധീരൻ. വാഴ്ച ക്രി. ശ. ൧൫-ന്റെ ആദ്യഭാഗം.

(൨) ലാററിമറിന്റെ സഹജീവിയും സമഭാവനും. വാഴ്ച ക്രി. ശ൧൫-ൻേറ ആദ്യഭാഗം.

ഭത്തിലേയ്ക്കു നയിയ്ക്കപ്പെട്ടപ്പോൾ, പരസ്പരം, ആലിംഗനം ചെയ്തു്, തൈല ലേപനത്തിനെന്നപോലേ, തീയ്ക്കു കവിൾ കാണിച്ചു് വേദനകൂടാതെ സന്തുഷ്ടരായ് ഇങ്ങനെപറഞ്ഞു് മരിച്ചു:—"സഹോദരാ തപിയ്ക്കേണ്ടാ. ഠംശ്വരകൃപയാൽ, ഒരിയ്ക്കലുംകെടാത്ത ഒരു ദീപം നമുക്കിന്നു് ഇംഗ്ലണ്ടിൽ കൊളുത്താം." അവർ കൊളുത്തിയദീപം ഇപ്പോഴും ഉജ്ജ്വലിച്ചു തേറിവരുന്നത്രേ. മതവിഷയത്തിൽ രാജാധിപത്യം നിഷേധിച്ച (വെ) സർ താമസ്മോർ അതിലേയ്ക്കായി മരണശിക്ഷ ലഭിക്കുമെന്നു് തീർച്ചയായപ്പോൾ സ്വമത വിജയപ്രാപ്തിക്കു് കൃതജ്ഞതാപൂർവ്വം ഠംശ്വരനെ വന്ദിച്ചു മരിച്ചു. സ്വമത നിഷേധനത്താൽ വരാൻപോകുന്ന അപായം ഒരാൾ മുൻകൂട്ടി തെര്യപ്പെടുത്തിയപ്പോൾ, "അങ്ങനെ ആയാൽ നീയും ഞാനും തമ്മിലുള്ള വ്യത്യാസം ഇത്രതന്നെ. ഞാൻ ഇന്നും നീ നാളെയും മരിയ്ക്കും" എന്നു് മറുപടി പറഞ്ഞ ലൂതറിന്ന് ഭാഗ്യവശാൽ ജീവിത ത്യാഗത്തിനിടവന്നില്ലെങ്കിലും, അദ്ദേഹം മേൽപറഞ്ഞവക്കൊപ്പം ധീരത കാണിച്ചവനും, യൂറോപ്പിൽ ആധുനിക ചിന്താസ്വാതന്ത്ര്യത്തിനും ബുദ്ധിസ്വൈരതയ്ക്കും ഉൽപാദകനും ആയിരുന്നു. പാപ്പാവിന്റെ അധികാരം നിഷേധിച്ചതിനും തദ് ബഹിഷ്കരണപത്രത്തെ പരസ്യമായി തീയിലിട്ടുചുട്ടതിനും, ജമ്മൻ ചക്രവൎത്തിയാൽ (ചാറൽസ് പഞ്ചമനാൽ) രാജ്യഭ്രംശം ചെയ്യപ്പെട്ടപ്പോൾ ലൂതർ ഇപ്രകാരം പറഞ്ഞു:—

(വെ) അതിപ്രശസ്തനായ ഒരു ആംഗ്ലേയ വിദ്വേഷൻ; പ്രധാന ന്യായാധിപൻ; ഹെൻറ്റി അഷ്ടമന്റേ അക്രമമായ ദ്വിതീയ വിവാഹത്തിനെ ആക്ഷേപിച്ചതിന കള്ളക്കുറ്റാരോപണത്താൽ വധശിക്ഷ അനുഭവിച്ചു. വാഴ്ച ക്രി. ശ. ൧൫-ന്റേ അന്ത്യം മുതൽ ൧൬-ന്റേ മദ്ധ്യം വരേ.

"എനിക്കഞ്ഞൂറു തലകളുണ്ടായിരിക്കയും അവയെല്ലാം നഷ്ടപ്പെട്ടുകയും ചെയ്താലും ഞാൻ സ്വാമതനിരാകരണം ചെയ്യുന്നതല്ല."

കാൎയ്യജയത്തിനായ് തന്നെ എല്ലാവരും വേല ചെയ്യുന്നതെന്നിരിക്കിലും, പലപ്പോഴും ജയദൎശനം ലഭിക്കാതെ അവർ ഉദ്യമിക്കേണ്ടതായിവരും. ഇങ്ങനെ ഉദ്യമിക്കുന്നവരുടെ ശൌൎയ്യം അളക്കേണ്ടതു് സദ്യഃഫലത്തിനാലല്ല. അവരാൽ എതിൎക്കപ്പെട്ട വിഘ്നങ്ങളാലും ആ എതിൎപ്പിൽ അവർ കാണിച്ചിട്ടുള്ള ധീരതയാലുമാകുന്നു. അതിപ്രകൃഷ്ട ജയത്തെക്കാളും, ഇവയാകുന്ന ധൎമ്മ്യൌന്നത്യത്താൽ ലോകരിൽ അതിഗംഭീരമായ ഒരാകൎഷണത്തെ ജനിപ്പിക്കുന്നതു്.

എന്നാൽ, ഒരേ വിധമുള്ള ശൌൎയ്യമല്ല, സാധാരണ ലൌകികവ്യാപാരത്തിൽ ആവശ്യപ്പെടുന്നതു്. ചരിത്രവൎണ്ണനീയങ്ങളായ മഹാ കാൎയ്യങ്ങളിലെന്നപോലെ തന്നെ സാധാരണയായ നിത്യവൃത്തിയിലും, ധൈൎയ്യം കാണിക്കാവുന്നതാണ്. ഋജുമാൎഗ്ഗം ആചരിക്കുന്നതിലും, ദുഷ്പ്രേരണകളെ തടുക്കുന്നതിലും, സത്യം പറയുന്നതിലും, തൻെറ സൂക്ഷ്മസ്ഥിതിയെ കവിഞ്ഞുള്ള ഒരവസ്ഥ നടിക്കാതിരിക്കുന്നതിലും, അന്യൎക്കു നഷ്ടം വരുത്താതെ തനിക്കുള്ള മുതലിനാൽ ഉപജീവിക്കുന്നതിലും, മററിതുപോലേ അനേകകാൎയ്യങ്ങളിലും, സാധാരണന്മാൎക്കും ധൈൎയ്യം കാണിക്കാവുന്നതാണ്. ഒരേ വിധമുള്ള ധൈൎയ്യം ഇല്ലാതെ ദുൎബ്ബലവും ചപലതയും നിമിത്തമായ്, ലോകത്തു് അനേകം ക്ലേശങ്ങളും ദോഷങ്ങളും ഉണ്ടാകുന്നു. ആ ധൈൎയ്യം സിദ്ധിക്കുന്നതിനായ് ശീലത്തിന്നാധാരമായ ഇച്ഛയ നിശ്ചയാചരണം അഭ്യസിപ്പിക്കണം. എത്രയോമഹോദ്ദേശ്യങ്ങൾ രൂപീകരിക്കപ്പെട്ടാലും, പ്രവൃത്തികളായി ആവിൎഭവിക്കാതെ

അവ വാങ്മാത്രങ്ങളായി അവസാനിച്ചുപോകുന്നു. ഭോജ്യമായ ആഹാരം ഭുജിക്കാതെ കണ്ടുംകൊണ്ടിരിക്കുന്നതു്, ദേഹത്തേ ക്ഷീണിപ്പിക്കുന്നതുപോലേ തന്നേ കൃത്യമിന്നതെന്നറിഞ്ഞുംകൊണ്ടതു ചെയ്യാതിരിക്കുന്നതു് ധാർമ്മികത്വത്തിനേ ക്ഷീണിപ്പിക്കും.

ധൈര്യഹീനത, പലപ്പോഴും യൌക്തികമായ പരിഷ്കരണത്തിന്നു് വിരോധമായിത്തീരുന്നു. പല്ലു കറുപ്പിക്കുന്ന ബർമ്മാക്കാരേയും, പാദപീഡനം ചെയ്യുന്ന ചീനാക്കാരേയും, നാം പരിഹസിക്കുന്നുവെങ്കിലും, നാം തന്നേ ഓരോ പ്രകാരത്തിൽ വേഷബന്ധനത്തിലും, ആചാരബന്ധനത്തിലും, മതബന്ധനത്തിലും അകപ്പെട്ടു് വലയുന്നു. അതിതുച്ഛമായ ഒരു ജനസമ്മതി കൊതിക്കയാലാകുന്നു, ഠരം ബാധകൾ അനുഭവിക്കേണ്ടിവരുന്നതു്. എന്നാൽ, മനഃസാക്ഷിയുടെ അനുമോദം ലഭിക്കുമാറു് യഥാശക്തി തന്റെ കൃത്യധർമ്മം നടത്തുന്നതായാൽ, ഉൽകൃഷ്ടമായ ജനസമ്മതി അവശ്യം സിദ്ധിക്കുന്നതാണു്. അന്യരുടേ പ്രതിരൂപമാത്രമാകാതേ, സ്വരൂപം ധരിച്ചു് വൎത്തിക്കാൻ ധൈര്യമാകുന്നു ഇതിലേയ്ക്കാവശ്യകമായുള്ളതു്. സ്വാതന്ത്ര്യത്തിനും സ്വാശ്രയത്തിനും ധീരബുദ്ധിത്വം സാരാംഗമാകുന്നു. സ്വമതം രൂപീകരിക്കാൻ തുനിയാത്തവൻ ഭീരുവും, മടിക്കുന്നവൻ അലസനും, കഴിയാത്തവൻ മടയനും ആകുന്നു. ഋജുവായവൻ വഞ്ചകത്തിനും, സത്യവാൻ പൊളിക്കും, നീതിമാൻ പരപീഡനത്തിനും, ശുദ്ധമനസ്കൻ ദുഷ്ടിനും അപന്യായത്തിനും വിരോധികളാകുന്നു. അവർ അതുകളോടു് നിരന്തരം പോർചെയ്തു് തോല്പിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്യുന്ന ധീരന്മാരാകുന്നു ലോകത്തിന്റെ ധർമ്മശക്തി സ്വരൂപികൾ. അവരാകുന്നു സത്യത്തിൽ ലോ-

കനിയന്താക്കൾ. ധർമ്മിഷ്ഠനും ഊൎജ്ജിതനും ആയ ഏകന്റെ ജീവിതം പോലും പിൻഗാമികളേ ഉജ്ജീവിപ്പിക്കുന്ന ഒരു ദീപരേഖയായിത്തീരും. (൬൭) ക്ലാൎക്ക്സൺ, (൬൮) ഗ്രെൻവിൽഷാപ്പ്, (൬൯) കാബ്ഡൻ,

(൬൭) ഒരു് ആംഗ്ലേയ ലോകസ്നേഹി; ൨൫-ാം വയസ്സിൽ പാഠശാലയിൽ അടിമത്വത്തേ കുറിച്ച് ഒരു പ്രബന്ധം എഴുതിയതുമുതൽ അതു നിവൃത്തൽ ചെയ്യുന്നതിന്നായി ഉദ്യുക്തനായി,ഉദ്ദിഷ്ടവൃത്തിയെ ഉപേക്ഷിച്ച് ആഫ്രിക്കാ മുതലായ അനേകം ദിക്കുകളിൽ സഞ്ചരിച്ചും, രാജസദസ്സുകളിൽ വാദിച്ചും, പ്രബന്ധങ്ങൾ എഴുതിയും ഒരു ദാസ്യനിരാകരണ സംഘത്തിൽ അംഗമായി വേലചെയ്തു. ൪൮-ാം വയസ്സിൽ (൧൮൦൮-ൽ)ഉദ്ദിഷ്ടസിദ്ധി നിയമമുഖേന ലഭിച്ചു. വാഴ്ച ക്രി. ശ. ൧൮-ന്റെ മദ്ധ്യം മുതൽ ൧൯-ന്റെ മദ്ധ്യം വരേ.

(൬൮) ഒരു് ആംഗ്ലേയ ലോകസ്നേഹി; ക്ലാൎക്ക്സന്റെ സഹജീവിയും, സഹകരനും; ടി ദാസ്യനിരാകരണ സംഘത്തിന്റെ അദ്ധ്യക്ഷൻ.

(൬൯) ഇംഗ്ലണ്ടിനും അതിലേ പ്രജാസഭയ്ക്കും അലങ്കാരവും, പുരുഷശ്രേഷ്ഠനും, ശാന്തതമനും ആയ ഒരു് ആംഗ്ലേയ രാജ്യനീതിജ്ഞൻ; വ്യാപാരവൎദ്ധകനായിരുന്നെങ്കിലും ചെറുപ്പത്തിലേ സാമുദായിക വിഷയമായി വേലചെയ്യാൻ തുടങ്ങി. ൧൮൪൬-ൽ ധാന്യങ്ങളുടേ ഇറക്കുമതിക്ക് നിരോധകങ്ങളായ നിയമം അശേഷം നിരാകരിപ്പിച്ചു; അന്യ രാജ്യങ്ങളിലും ചെന്നു വേലചെയ്തു് വ്യാപാരസ്വാതന്ത്ര്യംസ്ഥാപിച്ചു; യുദ്ധനിരോധനത്തിനും,രാജ്യങ്ങൾതമ്മിൽമാദ്ധ്യസ്ഥ്യം വൎദ്ധിപ്പിക്കുന്നതിനും, സൎവ്വ രാജ്യാനുമതിപ്രകാരം ഒന്നു വൎഷം യോഗങ്ങൾ നടത്തി; വലിയ ഉദ്യോഗങ്ങളും സ്ഥാനങ്ങളും സുലഭ്യങ്ങളായവയെ ഉപേക്ഷിച്ച് സാമുദായികഗുണത്തിൽ

(൬൬) രാമമോഹൻ റായി, (൭) ഈശ്വരചന്ദ്ര വിദ്യാ-
സാഗരൻ, (൮) ആലൻഹ്യൂം, (൯) ഗന്ധി ഇവരെല്ലാം
ഇതിലേയ്ക്കുദാഹരണങ്ങളാകുന്നു.

---

നിരന്തരപ്രവൎത്തകനായി; സമുദായാൎത്ഥം സ്വന്തലാഭങ്ങളേ
ഉപേക്ഷിച്ചുകൂടി നിയമം സ്ഥാപിപ്പിച്ചതിനായി ജനങ്ങൾ
വരിയിട്ട് ൮൦൦൦൦ രൂപ ഇനാമായി കൊടുത്തു. വാഴ്ച
ക്രി. ശ. ൧൯-ൻേറ ആദിമുതൽ അന്ത്യഭാഗം വരേ.

(൬൬) പ്രസിദ്ധനായ ഒരു ബംഗാളി; ബ്രഹ്മസമാ-
ജസ്ഥാപകൻ; ൧൮൨൯-ൽ ഉണ്ടായ സതീനിരോധക നി-
യമത്തിൻേറ മുഖ്യോദ്യുക്തൻ; ഇംഗ്ലണ്ടിൽ വച്ചു മരിച്ചു.
വാഴ്ച ക്രി. ശ. ൧൯-ൻേറ ആദ്യം മുതൽ മദ്ധ്യം വരേ.

(൭) ബംഗാളി പണ്ഡിതൻ; ജനസ്നേഹി; സാമുദാ-
യിക പ്രയത്നവാൻ; ൧൮൫൬-ൽ വിധവോദ്വാഹത്തിൻേറ
സാധുതയ്ക്കായുണ്ടായ നിയമത്തിന് മുഖ്യോദ്യോഗി. വാഴ്ച
ക്രി. ശ. ൧൯.

(൮) ഇന്ത്യയിൽ ഒരു കലക്ടറായിരുന്ന മഹാമനസ്കൻ;
ഇന്ത്യാജനസമുദായാഭിവൃദ്ധിക്കായി ഭാരത മഹാജനസഭയേ
സ്ഥാപിച്ചു; പൂജ്യവൃദ്ധനായി ൩൨ വൎഷത്തിനു മുമ്പ് മരിച്ചു;
മരണപൎയ്യന്തം ൨൫ സംവത്സരം നിരന്തരം അതിനേ പോ-
ഷണം ചെയ്തു അനേക ഗുണങ്ങൾ സാധിച്ചു.

(൯) ഇന്ത്യാക്കാൎക്കായി, ആഫ്രിക്കായിൽ ബൂർ അധി-
കാരികളോടെതിൎത്ത് വളരേക്കാലം അനേക കഷ്ടതകൾ
അനുഭവിച്ച് ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്ന സ്വരാജ്യ-
സ്നേഹി.

ഊൎജ്ജിതമെന്നതു്, ശീലത്തിന്റെ പ്രേരകബലമാകുന്നു. അതിനോടുകൂടി വിവേകവും ആത്മവത്താവും വഹിക്കുന്നവനു് സ്വശക്തികളുടേ ഉത്തമഫലം സിദ്ധിക്കുന്നതാണു്. ഇതുകളുണ്ടായിരുന്ന ചില സാമാന്യമതികളും വളരേ ശക്തന്മാരായിത്തീൎന്നിട്ടുണ്ടു്. മഹമ്മദും ലൂതരും ഇതിലേയ്ക്കുദാഹരണങ്ങളാണു്.

ഒരു മഹാമനസ്കന്റെ ലക്ഷണം, ൨൦൦൦-വൎഷത്തിനു മുമ്പേ ആരിസ്റ്ററാട്ടൽ വിവരിച്ചിട്ടുള്ളതു്, ഇക്കാലത്തും യുക്തമായിരിക്കുന്നു. അതാവിതു്:-"അവൻസദ്ഭാഗ്യത്തിലും നിൎഭാഗ്യത്തിലും മിതനായിരിക്കും; യഥാവസ്ഥ, പൊങ്ങുന്നതിനും താഴുന്നതിനും അറിയും; ജയത്തിനാൽ സന്തുഷ്ടനാകാതേയും തോൽവിയാൽ ആൎത്തനാകാതേയുമിരിക്കും; അപായം തേടുകയോ അതുവന്നാൽ ഓടുകയോ ചെയ്കയില്ല; മിതവാങ്മിയായിരിക്കും; എന്നാൽ, വേണ്ടതാക്ക അവസരത്തിൽ സധൈൎയ്യം പ്രവദിക്കും; അന്യർതന്നേ ദ്രോഹിച്ചതിനേ ക്ഷമിക്കും; തന്നേ പുകഴ്ത്തുന്നതിലും അന്യരേ നിന്ദിക്കുന്നതിലും അപേക്ഷയില്ലാത്തതിനാൽ, അന്യരേക്കുറിച്ചും തന്നേക്കുറിച്ചും വാപുലമ്പുകയില്ല; സ്വല്പകാൎയ്യങ്ങളേക്കുറിച്ചു് സങ്കടം പറകയോ അന്യസഹായം അപേക്ഷിക്കയോ ചെയ്കയില്ല."

കുറൾ ൻവ്വ-൫ അദ്ധ്യായത്തിൽ വ്വ-൦-ൻ-൦-൧൦-൦ സൂത്രങ്ങൾ ഒടുവിൽ പറഞ്ഞ അഭിപ്രായങ്ങൾ തന്നേ പ്രസ്താവിക്കുന്നു.

"താഴുമെന്നുംമഹാനല്പൻ തന്നൊപ്പൊക്കിപ്പുകഴ്ത്തുവോൻ"(വ്വ)

"അഹംകാരം മഹാന്മാൎക്കില്ലല്പന്മാർ വിടുകില്ലതു" (ൻ)

"പരദോഷം മഹാൻ മൂടുമതേയല്പൻ പരത്തിടു" (൧൦)

സഹനശീലവും, ധൈര്യവും, ജീവിതവൃത്തിയിൽ ഫല-പ്രദങ്ങളായിരിക്കുന്നതുകൂടാതെ, ജീവിതക്ഷേമത്തിനും ഉപ-യുക്തങ്ങളാണ്. അവഹിതത്വം, ഉദ്യമം, വിദ്യാഭ്യസനം, സുമനസ്കത്വം, എന്നിവയെപ്പോലേ, അഭീരുത്വവും ഒരു അർജ്ജനീയഗുണമാകുന്നു. ധൈര്യം ഉന്നതവും സുരൂപവും ഭയം വിരൂപവും ആകുന്നു. അനുകൂലമായോ പ്രതികൂലമായോ വരുന്ന വിധിയേ വഹിക്കുന്നതിനു ശ്രേഷ്ഠമായ മാർഗ്ഗം ഒന്നു-തന്നേ. അതായതു്, രണ്ടിലും ഉന്നതനായി ചരിക്കുക.

ശീലാഭിവൃദ്ധിക്കു് മനോബലം സ്ത്രീക്കും പുരുഷനും ഒരുപോലേ ആവശ്യകമാകുന്നു. രൂപസൌന്ദര്യം, വേഗം നശിച്ചുപോകും; എന്നാൽ,മനഃസൌന്ദര്യവും ശീലസൌന്ദ-ര്യവും പ്രായത്തോടു് വർദ്ധിക്കുമത്രേ. സ്ത്രീകളുടേ ധീരതയ്ക്കു് അനേക ദൃഷ്ടാന്തങ്ങൾ ചരിത്രം ഘോഷിക്കുന്നു. (൰) അ-ക്ബർ ചക്രവർത്തി ചിറൂർ കോട്ട പിടിച്ചപ്പോൾ രാജ-പുത്രസ്ത്രീകൾ സ്വമാനരക്ഷയ്ക്കായി അഗ്നിപ്രവേശത്താൽ പ്രാണത്യാഗം ചെയ്തു. സ്കാട്ട്ലണ്ടിലേ രാജാവായ ജേംസ്പ്രഥമനേ വധിപ്പാൻ ചെന്ന ഘാതകന്മാരേ തടു-ക്കുന്നതിനുള്ള കതകിനു് സാക്ഷയില്ലെന്നു കണ്ടു്, രാജരക്ഷ-യ്ക്കായി, പുരാണങ്ങളിൽ ദശരഥൻെറ തേരച്ചുതണ്ടിൽ കൈകേയി വിരലിട്ടതായി പ്പറയുന്നതുപോലേ, സാക്ഷയുടേ സ്ഥാനത്തിൽ, (൱) കാതറയിൻ ഡഗ്ലസ് എന്ന സ്ത്രീ,

(൰) ഇന്ത്യയിലേ പ്രസിദ്ധതമനായ മുകിലൻ ചക്ര-വർത്തി; രാജ്യച്ഛിദ്രങ്ങളടക്കിയ ഏകച്ഛത്രാധിപതി; ജന-സമുദായ പരിഷ്കാരകൻ; സർവ്വമതസമദൃഷ്ടി; ജനരഞ്ജകൻ; സമാധാനരക്ഷകൻ. വാഴ്ച ക്രി. ശ. ൧൬-ൻെറമദ്ധ്യം മുതൽ അന്ത്യംവരേ.

(൱) ഒരു ഇടപ്രഭുവിൻെറ മകൾ; രാജ്ഞീസേവിനി; ഇതു നടന്നതു് വർത്ത എന്ന ശ്രമണശാലയിൽ ൧൪൩൭-ൽ.

തന്റേ കൈയിട്ടുതടഞ്ഞു. ധ്രുവമണ്ഡലത്തിലേയ്ക്കു് കപ്പൽ യാത്ര പോയി അദൃഷ്ടനാകപ്പെട്ട തന്റേ ഭർത്താവിനേ അന്വേഷിച്ചു് (൮൨) ലേഡി ഫ്രാൻക്ലിൻ എന്ന മഹതി പത്തു വർഷംവലഞ്ഞു. ലോകസ്നേഹിനികളായ (൮൩)മിസ്-കാർപ്പെണ്ടറും (൮൪)മിസ് നൈട്ടിംഗേലും ബാല്യം മുതല്ക്കേ

---

(൮൨) ഇവരുടേ ഭർത്താ (ആംഗ്ലേയൻ സർ ജാൺ-ഫ്രാൻക്ലിൻ) വാകുന്നു ധ്രുവമണ്ഡലത്തിൽ ഉത്തരപശ്ചിമപാഥംകണ്ടുപിടിച്ചതു്. (൧൮൪൭-ൽ)ആ യത്നത്തിൽ അദ്ദേഹവും കപ്പലും നഷ്ടപ്പെട്ടുപോയാറേ, ഭാര്യ തന്റേ സർവ്വസ്വവും വ്യയംചെയ്തു് രണ്ടുപ്രാവശ്യം കപ്പലുകളേ ഒരുക്കി അയച്ചു. ഒടുക്കം നഷ്ടപ്പെട്ട കപ്പലിലേ ചില റിക്കാർട്ടുകളും മൃതന്മാരുടേ അസ്ഥികളും കണ്ടുകിട്ടി; അപായം വന്ന സ്ഥലവും മറ്റും തീർച്ചപ്പെടുത്തി.

(൮൩) ഒരു് ആംഗ്ലേയസ്ത്രീ; ലോകസ്നേഹിനി; ൧൮൩൫-ൽ "സാധുവൃത്തിരക്ഷണസംഘം" ഏല്പെടുത്തി ൨൦ വർഷം നടത്തി; സാധുവിദ്യാശാലകളും രാപ്പള്ളിക്കൂടങ്ങളുംസ്ഥാപിച്ചു; ൧൮൫൨-ൽ ദുർഗ്ഗുണപരിഹാരശാല ആരംഭിച്ചു് അതിലേയ്ക്കു് നിയമമുണ്ടാവാൻ വേലചെയ്തു; ൧൮൫൪-ൽ അതു് സാധിച്ചു. നാലു പ്രാവശ്യം സ്ത്രീവിദ്യാഭ്യാസാദികൾ നടത്തുന്നതിനു് ഇന്ത്യയിൽവന്നു വേലചെയ്തു; ബെംഗാളിൽ "സാമുദായിക ശാസ്ത്രീയ യോഗം" സ്ഥാപിച്ചു. വാഴ്ച ക്രി. ശ. ൧൯-ന്റേ ആരംഭം മുതൽ അന്ത്യം വരേ.

(൮൪) ഒരു് ആംഗ്ലേയസ്ത്രീ; മഹാർദ്രചിത്ത; പ്രാണിസ്നേഹിനി; ലോകഭാവിനി; അതിലേയ്ക്കായി ഫ്രാൻസിലും ജർമ്മനിയിലും ചെന്നു് ചികിത്സശാലാഭരണം അഭ്യസിച്ചു; ൧൮൫൪-ൽ ക്രിമീയയിൽ ഉണ്ടായ യുദ്ധത്തിൽ വ്രണിതരോഗികളേ ചികിത്സിക്കാൻ പോയി വിളരേ ജീവരക്ഷണം

ചികിത്സ മുതലായതു് അന്യ രാജ്യങ്ങളിൽ ചെന്നഭ്യസിച്ചു് സാധുസംരക്ഷണത്തിനായും ദീനരക്ഷണത്തിനായും, സ്വ-ജീവിതം സമൎപ്പണം ചെയ്തു് വളരേ കഷ്ടതകഠം അനുഭവിച്ചു.

സ്ത്രീകഠംക്കും പുരുഷന്മാൎക്കും മനസ്സുള്ളപക്ഷം സഹ-വാസികളെ സഹായിക്കുന്നതിനുണ്ടാകാവുന്ന അവസരങ്ങഠം അസംഖ്യങ്ങളാകുന്നു. സേരാമാർട്ടിൻ എന്ന ഒരു പാവപ്പെട്ട ആംഗ്ലേയ സ്ത്രീ ബാല്യം മുതല്ക്കേ തയ്യൽപണിയിൽ കിട്ടി-യിരുന്ന സ്വല്പമായ ആദായംകൊണ്ടു് കാലംകഴിച്ചുവ-ന്നെങ്കിലും, പരോപകാരപ്രേരണ മുഴിക്കയാൽ, ഒരു ബന്ധ-നശാലയിൽ അതി നികൃഷ്ടമായ ഒരു കുററാളിയേ തുടൎന്നു ചെന്നു് മതോപദേശം ചെയ്കയും, പിന്നീടു്, പാവപ്പെട്ട തടവുകാൎക്കു് പരക്കേ അക്ഷരാഭ്യാസവും സന്മാൎഗ്ഗോപദേ-ശവും, ൨൦ വൎഷം അക്ഷീണമായി ചെയ്തു് പരേതയായി. അവളുടേ വൃത്തിയെക്കുറിച്ചുവഠം എഴുതീട്ടുള്ള കവിതയുടേ താല്പൎയ്യം പ്രകാശിപ്പിക്കുന്ന ഒരു ഭാഗം താഴെ ഭാഷാന്തരീ-കരിച്ചിരിക്കുന്നു:—

"പരാനുഗ്രഹം ചെയ്വാൻ കരുതൽ ദൈവലക്ഷണം"

---

ചെയ്തു. അതിലേയ്ക്കു് ൫൦൦൦൦ രൂപ വരിയിട്ടിനാമായി ലഭിച്ചതുകൊണ്ടു് ജനോപകാരപ്രദമായ ഒരുചികിത്സാശാല സ്ഥാപിച്ചു. വാഴ്ച ക്രി. ശ. ൧൮൯-ൻേറ ആദ്യം മുതൽ ൨൦-ാംൻേറ ആദ്യം വരേ.

## ൬. ആത്മഭരണം.

"തന്നാൽ താൻ ജിതനാകുമ്പോഠം
തന്നേ താൻ തൻെറ ബന്ധുവാം
തന്നെത്താനൊട്ടടക്കാഞ്ഞാൽ
പിന്നെത്താൻ തൻെറ ശത്രുവാം."
ഭഗവൽഗീത. ൬-൬.

"മാനവും ലാഭവും എപ്പോഴും ഒരു പൈയ്യിൽ തന്നേ അടങ്ങിക്കാണപ്പെട്ടകില്ല." (വ്വ൫) ജാജ്ജ് ഹെർബെട്ട്.

"ഓരോരുത്തനും തന്നേ ഭരിയ്ക്കുന്നതുതന്നേ വാസ്തവമായ സ്വാതന്ത്ര്യം." (വ്വ൬) പത്തീസ്.

"ദീഘക്ഷാന്തിസഹനങ്ങളിലാകുന്ന സ്ത്രീപുരുഷന്മാരിലുള്ള സദ്ഗുണം മിയ്ക്കവാറും വ്യക്തമാകുന്നതു്." ഹെൽപ്സ്.

"അടക്കംസ്വത്തുപോൽകാപ്പോനാൽ കൈ്വെശ്വര്യമാപ്തമാം"
കുറഠം ൧൨. ൨.

ധ്രുവം പകന്ന ധൈയ്യം തന്നേ ആകുന്ന ആത്മഭരണം. അതു് ശീലത്തിൻേറ മുഖ്യാംശമാകയാൽ, "മനുഷ്യൻ മുന്നും പിന്നും നോക്കുന്ന ഒരു ജന്തു" എന്നു് ഷേക്സ്പിയർ പറഞ്ഞിരിക്കുന്നു. വേഗ വികാരങ്ങഠക്കധീനനായി പ്പോകുന്ന

(വ്വ൫) ആംഗ്ലേയ വൈദിക കവി. ഫ്രാൻസിസ് ബേക്കൻേറ സഹജീവിയും സുഹൃത്തും. വാഴ്ച ക്രി. ശ. ൧൬-ൻേറ ആരംഭം.

(വ്വ൬) പ്രസിദ്ധനായ ഒരു ജർമ്മൻഗ്രന്ഥപ്രസാധകൻ. വാഴ്ച ൧൮-ൻേറ അവസാനം മുതൽ ൧൯-ൻേറ മദ്ധ്യംവരേ.

മനുഷ്യൻ, സത്യത്തിൽ, തന്റെ ധാർമ്മികസ്വാതന്ത്ര്യത്തെ ഉപേക്ഷിക്കുന്നു. ശീലത്തിന്റെ സാരാംശമായ ഠരം ആത്മഭരണം തന്നെ ആകുന്നു കേവലം പ്രാകൃതജീവിതവും ധർമ്മ്യജീവിതവും തമ്മിലുള്ള ഭേദത്തെ കാണിക്കുന്നതു്. ഒരു നഗരത്തെ അടക്കിപ്പിടിക്കുന്നവൻ ബലവാനല്ലെന്നും, തന്നെ അടക്കുന്നവൻ തന്നെ ബലവാനെന്നും ക്രിസ്തീയ വേദ ഗ്രന്ഥമായ ബൈബിളിൽ പറഞ്ഞിരിക്കുന്നു. തന്റെ കർമ്മവാങ്മനങ്ങളേ സ്വാധീനങ്ങളാക്കുന്നവൻതന്നേ ബലവാൻ· ജനസമുദായത്തെ ഹീനമാക്കുന്ന ദുരാഗ്രഹങ്ങൾ മിക്കവാറും, ആത്മഭരണം വ്യാപിച്ചാൽ, നശിച്ചുപോകുന്നതാണു്. നാട്ടുംപുറങ്ങളിൽ നിന്നും, അക്ഷരജ്ഞാനംപോലുമില്ലാത്ത പ്രാകൃതന്മാർ, കവാത്തു്മുതലായതിൽ ശീലിച്ചതിന്റെശേഷം ഭടന്മാരായിചേൎന്നു് കപ്പലുകൾ മുങ്ങുന്ന സമയങ്ങളിൽ, സ്ത്രീശിശു രക്ഷണാൎത്ഥം,കുഴപ്പം തട്ടുത്തു്, ഉഷാറായിനിന്നു് ശൂരന്മാരായി, പ്രാണത്യാഗം ചെയ്യുന്ന മഹത്വം നോക്കുമ്പോൾ, ആത്മഭരണം അഭ്യസനീയമാണെന്നു് ബോധപ്പെടുന്നു.

"മാതൃകാപുരുഷത്വത്തിന്റെ പൂൎണ്ണസിദ്ധി ആത്മഭരണത്തിന്റെ ആധിപത്യത്തെ ആശ്രയിച്ചിരിക്കുന്നു. വേഗാധീനനായ് അങ്ങോട്ടുമിങ്ങോട്ടും വലിക്കുന്ന ഓരോ താല്ക്കാലിക കാംക്ഷയ്ക്കധീനനാകാതേയും, നില തെററാതേയും, ആത്മനിയതനായ്, ഓരോകൎമ്മവും ബോധങ്ങളുടേസംഘത്തിൽ പൂൎണ്ണവിചാരംചെയ്തു് ശാന്തമായുണ്ടാകുന്ന സാമുദായിക നിശ്ചയം അനുസരിച്ചു് നടത്തുന്നതാകുന്നു ധൎമ്മാഭ്യസനത്തിന്റെ ഉത്കൃഷ്ടഫലം" എന്നു് (വ്യ) ഹെർബെട്ടു് സ്പെൻസർ

(വ്യ) ആധുനികന്മാരിൽ അതി പ്രസിദ്ധനായ ആംഗ്ലേയ തത്വജ്ഞാനി; ജീവിതശാസ്ത്രം, അന്തഃകരണ-

പറഞ്ഞിരിക്കുന്നു. വാസനകളും ശീലങ്ങളും അന്യ ഭാ-ഷകളെന്നപോലെ അഭ്യസനീയങ്ങളായിരിക്കുന്നതോടു കൂടി, ഭാഷകളേക്കാൾ ക്ഷേമത്തിന്റെ സാരാംശങ്ങളുമാകുന്നു. “ദുർമ്മനസ്കത്വവും സുമനസ്കത്വവും അവനവന് ഇച്ഛ-പോലെ ഉണ്ടാകുന്നതാണെ”ന്നും, “സുമനസ്സ് ആണ്ടൊ-ന്നിന് ആയിരം പവന്റെ ആദായത്തെക്കാൾ വില-പിടിച്ചതാണെ”ന്നും സ്വഭാവാൽ ദീനചിത്തനായ ഡാക്ടർ-ജാൺസൺപോലും പറഞ്ഞിരിക്കുന്നു. നമുക്ക് നമ്മുടെ ചിന്തകളേ നയിക്കാൻ കഴിയുമ്പോളൊക്കെ അവ സുഖ-പ്രദങ്ങളാകുമാറ് തിരിച്ചുവിടാൻ ആൎക്കും അഭ്യസിക്കാവുന്നതാണ്. ആ അഭ്യാസത്താൽ സുമനസ്കത്വം സിദ്ധി-ക്കുന്നതാണ്.

ശൂരശീലത്തിന് ആധാരമായ ക്ഷാന്തി ആത്മഭരണ-ത്തിന്റെ സൂക്ഷ്മരൂപമാകുന്നു. അത്, വാഗീശത്വം, ജ്ഞാനം, പരിശ്രമം എന്നിവയെക്കാൾ ഒരു രാജ്യനായകന് ആവശ്യ-മാണെന്ന് അസാമാന്യം അതു് വഹിച്ചിരുന്ന (വ്വ) പിററ്

---

ശാസ്ത്രം, സാമുദായികശാസ്ത്രം, ധാർമ്മവിദ്യ ഇവ എല്ലാ-വിഷയങ്ങളേയും പരിണാമവാദം അനുസരിച്ച് ഇദ്ദേഹം വിചാരം ചെയ്തിരിക്കുന്നു. വാഴ്ച ക്രി. ശ. ഫൻ-ന്റെ ആദ്യം മുതല്ക്കു്.

(വ്വ) ആംഗ്ലേയ പ്രധാനമന്ത്രി; മഹാ വിശിഷ്ടനായ പ്രധാനമന്ത്രിയുടെ മകൻ; മഹാ മേധാവി; വിശാലബുദ്ധി; വാഗീശൻ; ധീരൻ; ൨൨-ാമത്തേവയസ്സ് മുതല്ക്കേ ആംഗ്ലേയ പ്രജാസഭാനായകൻ; താൻ അനേകം പേൎക്ക് ഇടപ്രഭുസ്ഥാനം കൊടുത്തെങ്കിലും താൻ അതു് സ്വീകരിച്ചില്ല. ഫൻ വൎഷം മന്ത്രിസ്ഥാനം വഹിച്ചു. വാഴ്ച ക്രി. ശ. ഫവ്വ-ന്റെ മദ്ധ്യം മുതൽ ഫൻ-ന്റെ ആദിവരേ.

എന്ന ആംഗ്ലേയപ്രധാനമന്ത്രി പറഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിൽ ചാറൽസ് പ്രഥമൻേറ കാലത്തു് അക്രമമായി കപ്പൽവരി ഏൎപ്പെടുത്തപ്പെട്ടതിനെ മറുത്ത(൩൯)ഹാമ്പ്ഡൻ, ആത്മഭരണത്തിൽ വിശിഷ്ടനായിരുന്നു. അദ്ദേഹം മിതാഹാരനും തൻേറ വികാരരാഗങ്ങൾക്ക് സദാ അധിപതിയും ആയിരുന്നു. മിതഭാഷിയായിരുന്നെങ്കിലും നിരാക്ഷേപ ശീലവാനാകയാൽ അദ്ദേഹത്തിൻേറ ഓരോ ഭാഷിതത്തിനും വളരേ വിലമതിക്കപ്പെട്ടിരുന്നു. ആംഗ്ലേയ പ്രജാസഭയിൽ അംഗത്വം ലഭിച്ചു് ഇന്ത്യാജനസമുദായത്തിൻേറ അവകാശങ്ങൾക്കായി നിശ്ചലമായി വേലചെയ്തു്, അനേകം പ്രാവശ്യം ഭാരതമഹാജനസഭയുടെ ആദ്ധ്യക്ഷ്യം വഹിച്ചു്, ഇപ്പോൾ വാൎദ്ധക്യമാന്ദ്യതയേ പ്രാപിച്ചു് പൂനയ്ക്കു സമീപം വിശ്രമിക്കുന്ന (൪൦)ദാദാബായ് നവറോജി, ഠരം ക്ഷാന്തിവിഷയത്തിലേയ്ക്കു് ഒരു വിശിഷ്ടദൃഷ്ടാന്തമാകുന്നു. ആഫ്രിക്കയിൽ, ബൂർ ഗവൎമ്മേണ്ടിൻേറ അക്രമമായ വരിയെ ദീൎഘസഹനത്താൽ എതിൎത്തു് ഒടുവിൽ ഇപ്പോൾ ജയം പ്രാപിച്ചിരിക്കുന്ന ഗാന്ധി എന്ന ഇന്ത്യനും ഈ വൎഗ്ഗത്തിൽ ചേൎക്കാൻ യോഗ്യനാണു്. മൌനി എന്ന ഉപാഖ്യ ലഭിച്ച ഹാളണ്ടിലെ പ്രഭുവായ

(൩൯) പ്രസിദ്ധനായ സ്വരാജ്യസ്നേഹി; ആംഗ്ലേയൻ; അഗ്റ്റി; ധീരൻ; ജനസ്വാതന്ത്ര്യപ്രവാദി; മതദ്വേഷിയും നിയമഘാതകനും ആയ രാജാവിനോടെതിൎക്കുന്നതു് ന്യായമെന്നു പ്രവദിച്ചു് കൃത്യരൂപേണ സ്ഥാപിച്ചവൻ; രാജസൈന്യത്തോടെതിൎത്തു് യുദ്ധത്തിൽ മരിച്ചു; ക്രാംവെല്ലിൻേറ സംബന്ധി. വാഴ്ച ക്രി. ശ. ൧൬-ൻേറ അന്ത്യം മുതൽ ൧൭-ൻേറ മദ്ധ്യം വരേ.

(൪൦) ഒരു പാൎസിമഹാമനസ്കനും സ്വരാജ്യസ്നേഹിയും ആയ ഇന്ത്യൻ; ഇപ്പോൾ വൃദ്ധ വയസ്സായി.

(൯൧) വില്ല്യം യതവാക്കം, ശാന്തനും, അനുകൂലശീലനും ആയിരുന്നുവെങ്കിലും, പ്രവൃത്തിവിഷയത്തിൽ സമുദ്രത്തിലേ ക്ഷുബ്ധോർമ്മികൾക്കമദ്ധ്യേ നില്ക്കുന്ന പാറയെപ്പോലേ നിശ്ചലാത്മാവായിരുന്നു. വാഷിങ്ങ്ടൺ, സ്വഭാവത്താൽ വേഗവാനും, ക്ഷോഭവാനും ആയിരുന്നെങ്കിലും നിരന്തരശ്രമത്താൽ വേഗത്തേ തടുക്കയും, ക്ഷോഭത്തേ ജയിക്കയും ചെയ്ത് ഒടുക്കം ശാന്തതയും ആത്മവത്ത്വവും തനിക്ക് സഹജങ്ങളെന്ന തോന്നിക്കമാറു് ചരിച്ചിരുന്നു. അതുപോലേ തന്നേ വെല്ലിങ്ങ്ടനും നെപ്പോളിയനെപ്പോലേ ജാത്യാ കോപശീലനായിരുന്നുവെങ്കിലും, അഭ്യാസത്താൽ അപായങ്ങളിൽ ശാന്തനും ആത്മവാനുമായിത്തീൎന്നു. പ്രകൃതി വിദ്യാവിശാരദനായ (൯൨)ഫ്ാരഡേ,തീവ്രസ്വഭാവവാനായിരുന്നു

(൯൧) ഹാളണ്ട് ദേശീയനായ ഒരു് ഇടപ്രഭു; വിശിഷ്ടപുരുഷൻ; മഹാശാന്തൻ; ധീരൻ; ഫ്രെഞ്ച്‌രാജാ ഹെൻറ്റി ദ്വിതീയൻ ഉദ്ദേശിച്ചിരുന്ന ജനവധത്തെ ഇദ്ദേഹത്തെ സ്വകാൎയ്യമായി തെൎയ്യപ്പെടുത്തിയപ്പോൾ, ഇദ്ദേഹം മൌനം വഹിക്കയാൽ, "മൌനി" എന്ന ഉപാഖ്യ ലഭിച്ചു; സ്വദേശത്തിൻേറ ആധിപത്യം വഹിച്ചിരുന്ന സ്പെയിനിലെ ഫിലിപ്പ് ദ്വിതീയൻേറ ജനപീഡകളേവളരേക്കാലം എതിൎത്തു് ഒടുക്കം സ്വജനമോചനം ലഭിച്ചു; കൊലചെയ്യപ്പെട്ടു. വാഴ്ച ക്രി. ശ. ൧൬-ൻേറ ആദ്യഭാഗം മുതൽ അന്ത്യംവരേ.

(൯൨) ഒരു് ആംഗ്ലേയ പ്രകൃതിതത്ത്വശാസ്ത്രജ്ഞൻ; രസവാദ വിദ്യുച്ഛക്തി വിഷയങ്ങളിൽ വിശിഷ്ട പ്രദൎശകൻ; ചില രസാംഗങ്ങളെ കണ്ടുപിടിച്ചു; ചില വായുക്കളെ ജലീകരണം ചെയ്തു. രാജകീയ ശാസ്ത്രശാലയിൽ ൩൮ വൎഷം, ജോലി കൂടാതെ പ്രാസംഗികസ്ഥാനം വഹിച്ചു. വാഴ്ച ക്രി. ശ. ൧൯-ൻേറ ആദി മുതൽ അന്ത്യഭാഗം വരേ.

വെങ്കിലും, അഭ്യാസത്താൽ തന്റെ തീവ്രതയേ ക്ഷോഭക്രു-പത്തിൽ നിഷ്ഫലമാക്കാതെ, ജീവിതത്തിൽ ഉജ്ജ്വലിതപ്രു-ഭമായ് പരിണമിപ്പിച്ചു. ഒരു പാവപ്പെട്ട കൊല്ലന്റെ മകനായിരുന്ന ഇദ്ദേഹം ൧,൫൦,൦൦൦ പവൻ കിട്ടത്തക്ക ഒരു് ഉദ്യോഗത്തെ ഉപേക്ഷിച്ചു്, സ്വജീവിതത്തിനെ പ്രകൃതിശാ-സ്ത്രവിഷയത്തിൽ വിനിയോഗംചെയ്തു. ഇതിനാൽദരിദ്രനായ് മരിക്കാൻ സംഗതി വന്നെങ്കിലും, ൪൦ വഷത്തോളം ഇംഗ്ല-ണ്ടിന്റേ ശാസ്ത്രീയ ഖ്യാതിയെ ഉന്നമിപ്പിച്ചവനായിത്തീൎന്നു. (൪൭) സർ ജെംസ് ഉട്രാം എന്ന സേനാ നായകൻ, സി-ന്ധുദേശാക്രമണവിഷയത്തിൽവിരോധാഭിപ്രായക്കാരനായി-രുന്നെങ്കിലും, ആക്രമണം നടത്തിയതിൽ മേലധികാരിയുടെ (സർ ചാറത്സ് നേപ്പിയർ) കീഴിൽ നിൎമ്മായോദ്യമത്തോടെ വേലചെയ്തു് ജയം പ്രാപിച്ചു. എന്നാൽ, ആദ്യമേ യുദ്ധ-ത്തിന്റേ അനൗചിത്യം താൻ പ്രവദിച്ചതനുസരിച്ചു് തനിക്കു് ചെല്ലേണ്ടതായ രണായാംശത്തെ ഉപേക്ഷിച്ചു. പിന്നീട്ടു് ലക്ക്നൌനഗരവിമോചനത്തിനപുറപ്പെട്ടപ്പോൾ, സേനയുടെ പ്രധാനനായകത്വത്തിനു് താൻ അഹ്നായിരു-ന്നെങ്കിലും, ഉപനായകനായ (൪൮)ഹാവ്‌ലാക്, ചെയ്തിട്ടുള്ള

(൪൭) ഒരു ശൂരനായ ആംഗ്ലേയ സേനാനായകൻ, പൂനായിൽ അഡ്ജുട്ടൻറായി ജോലി ആരംഭിച്ചു; ൩൨-ാം വയസ്സിൽ ആഫ്ഗാൺ യുദ്ധം നടത്തി; ൩൯-ാംവയസ്സിൽ സിന്ധുദേശം റസിഡണ്ടായിത്തീൎന്നു; ശിപായി കലാപ-ത്തിൽ, ലക്ക്നൌ പിടിച്ചു; ലണ്ടനിലും കല്ക്കട്ടായിലും ഇദ്ദേ-ഹത്തിന്റെ പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്. വാഴ്ച ക്രി. ശ. ൧൯-ന്റേ ആദി മുതൽ മദ്ധ്യംവരേ.

(൪൮) ഒരു ശൂരനായ ആംഗ്ലേയ സേനാനായകൻ; ൧൮൨൪-ൽ ബൎമ്മാ യുദ്ധവും, ൧൮൩൯-ൽ ആഫ്ഗാൺ

മുൻപ്രയത്നങ്ങളെ വിചാരിച്ച്, അദ്ദേഹത്തിന് പ്രധാന നായകത്വം കൊടുത്ത് താൻ ഉപനായകൻെറ സ്ഥാനം വഹിച്ചു.

മാനസമാധാനങ്ങളോട് ജീവിതംനയിക്കാനപേക്ഷയുള്ളവൻ, അല്പാനല്പകാൎയ്യങ്ങളിൽ ഒരുപോലെ ആത്മഭരണത്തെ അവശ്യം അഭ്യസിക്കണം. വികാരങ്ങളെ വിവേകത്തിനധീനങ്ങളാക്കി ക്ഷാന്തിസഹനങ്ങളെ ശീലിക്കണം. പലപ്പോഴും ആത്മഭരണമില്ലാത്തവൻെറ നാക്ക് വളരേ ദോഷം ചെയ്യും.

"എന്തുകാക്കായ്കിലും നാവെക്കാക്കാഞ്ഞാലതുപീഡകം."
കുറൾ ൧൨൭.

വാക്‌ശല്യം പലപ്പോഴും സാക്ഷാൽ ശല്യത്തേക്കാൾ ദോഷകരമാണ്.

"തീയാൽ വ്രണികളിലുള്ളാറുമാറാ നാവേററിടും വ്രണം"
(കുറൾ-൧൨൯.)

"ബുദ്ധിമാൻെറ വായ് ഹൃദയത്തിലും, മടയൻെറ ഹൃദയം വായിലും ആകുന്നു." (൩൭) സാളമൻ.

---

യുദ്ധവും, ൧൭൭൫-ൽ മറാട്ടാ യുദ്ധവും (മഹരാജ്പൂർ), ൧൮൪൫-ൽ ശിഖ്ഖിയുദ്ധവും(സുബ്രവുൻ),൧൮൫൭-ൽ ശിപ്പായിയുദ്ധവും നടത്തി; ൧൮൫൭-ൽ ഉട്രാമിനോട് ലക്ക്നൌ പിടിച്ചടക്കി. വാഴ്ച ക്രി. മു. ൧൯൫൦-ൻറെ ആദി മുതൽ മദ്ധ്യം വരേ.

(൩൭) മഹാ തേജസ്വിയും മേധാവിയുമായിരുന്ന ഒരു പുരാതന ജൂത രാജാവ്.

"പലപ്പോഴും സ്നേഹബന്ധവും, പക്ഷേ രാജ്യക്ഷേമവും ഓരോ സ്വല്പമായ വാചകഭേദത്താൽ തിരിക്കപ്പെട്ടിട്ടുണ്ടു്."

(൪൩) ബെന്തം.

"തന്റെ മനസ്സിലിരിപ്പിനെ അടക്കിവെയ്ക്കാൻകഴിയാത്തവന്നു് വലിയ കാൎയ്യം യാതൊന്നും നടത്താൻ കഴിയുന്നതല്ലെ"ന്നു് കാർലൈൽ, ക്രാംവെല്ലിനെ വൎണ്ണിക്കുന്നതിൽ പറയുന്നു. "മൌനി" എന്നപാഖ്യ ലഭിച്ചതായ് മുൻപറഞ്ഞ ഹാളണ്ടിലെ പ്രഭു വില്ല്യം, അവിവേചകമായോ ഗൎവ്വിതമായോ ഒരു വാക്കുപോലും ഉച്ചരിച്ചിട്ടില്ലെന്നു് അദ്ദേഹത്തിന്റെ ശത്രു പോലും സമ്മതിച്ചിരിക്കുന്നു. അതുപോലെതന്നേ വാഷിങ്ടനും വളരേ വിവിക്തവാക്കായിരുന്നു. യഥാസ്ഥിതി മൌനം അവലംബിക്കാൻ അറിയുന്ന ബുദ്ധിമാൻ കാലക്രമത്തിൽ ലോകപൂജിതനായിത്തീരും. "മൌനം ആളുക; അഥവാ മൌനത്തെക്കാൾ നല്ലതു വല്ലതും പറക" എന്നായിരുന്നു (൪൭) പൈത്താഗറസ്സിന്റെ ഉപദേശം. ജ്ഞാനവും,ലോകപരിചയവുംവൎദ്ധിക്കുന്നതിനോടുകൂടിവിമതിയിൽക്ഷാന്തി വ-

---

(൪൩) അതി പ്രസിദ്ധനായ ആംഗ്ലേയ നീതിശാസ്ത്രവിശാരദൻ; ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അനുസരിച്ചാണു് ഇംഗ്ലണ്ടിലെ ആധുനിക ന്യായശാസ്ത്ര പരിഷ്കരണം മിക്കവാറും നടത്തപ്പെട്ടിട്ടുള്ളതു്. വാഴ്ച ക്രി. ശ. ൧൮-ന്റെ മദ്ധ്യം മുതൽ ൧൯-ന്റെ അന്ത്യഭാഗം വരേ.

(൪൭) യാവന തത്വജ്ഞാനി; ഇററലിയിൽ ചെന്നു താമസിച്ചു് യോഗം കൂട്ടി; സൎവ്വവസ്തുക്കൾക്കും ആധാരം സംഖ്യയാണെന്നു മതം സ്ഥാപിച്ചു; ഗണിതത്തിനു് ശാസ്ത്രീയരൂപം കല്പിച്ചു; ആഫ്രിയസ്സിലെ "മതരഹസ്യം" അനുവൎത്തിച്ചു് പുനൎജ്ജന്മവാദം സ്ഥാപിച്ചു; മാംസാഹാരവൎജ്ജി. വാഴ്ച ക്രി. മു. ൬-ന്റെ ആദ്യം മുതൽ അന്ത്യഭാഗം വരേ.

ധിക്കുന്നതാണു്. "അന്യർ ചെയ്തിരിക്കുന്ന ഓരോ തെററുകളെ നോക്കിയതിൽ, അവയെല്ലാം ഞാനും ചെയ്യത്തക്കവയായിരിക്കുന്നു" എന്നു് ലോക പരിചയത്തിന്മേൽ ഗത്തേ പറഞ്ഞിരിക്കുന്നു. "മിതത്വം, ശാന്തത്വം, പരാനുകൂലിത്വം, ആത്മശങ്കിത്വം ഇതുകൾ ലോകത്തിലെ ദുഷ്ടശീലികളെ ജയിച്ചു് സ്വാധീനപ്പെടുത്തുന്നതിനുള്ള ആയുധങ്ങളാകുന്നു" എന്നു് ബക്കു് പറഞ്ഞിരിക്കുന്നു. എന്നാൽ, ധൃഷ്ടതാമാത്രത്താൽ, ദുഷ്ടന്മാർ ഞെളിഞ്ഞു പോകാതിരിക്കുന്നതിനായു് ധർമ്മ്യകോപം പലപ്പോഴും കർത്തവ്യമാകുന്നു.

അല്പസ്വത്തുള്ളവനും യഥാകാമനയാൽ നിസ്സ്വനല്ല; അതുപോലെ തന്റെ അപേക്ഷിതങ്ങളെ കവിയുമാറു് സാധനങ്ങളുള്ളവൻ ധനികനത്രേ. തെരുവിൽക്കൂടെ വളരേ ആഭരണങ്ങൾ കൊണ്ടുപോകപ്പെട്ടതു് കണ്ടപ്പോൾ "എനിക്കപേക്ഷിതങ്ങളല്ലാതെ അനേകം വസ്തുക്കളുണ്ടെന്നെനിക്കിപ്പോൾ ബോദ്ധ്യമായി." എന്നു് സാക്രെട്ടീസു് പറഞ്ഞു. അന്യ ധനത്തെ ആശ്രയിച്ചു് അപമര്യാദയായു് ഉപജീവിക്കുന്നതിനെക്കാൾ തനിക്കുള്ളതിനെ അവലംബിച്ചു് സമര്യാദം വാഴുന്നതിനുള്ള ധൈര്യം സദ്ബുദ്ധിക്കുണ്ടാകും. സർ- വാൾട്ടർ സ്കാട്ടിനു് കടങ്ങൾ വർദ്ധിച്ചപ്പോൾ, അതുകൾ തീർക്കുന്നതിനു് അനേക സ്നേഹിതന്മാർ വരിയിട്ടു് മുതൽ ശേഖരിക്കാമെന്നു പറഞ്ഞതിനെ നിരാകരിച്ചു്, അന്ത്യകാലത്തിൽ കഠിനരോഗപീഡയോടുംകൂടി നിത്യപ്രയത്നംചെയ്തു് ഹ്ര കൃതികളോളം നിർമ്മിച്ചുണ്ടായ മുതൽകൊണ്ടു് സകല കടങ്ങളും തീർത്തു് താഴെ പറയുന്നവണ്ണം തന്റെ ജാമാതാവിനെ ഉപദേശിച്ചു മരിച്ചു. "നീ സന്മാർഗ്ഗിയും, മതാനുസാരിയും, സൽഗുണവാനും ആയിരിക്കണം; നീ ഇവിടെ കിടക്കാറാകുമ്പോൾ, വേറെ ഒരുപ്രകാരത്തിലും നിനക്കാശ്വാസം സിദ്ധിക്കയില്ല."

# ൧. കൃത്യധർമ്മവും സത്യവും.

"സുപ്തനായ് സ്വപ്നേ ശോഭാവത്തായ് കണ്ടേൻ സ്വജ്ജീവനേ
ബുദ്ധനായപ്പോളജ്ജീവൻ കൃത്യമാത്രമെന്നു കണ്ടു ഞാൻ."

"കൃത്യബോധം, ഓർത്താൽ, എന്തത്ഭുത സ്വഭാവമാകുന്നു! പ്രിയപ്രേരണയാലോ, പുകഴ്ത്തലിനാലോ, ശാസനയാലോ അല്ല അതു് പ്രവർത്തിക്കുന്നതു്; പിന്നെ, തന്റെ ധർമ്മസ്വരൂപത്തെ ആത്മാവിൽ നിലനിറുത്തീട്ട്; നിത്യാനുസരണത്തെ അല്ലെങ്കിലും നിത്യബഹുമാനത്തെ ആകർഷിക്കുന്നു; കാമാദികളെല്ലാം ഒളിവായി അതിനെ എത്രതന്നെ മറുത്താലും അതിന്റെ മുമ്പിൽ മൌനികളായ്പ്പോകുന്നു."

(ൻവ്വ) കാണ്ട്.

"പരേച്ഛാധീനനാകാതേ, നെറിയാം കൌശലത്തൊടും
സന്മനോ വർമ്മധൃക്കാവോൻ ധന്യം ജാതൻ സുശിക്ഷിതൻ;
രഹഃസ്ഥിതി ജനഖ്യാതി സ്പൃഹയാലനിബദ്ധമായ്
രാഗമുക്തം തദാത്മാ, മൈത്ര്യാഗം ചെയ്വാൻ ഹിതം സദാ;
ഭ്രംശഭീത്യുദ്ഗതിപ്രാർത്ഥം കെഞ്ചിപ്പണിയുകില്ലവൻ;
ഭൂമിയില്ലാ സ്സ്വരാഡാം സർവ്വസ്വാമിയായ് നിസ്വനാമവൻ."

(ൻൻ) വൊട്ടൺ.

---

(ൻവ്വ) ൧൮-ാം ക്രിസ്തുശതാബ്ദത്തിൽ പ്രസിദ്ധതമനായ തത്വജ്ഞാനി; ജർമ്മനി ദേശീയൻ; കാലാകാശ നിമിത്തതത്വങ്ങൾ ബുദ്ധിയുടെ സ്വസിദ്ധരൂപങ്ങൾ എന്നു് "ശുദ്ധബുദ്ധിവിചികിതി" എന്ന ഗ്രന്ഥത്തിൽ സ്ഥാപിച്ചു.

(ൻൻ) ഒരു് ആംഗ്ലേയ വിദ്യാവിശാരദൻ; ഇംഗ്ലണ്ടിലെ ജേംസ് പ്രഥമനെന്ന രാജാവിന്റെ ദൂതനായ് ഇററലിക്കും മററും അയയ്ക്കപ്പെട്ടു. വാഴ്ച ക്രി. ശ. ൧൬-ന്റെ മദ്ധ്യം മുതൽ ൧൭-ന്റെ ആദ്യഭാഗം വരേ.

ൻ.

"ചെയ്യാനുള്ളതിനെസ്സക്തി കൈവിട്ടെന്നും നടത്തുക
അവ്വണ്ണം ചെയ്കയാലല്ലോ ചൊവ്വേ മോക്ഷം വരുന്നൂ നാം"

ഗീത ൩. ൮.

"വേലതീൎക്കാത്തവൻ ലോകത്യക്തൻ, ശ്രമമൊഴികെയൊലാ
ഉപകൃത്തിൻ വിശിഷ്ടത്വം നില്ക്കുന്നതസാഹസ സംഗ്രഹേ."

കാറൽ ൩൨-൨-൦-൩-൦.

"കൃത്യം" എന്നു പറഞ്ഞാൽ, അവശ്യം ചെയ്യേണ്ടതെന്നൎത്ഥം. അതൊരു കടമാകുന്നു. ജീവിതവൃത്തിയിൽ സ്വേച്ഛായത്തത്താലും നിശ്ചിതോദ്യമത്താലും ഏറുകുന്ന ആ കടം വീട്ടേണ്ടതു്. കൃത്യം എന്നതു്, ജീവിതത്തിൽ സൎവ്വത്ര വ്യാപകമാകുന്നു. (൧) ഗാൎഹ്യമായ്, പിതൃപുത്രമിഥുനസ്വാമി-സേവക സംബന്ധിയായും, (൨) സ്നേഹിത സഹവാസി സംബന്ധിയായും, (൩) നിയോക്തൃനിയുക്തസംബന്ധിയായും (൪) ഭൎത്തൃഭൃത്യ സംബന്ധിയായും ഇങ്ങനെ വിവിധരൂപങ്ങൾ യഥായുക്തം അതിനുള്ളതാകുന്നു. അധികാരമുള്ളെടത്തൊക്കെ കൃത്യധൎമ്മവും ഉള്ളതാകുന്നു. അധികാരലബ്ധി സത്യത്തിൽ ഒരു വിശ്വാസസമൎപ്പണമാകുന്നു. നിശ്ചലമായ കൃത്യബോധം ശീലത്തിന് മകുടമാകുന്നു. അതു് ധൎമ്മാലയത്തെ ബന്ധിച്ചു് നിലനിറുത്തുന്ന ഘടനസാധനമാകുന്നു. അതില്ലാഞ്ഞാൽ, അധികാരം, ഗുണം, സത്യം, ക്ഷേമം, എന്നിവ മാത്രമല്ല, പ്രേമംപോലും നിലനില്ക്കയില്ല. ന്യായാശ്രിതമായും പ്രേമപ്രേരിതമായുമുള്ള കൃത്യധൎമ്മംതന്നേ ഗുണത്തിന്റെ ഉൽകൃഷ്ടരൂപം. അതു് ഒരു രാഗപ്രേരണ മാത്രമല്ല; മനുഷ്യന്റെ സ്വൈരേച്ഛയാലും മനഃസാക്ഷിയാലും നിശ്ചിതങ്ങളാകുന്ന പ്രവൃത്തികളിലും നടത്തയിലും വ്യാപിച്ചാവിൎഭവിക്കുന്ന ഒരു തത്വമാകുന്നു. കൃത്യം കൃതമാകുമ്പോൾ മനഃസാക്ഷി അതു് വിളിച്ചുപറയും. ആ മനഃസാക്ഷിയുടെ

നായകത്വം ഇല്ലാഞ്ഞാൽ, മഹതിയായും പ്രകൃഷ്ടയായുമുള്ള ഒരു ബുദ്ധിപോലും വഴി തെററിക്കുന്ന വെളിച്ചംപോലെയാകുന്നു. ഒരുവനെ പാദപ്രവേശനം ചെയ്യിക്കുന്നതു് മനഃസാക്ഷിയും, പാദത്തിന്മേൽ നിവൃത്തി നിറുത്തുന്നതു് ഇച്ഛയും ആകുന്നു. ഹൃദയത്തിൻേറ ധർമ്മനായകനായ മനഃസാക്ഷിയുടെ സഹായത്താൽ തന്നേ ആകുന്നു, ഉന്നതമായും വിശുദ്ധമായുമുള്ള ശീലം വിവൃദ്ധമാകേണ്ടതു്. കൃത്യം തിരഞ്ഞെടുക്കുന്നതു് ഇച്ഛയാണു്. എന്നാൽ, തിരയലിനേ തുടന്നു് പ്രവൃത്തിവന്നെങ്കിലേ അതു് സഫലമാകയുള്ളു. ബലമായ കൃത്യബോധമുള്ളവൻേറ ഇച്ഛ സധൈര്യം പ്രവൃത്തിയിൽ ഉദ്യമിക്കുന്നതിൽ അവസാനത്തിൽ തോൽവി ലഭിച്ചാലും, അതു് കൃത്യധർമ്മംനിമിത്തം വന്നതാണെന്നു് ആശ്വസിച്ചു് തൃപ്തിപ്പെടുന്നതാണു്. "തൻേറ ചുററും വളരേ ആളുകൾ വഞ്ചനയാലും ദ്രോഹത്താലും ധനികന്മാരായാലും, നീ, കൃത്യോദ്യമത്തോടു് ദരിദ്രനായിരിക്ക! അന്യർ കിഴിഞ്ഞു കിഴിഞ്ഞു പൊങ്ങിക്കൊള്ളട്ടേ; നീ, കൃത്യധർമ്മമനുഷ്ഠിച്ചു് സ്ഥാനാധികാരവിഹീനനായിരുന്നുകൊൾക! അന്യർ, പുകഴ്ത്തലിനാൽ സ്വോപാദ്ദേശ്വര്യങ്ങൾ സാധിക്കട്ടേ; നീ കൃത്യോദ്യമത്തിൽ ഹതാശയനായാലും അതു് സഹിച്ചുകൊൾക! അന്യർ ഇഴിഞ്ഞു കെഞ്ചി ലഭിക്കുന്ന വൻപൻേറ അനുകൂലഹസ്തഗ്രഹണത്തെ നീ കൊതിക്കൊല്ല." എന്നൊരു മഹാത്മാവുപദേശിച്ചിരിക്കുന്നു.

കേവലം ഒരു വാദ്ധ്യാരുടേ സ്വല്പ ആദായം (൭൦ രൂപ) കൊണ്ടുപജീവിതം കഴിച്ചു് പൂനയിൽ സേവാസദനം സ്ഥാപിച്ചു്, ഇന്ത്യാജനസമുദായാഭിവൃദ്ധിക്കായ് നിരന്തരോദ്യോഗിയായിരുന്നു് രാജ്യനീതിവിഷയത്തിൽ ഗ്ലാഡ്സ്റ്റനോടുപമേയനെന്നു് സമ്മതിക്കപ്പെട്ട ഗോഖലേയെന്നമഹാത്മാവു്, തൻേറ സാമുദായികോദ്യമങ്ങൾക്കു് ഭംഗം വരാമെന്നു

ശങ്കയാൽ, ഠരംയിട, ജോൎജ്ജ് ചക്രവൎത്തിയാൽ പ്രദാനം ചെയ്യപ്പെട്ടതും, അനേകം നാട്ടുരാജാക്കന്മാർ പോലും കൊതിക്കുന്നതുമായ കെ. സി. ഐ. ഇ. എന്ന സ്ഥാനത്തെ കൃതജ്ഞതാപൂൎവ്വം ഉപേക്ഷിച്ചതു്, മേൽ പ്രസ്താവിച്ച കൃത്യനിഷ്ഠയ്ക്കു് മഹത്തായ ഒരു ദൃഷ്ടാന്തമാകുന്നു. ഠരം ഉപേക്ഷണമോ, ചക്രവൎത്തിക്കതിനെപ്പററിയുണ്ടായ ബഹുമാനാദരാധിക്യം പ്രശംസനീയമെന്നു് സംശയം ജനിക്കുന്നു.

ജൎമ്മൻ ചക്രവൎത്തി ചാറത്സ് പഞ്ചമന്റെ ആശ്രിതനായിരുന്ന (൧൦൦)പേസ്കാറാ എന്ന ഇററാലിയൻപ്രഭു, സ്വനായകനു് വിരോധമായ കക്ഷിയിൽ ചേരുന്നതിനായി, സപ്രശ്രൂദ്രപന്മാരാൽ, രാജത്വപദാദാനത്തോടു കൂടി അപേക്ഷിതനായപ്പോൾ ആ അപേക്ഷയെ അദ്ദേഹം നിരാകരിച്ചതും, "നിങ്ങളുടെ മാനം ഓൎക്കണം; സാമ്രാജ്യത്തിനെക്കാളും രാജത്വത്തിനെക്കാളും നിങ്ങളെ ഉയൎത്തുന്നതു് മാനമാകുന്നു; അതിനാൽ മാത്രമാകുന്നു യശസ്സുണ്ടാകുന്നതു്; ആ മാനസ്വത്തിനെയാകുന്നു നിഷ്കളങ്കം നിങ്ങൾ നിങ്ങളുടെ അനന്തരന്മാൎക്കായി സംഗ്രഹിക്കേണ്ടതു്" എന്നു് അദ്ദേഹത്തിന്റെ ഭാൎയ്യ (കളോനാ) അദ്ദേഹത്തിനെ ഉപദേശിച്ചതും ഇതിലേയ്ക്കുദാഹരണങ്ങളാകുന്നു. ഗൃഹസ്ഥാനത്തിൽ ഭൎത്താവു് മരിച്ചതിന്റെ ശേഷം, ആ ഭാൎയ്യ, യൌവനസൌന്ദൎയ്യസമ്പന്നയായിരുന്നെങ്കിലും, അനേക മഹാപുരുഷന്മാരുടെ അപേക്ഷകളെ നിരാകരിച്ചു്, ഭൎത്തൃമഹത്വങ്ങളെ ഘോഷിക്കുന്ന ഏകാ-

(൧൦൦) ജൎമ്മൻ ചക്രവൎത്തി ചാറത്സ് പഞ്ചമന്റെ ആശ്രിതൻ; അദ്ദേഹത്തിനു് വിരോധിയായി വന്ന ഫ്രെഞ്ച് രാജാ ഫ്രാൻസിസ് പ്രഥമനേ പേവിയാ യുദ്ധത്തിൽ ഹാജരാക്കി, തോല്പിച്ചു മരിച്ചു.

ന്നമതിയായ് ഏകാകിത്വം പ്രാപിച്ച് മരിച്ച് മഹാ വിദ്വാന്മാരാൽ അനേക കൃതികളിൽ പ്രസിദ്ധീകൃതയായിത്തീൎന്നു.

ഊൎജ്ജിതമായ പ്രവൎത്തനംതന്നേ യഥാൎത്ഥമായ ജീവിതം. സത്യത്തിൽ ജീവിതം കരുത്തോടെ നടത്തേണ്ടതായ ഒരു യുദ്ധം തന്നേ ആകുന്നു.

"പാരായൊരീവിപുല ജീവ രണാങ്കണത്തിൽ
പോരിന്നു ജാഗരണായ് നിവസിപ്പതിങ്കൽ,
തല്ലേററു മൌനമുഴലാതെ പശുക്കളെപ്പോൽ
വെല്ലാനെതിൎത്തു പൊരുതീട്ടുക വീൎയ്യവാനായ്."
(ലാങ്ങ്ഫെല്ലൊ-ജീവിതധൎമ്മം.)

ഊൎജ്ജിതമായ് നിശ്ചയിക്കയും, ഉന്നതമായ് തുനികയും, കൃത്യപഥത്തിൽ ചലിക്കാതുദ്യമിക്കയുംതന്നേ ആകുന്നു മഹത്തുകളുടെ ലക്ഷണം. ഇച്ഛാബലം, അല്പമായാലും അനല്പമായാലും അതു് നമുക്കു സിദ്ധിച്ചിട്ടുള്ള ഒരീശ്വരാനുഗ്രഹമാകുന്നു. അതിനെ അവിനിയോഗത്താൽ ക്ഷയിപ്പിക്കയോ, ദുൎവ്വിനിയോഗത്താൽ ദുഷിപ്പിക്കയോ ചെയ്തുകൂടാത്തതാകുന്നു. ഒരുത്തൻെറ മഹത്വം നില്ക്കുന്നതു് സ്വസുഖവും കീൎത്തിയും കയററവും തേടുന്നതിലല്ല; സ്വകൃത്യം ചെയ്യുന്നതിലാകുന്നു.

"തത്തന്മൎത്ത്യൻസ്വകൃത്യത്തെശ്രദ്ധയോടാചരിക്കുകിൽ
സിദ്ധിതന്മൎത്ത്യനെല്ലാൎക്കും ലബ്ധയാമെന്നതോൎത്തുവൻ."
(ഗീത ൧൮-൪൫.)

സ്വതന്ത്രയായ സ്വേച്ഛയെ ദൃഢാഭ്യാസത്താൽ സന്മാൎഗ്ഗത്തിലേയ്ക്കു് നയിക്കുന്നവൻതന്നേ ധീരഗുണി. സ്വേച്ഛാപ്രയോഗത്താൽ മാത്രമേ, ഉദ്ദേശ്യദാൎഢ്യം സിദ്ധിക്കയുള്ളു. നിവിൻനില്ക്കുന്നതിനു് പര പ്രയത്നമല്ല, സ്വപ്രയത്നമാണു് വേണ്ടതു്. "ജീവിത നാടകത്തിൽ നമുക്കു-

ഉള്ള വേഷം തിരഞ്ഞെടുക്കുന്നതു് നാമല്ല; ലബ്ധവേഷത്തിൽ ശരിയാടുക മാത്രമാണു് നമ്മുടെ കൃത്യധർമ്മം. ഉത്തമാനുഗ്രഹമായ സ്വാതന്ത്ര്യം രാജാവിനും അടിമയ്ക്കും ഉണ്ടു്. സ്വാതന്ത്ര്യത്തിൻ്റെ മഹത്വം നോക്കുമ്പോൾ അന്യാനുഗ്രഹം ഏതും നിസ്സാരവും വ്യർത്ഥവുമാകുന്നു. ക്ഷേമം സത്യത്തിൽ നില്ക്കുന്നതു് ദേഹബലത്തിലല്ല; എന്തെന്നാൽ, (൫൧) മൈറോവിനും, (൫൨) അഫെല്ലിയസ്സിനും അതു് സിദ്ധിച്ചില്ല. ധനത്തിലും അല്ല; എന്തെന്നാൽ, (൫൩) ക്രീസസ്സിനു് അതു് ലഭിച്ചില്ല. അധികാരത്തിലും അല്ല; എന്തെന്നാൽ, റോമിലെ രാജ്യാധികാരികൾക്കു് അതുണ്ടായില്ല. ഠാം മൂന്നും ചേർന്നാൽപോലും ക്ഷേമം നല്കുകയില്ല. എന്തെന്നാൽ, (൫൪) നീറൊ,

(൫൧) ഒരു കായബലവാൻ.

(൫൨) ടി

(൫൩) ഒരു് യാവന രാജാവു്; ദിഗ്ജയി; ധനിഷ്ഠോത്തമൻ; പെർഷ്യാ രാജാവു് സൈറസ്സിനാൽ തോല്പിക്കപ്പെട്ടു് ചിതയിൽ ഏറാപ്പെട്ടപ്പോൾ, "ശുഭമായ മരണപ്രാപ്തിയാലല്ലാതെ ധനബാഹുല്യത്താൽ ക്ഷേമമുണ്ടാകയില്ലെ"ന്നു് സാളൻ ജ്ഞാനി പറഞ്ഞിട്ടുള്ളതു് ശരിയെന്നു് ബോധപ്പെട്ടു; കുബേര സമനായ്ഗണിക്കപ്പെട്ടു. വാഴ്ച ക്രി. മു. ൬-ാം ശതാബ്ദം.

(൫൪) റോമിലെ ചക്രവർത്തി; മഹാ ദുഷ്ടൻ: മാതൃഘാതകൻ; അനേകം കൊലകൾ നടത്തിയവൻ; ഒടുക്കം ജനദ്വേഷം വർദ്ധിച്ചാറെ, സ്പെയിനിൽ നിന്നും, ഗാൽബാ പട്ടാളവുംകൊണ്ടു് റോമിൽ പ്രവേശിച്ചപ്പോൾ ഒളിച്ചോടി ഒരു പാവപ്പെട്ടവൻ്റെ വീട്ടിൽപതുങ്ങി ആത്മഹത്യ ചെയ്തു. വാഴ്ച ക്രി. ശ. ൫-ൻ്റെ ആദിമുതൽ അന്ത്യഭാഗംവരെ.

(൧൦) സാർഡനാപാലൻ, (൧൧) ആഗമെമ്നൺ ഇവരെല്ലാം ദീർഘശ്വാസത്തോടേ തലമുടി ചിന്നിക്കരഞ്ഞു. ഇവരെല്ലാം അവസ്ഥാനിബദ്ധന്മാരും, ദർശനമാത്രവഞ്ചിതന്മാരുമായിപ്പോയി. സത്യത്തിൽ തനിൽ തന്നേ തന്റെ ക്ഷേമം. അതായതു്:—ഓരോ നിന്ദ്യമായ ഭയത്തെ ത്യജിച്ചോ ജയിച്ചോ സ്വതന്ത്രനായ് സമ്പൂർണ്ണാത്മഭരണം സ്ഥാപിച്ചു് തൃഷ്ണശമങ്ങളോടുകൂടി ദാരിദ്ര്യാദി മഹാദോഷങ്ങളെപ്പോലും സഹിച്ചു് സസമാധാനം ജീവിതത്തെ നയിക്കുക" എന്നു പറഞ്ഞു് എപിക്ക്റ്ററിട്ടസ് പ്രശംസിച്ച ആത്മഭരണത്തെത്തന്നെ ആകുന്നു ഭഗവദ്ഗീതയിലും വർണ്ണിക്കപ്പെടുന്നതു്.

"തന്നെത്താൻ താനിഴിക്കൊല്ലാ,
തന്നെത്താൻ താനുയർത്തണം;
തനിക്കു ബന്ധുതാൻ തന്നേ,
താനത്രേ തന്റെ ശത്രുവും"

"തന്നാൽ താൻ ജിതനാകുമ്പോൾ
തന്നേ താൻ തന്റെ ബന്ധുവാം
തന്നെ ത്താനൊട്ടടക്കാഞ്ഞാൽ,
പിന്നെത്താൻ തന്റെ ശത്രുവാം"

ഭഗവൽഗീത ൬-ാം അദ്ധ്യായം ൫-൬-ം ശ്ലോകങ്ങൾ.

---

(൧൦) പുരാതന നിനീവയിലെ രാജാവു്; ധൂർത്തനായ ആഡംബരവാൻ.

(൧൧) ബലിഷ്ഠനായ യവന രാജാ; തൽസഹോദരപത്നി ഹെലൻ ട്രായ്ക്കാരൻ പാരിസ് അപഹരിച്ചതിനായ് ട്രായ് നിരോധിച്ചു് ജയം പ്രാപിച്ചതാണ് ഇലിയഡ് എന്ന കവിതയിൽ ഹോമർ ഘോഷിച്ചിട്ടുള്ളതു്.

ധീരന്മാൎക്കു് കൃത്യബോധം ഒരു പ്രവൎത്തകശക്തിയാകുന്നു. വാഷിങ്ടന്റെ ജീവിതത്തിൽ അതു തന്നെ മുഖ്യപ്രേരകമായിരുന്നതു്. അദ്ദേഹം അപായഭയം കൂടാതെ അഭേദ്യമായ ഉത്സാഹത്തോടു് സ്വകൃത്യം നടത്തിവന്നു. അതിലേയ്ക്കു് അദ്ദേഹത്തിനെ പ്രേരിപ്പിച്ചതു്, ജനസമ്മതിക്കും കീൎത്തിക്കുമുള്ള ആഗ്രഹമല്ല; പിന്നെ, കൃത്യം, കൎത്തവ്യധൎമ്മമാകുന്നെന്നുള്ള ഒരവസ്ഥ മാത്രമാണു്. അദ്ദേഹത്തിനു് അഭിമാനം തീരെയില്ലായിരുന്നു. അമേരിക്കയിലെ പ്രജാസൈന്യത്തിന്റെ നായകത്വം വളരെ ഞെരുക്കത്തിന്മേലാണു് അദ്ദേഹം സ്വീകരിച്ചതു്. പിന്നീടു് ഏകീകൃതരാജ്യാദ്ധ്യക്ഷനായാറേ, ഇംഗ്ലണ്ടിനോടു് ചെയ്യാനുദ്ദേശിച്ച ജനാഭിപ്രായവിരുദ്ധമായ ഒരുടമ്പടി, ന്യായമാണെന്നു് ബോധപ്പെടുകയാൽ, വളരെ ആക്ഷേപങ്ങളും ദേഹപീഡകൾപോലും ലക്ഷ്യമാക്കാതെ അതിനെ നടത്തീട്ടു്, തടുത്തവരോടു് താഴെ പ്രസ്താവിക്കുന്ന മറുപടി പറഞ്ഞു. "എന്റെ നാട്ടുകാർ എന്റെ നേൎക്കു് കാണിച്ചിരിക്കുന്ന അനുമോദനങ്ങൾക്കു് ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. എന്നാൽ, ഞാൻ എന്റെ മനഃസാക്ഷിയെ അനുസരിക്കുന്നെങ്കിൽ മാത്രമേ അതുകൾക്കു് പാത്രീഭവിക്കയുള്ളൂ." ൟ നില തന്നെയാകുന്നു ഭൎത്തൃഹരിയുടെ നീതിശതകത്തിൽ ഘോഷിക്കപ്പെട്ടിരിക്കുന്നതു്.

"നിന്ദിച്ചിടട്ടെ നയബോധി, പഴിച്ചിടട്ടേ,
വന്നാൎന്നിടട്ടെ ധനദേവി ഗമിച്ചിടട്ടേ,
ഇന്നോ വരട്ടെ മൃതി, യന്യയുഗത്തിലോ വാൻ,
തൻന്യായ്യമായവഴിവിട്ടിളകില്ല നീതൻ.

(ഭൎത്തൃഹരി. നീതി. ൮൪)

വാഷിങ്ടനെപ്പോലേ, വെല്ലിങ്ങ്ടനും കൃത്യധർമ്മോപാസകനായിരുന്നു. "നമ്മുടെ ജീവിതത്തിൽ സ്പൃഹണീയമായതു് സത്യത്തിൽ ഒന്നുമാത്രം. അതായതു്, നാം എല്ലാവരും തുനിഞ്ഞിറങ്ങിഅവനവന്റെ കൃത്യധർമ്മം നടത്തുക." എന്നാദ്ദേഹം ഒരിക്കൽ പറഞ്ഞു. ആജ്ഞാനുസരണത്തിനെ അദ്ദേഹം മഹത്തായ ഒരു ധർമ്മമായ് ഗണിച്ചിരുന്നു. എന്തെന്നാൽ, ഭക്തിപൂർവ്വം അനുസരിക്കുന്നവൻ തന്നേ ബുദ്ധിപൂർവ്വം ഭരിക്കും. അദ്ദേഹം പോർട്ടുഗലിൽ നിന്നും അവിടേ ആക്രമിച്ച ശത്രുക്കളേ തുരത്താൻ യുദ്ധത്തിനായ് പോയിരുന്നപ്പോൾ അവിടെക്കണ്ട ജനാവസ്ഥയെപ്പററി, ഇപ്രകാരം പറഞ്ഞു:—"ഇവിടത്തുകാർ ആഘോഷങ്ങളും, ജയോത്സവങ്ങളും മംഗളഗാനങ്ങളും, ദീപക്കാഴ്ചകളും മററും വളരേ നടത്തുന്നു. എന്നാൽ, ആജ്ഞാനുസരണം ഓരോരുത്തൻ അവനവന്റെ കൃത്യധമ്മം നടത്തുക ഒന്നുതന്നേ ഇവയെക്കാൾ ആവശ്യമായുള്ളതു്."

* ട്രഫാൽ ഗാറിൽ, ഫ്രഞ്ചുകപ്പലുകളോടു് യുദ്ധം ആരംഭിച്ചതിൻമുമ്പേ (൧൨) നെൽസൺ താഴെപ്പറയുന്ന

---

* സ്പെയിനിന്റെ തെക്കുഭാഗത്തു് ജിബ്രാൾടർ കടലിടുക്കിനടുത്തുള്ള ഒരു രാജ്യം.

(൧൨) പ്രസിദ്ധനായ ആംഗ്ലേയ നൌനായകൻ; അസാമാന്യധീരൻ; മഹാമേധാവിയായ വിധാരകൻ; "നൈയിൻ" യുദ്ധത്തിൽവച്ചു് ഇംഗ്ലണ്ടിന്റെ നാവികമഹത്വം സ്ഥാപനം ചെയ്തവൻ; സർവ്വമഹോദധികളിലും സഞ്ചരിച്ചു് ചെയ്ത യുദ്ധങ്ങളിൽ ഒന്നിൽ ഒരു കണ്ണും മറെറാന്നിൽ ഒരു കൈയും നഷ്ടപ്പെടുകയും ഒടുവിൽ ട്രഫാൽഗാർ യുദ്ധത്തിൽ വിജയശ്രീ പൂർവ്വം മരിക്കയും ചെയ്തു. നെപ്പോളിയൻ ഇംഗ്ലണ്ടിനെ ആക്രമിക്കാൻ നിശ്ചയിച്ചതു് ഇദ്ദേഹത്തിന്റെ

വാചകത്തോട് കൊടി കാണിച്ചു:— "ഓരോരുത്തനും സ്വകൃത്യം നടത്തുമെന്ന് ഇംഗ്ലണ്ട് വിശ്വസിച്ചിരിക്കുന്നു." ശത്രുവിന്റെ വെടിയുണ്ടയേററ് പ്രസന്നവിജയശ്രീയുടേ മടിയിൽ കിടന്ന് മരിച്ചപ്പോൾ ഒടുക്കം ഇങ്ങനെ പറഞ്ഞു:— "ഞാനെന്റെ കൃത്യംചെയ്തു; ദൈവം സ്തുതനാകട്ടേ." അദ്ദേഹത്തിന്റെ സഹചരനും സ്നേഹിതനുമായ(൧൨൨)കാളിങ്വുഡ് ഒരുയുവാവിനോടുപദേശിച്ചതാവിതു്:—"അശ്രാന്തമായും അഭേദമായും സ്വകൃത്യത്തിൽ മനസ്സുവയ്ക്കുക; മേലധികാരികളോടും മററുള്ളവരോടും, സൌജന്യ ബഹുമാനപൂർവ്വം ചിരിക്കുക; ഇങ്ങനെ നടന്നാൽ നീ അവരുടെ ആദരം സമ്പാദിച്ച്, നിശ്ചയമായ് സ്വസമ്മാനത്തിനർഹനാകും; അതൃപ്തിവഹിക്കൊല്ലാ; അതു് നിന്റെ സ്നേഹിതർക്ക് ദുഃഖപ്രദവും, എതിരാളികൾക്ക് ജയപ്രദവും ആകുന്നതും സത്യത്തിൽ ഗുണപ്രദമല്ലാത്തതുമത്രേ. ഉൽകൃഷ്ടലഭ്യസിദ്ധിക്കർഹനാവാൻ ശ്രമിക്ക." കൃത്യധർമ്മം നടത്തുന്നതിൽ ത്യാഗം വേണ്ടതായ് വരും; അതു് ചിലപ്പോൾ ജീവത്യാഗമായ് ത്തന്നേയിരിക്കാം. ബർക്കൻ ഹെഡ് എന്ന കപ്പൽ സമുദ്രമദ്ധ്യത്തിൽ മുങ്ങാറായപ്പോൾ, സ്ത്രീശിശുക്കളെ വള്ളങ്ങളിൽ കുഴപ്പം കൂടാതെ കയററി രക്ഷപ്പെടുത്തുന്നതിനായ്, അതിലുള്ള ഉദ്യോഗസ്ഥന്മാരും ഭടന്മാരും കവാത്തു് മുറയ്ക്കുനിന്ന് കൃത്യം നടത്തി അണിവെടിവച്ചു മുങ്ങിമരിച്ചു. ചിലപ്പോൾ ജീവത്യാഗത്തിനിടവന്നില്ലെങ്കിലും വളരേകഷ്ടതകൾ അനുഭവിക്കേണ്ടതായി

---

വിശ്രുതസാമർത്ഥ്യത്താൽ സ്വസ്ഥമായിപ്പോയി. വാഴ്ച ക്രി. ശ. ൧൭-ന്റേ മദ്ധ്യം മുതൽ ൧൮-ന്റേ ആദിവരേ.

(൧൨൨) ട്രഫാൽഗാർ യുദ്ധത്തിൽ നെൽസന്റെ സഹചരനായ് വിജയം പ്രാപിച്ച ഒരു ധീരനായ ആംഗ്ലേയ നൌനായകൻ.

വരാം. ഇന്ത്യാജനസമുദായത്തിന്റെ അവകാശമാനരക്ഷ-യ്ക്കായ് ആത്മാസ്വജനങ്ങളോടും കൂടി വീണ്ടും വീണ്ടും ബന്ധനത്തിലകപ്പെട്ടും പട്ടിണികിടന്നും രോഗപീഡകൾ സഹിച്ചും, തെക്കെ ആഫ്രിക്കയിൽ ബഹുകാലപ്രയത്നം ചെയ്തു് ഇപ്പോൾ വിജയം പ്രാപിച്ചിരിക്കുന്ന മിസ്റ്റർ ഗന്ധി-യും കൃത്യാത്ഥമായ ത്യാഗത്തിനു് ഒരു മഹാ ദൃഷ്ടാന്തമാകുന്നു. പരന്തിരീസുകാരനായ(൧൧൩) സേണ്ട് പീയർ എന്നപാതിരി സവ്വസാമാന്യസമാധാനത്തിനും, സാധുക്കളുടേ കരകൌശ-ലാഭ്യസനത്തിനും വളരേക്കാലം ശ്രമിച്ചു് തന്റെ സ്വല്പമായ ആദായം മുഴുവൻ അതിലേയ്ക്കായ് വ്യയം ചെയ്ത ഒരു മഹാ-ത്മാവായിരുന്നു. അദ്ദേഹത്തിന്റെ മരണസമയം "ഇപ്പോൾ എങ്ങനെ ഇരിക്കുന്നു" എന്നു് വാൾടെയർ ചോദിച്ചതിനു് "നാട്ടിൻപുറത്തേയ്ക്കു് ഒരു വഴിയാത്ര പോകുന്നതുപോലെ ഇരിക്കുന്നു" എന്നുത്തരം പറഞ്ഞു. അദ്ദേഹത്തിന്റെ ജീവിതകാലത്തിൽരാജ്യാധികാരികളുടേ ആനുകൂല്യം അധി-കം സിദ്ധിച്ചിരുന്നില്ലെങ്കിലും, മരണാനന്തരം ൩൨ വഷം കഴിഞ്ഞതിന്റേ ശേഷം "മഹാപ്രേമി" എന്ന മുദ്ര അദ്ദേ-ഹത്തിന്റെ സ്മാരകമായ് പതിക്കപ്പെട്ടു.

ഠരം ൧-ാംഭാഗത്തിൽ ചേത്ത സത്യം എന്നവിഷയത്തേക്കു-റിച്ചു് (൧൧൪) ലാർഡ് ചെസ്റ്റർഫീൽഡ്, പറയുന്നതാവി-തു്:—"ഒരു യോഗ്യനു് വിജയമുണ്ടാക്കുന്നതു് സത്യമാകുന്നു."

---

(൧൧൩) ഒരു പരന്തിരീസ് വൈദികൻ; വിശാലമന-സ്കൻ; ഗ്രന്ഥകത്താ. വാഴ്ച ക്രി. ശ. ൧൭-ന്റേ മദ്ധ്യം മുതൽ ൧൮-ന്റേ ആദി വരേ.

(൧൧൪) ആംഗ്ലേയ രാജ്യനീതിജ്ഞൻ; പ്രസിദ്ധ സൌ-ജന്യവാൻ; രാജ്യദൂതനായ് പലടത്തും അയയ്ക്കപ്പെട്ടതു് ക്രി-

സാരാംശത്തിൽ ൧ൗ അഭിപ്രായം തന്നേ കുറളിൽ പറ-
ഞ്ഞിരിക്കുന്നു.

"നേരുനേരെന്നു നില്ക്കുന്നോ നന്യധൎമ്മങ്ങളെന്തിനു്?"
"നീരിനാൽ ശുദ്ധമാം ദേഹം, നേരിനാൽ ശുദ്ധമാം മനം"
(കുറൾ ൩൦-൪-൦-വ-൦)

നാക്കിനാൽ അസത്യം പറയാതെ, പ്രവൃത്തിയാൽ അന്യഥാഗ്രഹണത്തിനിട വരുത്തുന്നതും, അസത്യം പറയുന്നതിനു് ശരിതന്നേ. വെല്ലിങ്ടനു് ബധിരതാബാധയുണ്ടായി, ഒരു പ്രസിദ്ധനായ കണ്ണുചികിത്സകനെ കാണിച്ചപ്പോൾ അയാൾ ഒരു ദാഹകദ്രവ്യം ചെവിയിൽ ഒഴിക്കയാലുണ്ടായ വേദന അദ്ദേഹം സഹജശാന്തിയോടു് സഹിച്ചു. അനന്തരം, കുടുംബവൈദ്യൻ അദ്ദേഹത്തിനെ, കവിളുംകണ്ണും വളരേ ചുമന്നും സ്വൈരസഞ്ചാരശക്തിയില്ലാതെയും, കണ്ടു് ചെവി പരിശോധിച്ചപ്പോൾ അകത്തു് അപായം വരത്തക്ക കഠിനമായ വേവു് തുടങ്ങീട്ടുള്ളതായിക്കണ്ടു് ഉപശാന്തിചെയ്തു. കണ്ണുചികിത്സകൻ, പിന്നീടുവന്നു് വളരേ വ്യസനിച്ചു്, സംഗതി വെളിപ്പെട്ടാൽ തനിക്കു് മഹത്തായ കീൎത്തിദോഷം വന്നേക്കാമെന്നു് പറഞ്ഞപ്പോൾ, "നിങ്ങൾ, നല്ല വിചാരത്തോടെ ആണല്ലോ പ്രവൃത്തിച്ചതു്; ഇനി അതിനെ കുറിച്ചാരോടും ഒന്നും പറയാതിരുന്നുകൊള്ളുക; ഞാൻ, ആരോടും ഒരക്ഷരം പോലും പറയുന്നതല്ല." എന്നു് വെല്ലിങ്ടൺ പറഞ്ഞു. "അങ്ങനെ ആണെങ്കിൽ ജനങ്ങൾക്കു് ശങ്ക

---

ടാതെ, അയർലണ്ടിൽ വൈസറായിആയു് നിയമിക്കപ്പെട്ടു; ഇദ്ദേഹം ഉപദേഷ്ടാവായു് സ്വപുത്രനയച്ച ലേഖനങ്ങൾ പ്രസിദ്ധങ്ങളാണു്. വാഴ്ച ക്രി. ശ. ൧൮-ൻേറ ആദി മുതൽ അന്ത്യഭാഗം വരേ.

ജനിക്കാതിരിക്കാൻ, അങ്ങുന്ന് എന്നെ പതിവുപോലെ ചികത്സയ്ക്കു് വരുന്നതിനനുവദിക്കണം" എന്ന് ചികിത്സ- കൻ അപേക്ഷിച്ചപ്പോൾ, അദ്ദേഹം ദയാപൂർവ്വമെങ്കിലും നിസ്സംശയം ഇങ്ങനെ പറഞ്ഞു. "അതു് ചെയ്യരുത്; എന്തെന്നാൽ,അതൊരു കളവുപറയുന്നതുപോലെയാകുന്നു"

സത്യം, ജനസമുദായത്തെ കെട്ടി നിലനിറുത്തുന്ന ഒരു ബന്ധം ആകുന്നു. അതില്ലാഞ്ഞാൽ ആ സമുദായത്തിൽ, അംഗങ്ങൾക്ക് സമവായിത്വമില്ലാതായി, ഭിന്നിപ്പും കുഴക്കം വ്യാപിച്ച് അതു് നശിച്ചുപോകുന്നതാണ്. ഒരു ഗൃഹം പോലെ തന്നേ, ഒരു ജനസമുദായവും അസത്യത്തിനാൽ ഭരിക്കപ്പെടാവുന്നതല്ല.

ചിലപ്പോൾ ദൗർഗുണ്യവും ചിലപ്പോൾ ഭീരുത്വവും തന്നേ അസത്യത്തിനു കാരണമാകുന്നതു്. അസത്യത്തിന് ബഹു രൂപങ്ങളുണ്ടു്. ചിലപ്പോൾ അപനയമായും, ചിലപ്പോൾ ഉചിതത്ത്വമായും, ചിലപ്പോൾ ഗോപനമായും,ചിലപ്പോൾ ഭയവാദിത്വമായും, ചിലപ്പോൾ വക്രോക്തിയായും അതു് കാണപ്പെടും. അന്യഥാ ഗ്രഹണം ജനിപ്പിക്കുക തന്നെയാ- കുന്നു ഇപ്പറഞ്ഞവയെല്ലാം ഉദ്ദേശം. പ്രത്യക്ഷമായ് കള്ളം പറയുന്നതു്, ഇതുകളേക്കാൾ വലുതായ ദൌഷ്ട്യം തന്നെ യെങ്കിലും ഇവയോളം നിന്ദ്യമല്ല. ഒന്നുപറഞ്ഞു് മറ്റൊന്ന് ചെയ്യുന്നവരായ "ദ്വിവക്ത്രന്മാർ" എന്നു വേഷംതന്നേ കെട്ടിയാലും ഒടുക്കം നേർ വെളിപ്പെട്ടുപോകും. അന്യരേ ചതിക്കാനുദ്ദേശിക്കുന്ന ഇവർ സത്യത്തിൽ തങ്ങളേ ചതിക്കു- കയത്രേ ചെയ്യുന്നതു്. വാസ്തവത്തിൽ അത്ഭുതാഹ്ലത്തുക്കളായ ഇവർ നിഷ്പ്രയോജകന്മാരായും, പക്ഷേ വഞ്ചകമുദ്ര പതിഞ്ഞ നിന്ദ്യന്മാരായും തീരുന്നു.

"ശീലം" എന്ന വിഷയത്തെ ഇപ്രകാരം യഥാവകാശം വിസ്തരിച്ചു തീൎന്നിരിക്കയാൽ, ഇനി, എന്റെ അപേക്ഷയാൽ വാത്സല്യപൂൎവ്വം, (⁂) കേരളീയ ഗുരുനാഥൻ "ഉന്നതജീവിത"ത്തെക്കുറിച്ചുണ്ടാക്കീട്ടുള്ള ഒരു ഭാഷാന്തരത്തോടെ നമസ്കാരപൂൎവ്വം, ഈ പ്രബന്ധത്തെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

"ഉയൎന്നവാഴ്ചക്കു കൊതിച്ചിടുന്നവൻ
തിരിഞ്ഞുനോക്കൊല്ല കഴിഞ്ഞതൊന്നിലും;
കുറച്ചതിൽ താനിടിവേറുപോകിലും
പുനൎജ്ജനസ്സാൎന്നവിധം ചരിക്കണം.
അതാതുനാൾ വേണ്ടതുനാം തിരക്കിയാ-
ലതാതുകൎത്തവ്യമതാത്തു കാട്ടിടും
പറന്നുചെയ്യും പുകൾതീൎത്തു നല്കണം
തനിക്കെഴും യോഗ്യത കൂട്ടിയോതൊലാ.
പകയ്ക്കൊലാ തൻ സമസൃഷ്ടമൎത്ത്യനെ
സ്സ്വഭാവിയപ്പിക്കണമീശ്വരങ്കലായ്."

---

(⁂) ഗെത്തേ മഹാകവിയുടെ ഒരു പദ്യം, മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ അവൎകളാൽ ഭാഷാന്തരീകരിക്കപ്പെട്ടതു്.

# ശുദ്ധിപത്രം.

| അബദ്ധം | സുബദ്ധം | വശം | വരി |
|---|---|---|---|
| പ്രയത്നങ്ങളും | പ്രയത്നവും | ൩ | ൧൦ |
| സ്വന്തമായി | സ്വയമായി | ൬ | ൧൨ |
| തുക്കികൾ | തുല്യകർ | ൧൧ | ൧൫ |
| ജ്ഞാത | ജ്ഞൃത | ൧൨ | ൧൬ |
| ദേഹബഹുലത്വ | ദേവബഹുലത്വ | ൧൨ | ൨൧ |
| സ്വരൂപത്തിൽ | സ്വരൂപങ്ങളിൽ | ൧൩ | ൮ |
| ആണെന്നു് | ആണെന്ന | ൧൩ | ൧൦ |
| ജനസമുദായത്തിന്റെനീതി | ജനസമുദായത്തിന്റെ ആധാരംനീതി | ൧൩ | ൨൦ |
| വിശ്വസിച്ചുപോന്നു. | വിശ്വാസമുണ്ടായ്, | ൧൪ | ൧൨ |
| പരസേവനവും | പരോപകാരവും | ൧൫ | ൬ |
| പൂർവ്വാചാരവർഗ്ഗത്തിൽ | പൂർവ്വാചാര്യവർഗ്ഗത്തിൽ | ൧൫ | ൧൭ |
| ഗൃഹണിയ്ക്കു് | ഗൃഹിണിയ്ക്കു് | ൨൨ | ൨ |
| ,, | ,, | ൨൨ | ൬ |
| ഒരോ | ഓരോ | ൨൨ | ൭ |
| സ്വശക്തികളായി | സ്വശക്തകളായി | ൨൨ | ൧൯ |
| ബലമുള്ളവളായിത്തീരും | ബലമുള്ളവരായ്തീരും | ൨൨ | ൧൭ |
| ക്കാമാത്ഥ | ക്കാമ്യാത്ഥ | ൨൩ | ൯ |
| അവഹിതാഭ്യാസം | അവിഹിതാഭ്യാസം | ൨൪ | ൨൧ |
| ബുദ്ധ്യൂജ്ജിതം | ബുദ്ധ്യൂർജ്ജിതം | ൨൪ | ൨൩ |
| ജയിച്ചകഥകേട്ടു് | ജയിച്ചകഥ | ൨൫ | ൩ |
| ഒരോരുത്തനും | ഓരോരുത്തനും | ൩൩ | ൪ |
| ബട്ടൺ | ബട്ടൺ | ൩൪ | ൧൩ |
| അസാദ്ധ്യമെന്നൊന്നു | അസാദ്ധ്യമൊന്നു | ൩൮ | ൭ |

# ശുദ്ധിപത്രം.

| അബദ്ധം | സുബദ്ധം | വശം | വരി |
|---|---|---|---|
| പ്രവൃത്തിതാം | പ്രവൃത്താതാം | ൩ന്ന | ൰൨ |
| നെപ്ളിനിയും | പ്ളിനയും | ൩൭ | ൫ |
| ജീവിതത്താവും | ജീവിതാവും | ൩൭ | ൭ |
| പോലുള്ള | പോലുമുള്ള | ൪൨ | ൰൦ |
| ഗുരുത്താധമ്മത്തെ | ഗുരുതാധമ്മത്തെ | ൪൫ | ൯ |
| മരുപടിപറഞ്ഞ | മറുപടിപറഞ്ഞു. | ൪൭ | ൰൪-൰൫ |
| വിദ്ദ്വഷൻ | വിദ്വാൻ | ൪൭ | ൨൩ |
| ൨൩ വഷത്തിന് | ൩ വഷത്തിന് | ൫൰ | ൰൭ |
| വത്ത | പത്ത | ൫൩ | ൨൭ |
| വേഗവികാരങ്ങൾക്കു- | വേഗവികാരങ്ങൾ | | |
| ധീനനായിപ്പോകുന്ന | ക്കധീനനായ്പോകുന്ന | ൫ന്ന | ൰൭ |
| നമുക്ക് നമ്മുടെ | തന്റെ | ൫൭ | ൭ |
| യതകാമനയാൽ | യതകാമനായാൽ | ന്നർ | ൰൦ |
| എനിക്കപേക്ഷി- | എനിക്കപേക്ഷി- | | |
| തങ്ങളല്ലാതെ | തങ്ങളല്ലാതെ | ന്നർ | ൰൪ |
| കാങ്ങ | കാണ്ട് | ന്ന൫ | ൰൦ |
| ശരിയാട്ടുക | ശരിയായാട്ടുക | ൬൦ | ൨ |
| തൻന്യാള്ളമായവഴിവി | തൻന്യായമായനിലവി- | | |
| ട്ടിളകില്ലനീതൻ | ട്ടിളകില്ലധീരൻ | ൬൨ | ൨൫ |
| വിധാരകൻ; | വിധാനകൻ; | ൬൩ | ൨൰ |
| നൈയിൻ | നയിൽ | ൬൩ | ൨൰-൨൨ |
| സ്വാസ്ഥമായിപ്പോയി | ധ്വാസ്തമായിപ്പോയി | ൬൪ | ൨൩ |
| പറന്നചെയ്യുംപുകൾതീൎത്തു | പരന്നചെല്ലും പുകഴ്തീൎത്തു | ൭൭ | ൰൩ |

[illegible]